# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/MI/ 624/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/05/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

സർ,

വിഷയം : ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: KSA/TVM/MI/ 624/2023 തീയ്യതി: 23/05/2023

## തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 82 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 46 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 10-04-2023 | 24-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-04-2023 | 24-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ലിഷ.കെ.വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അൻവർരാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശാലിനി.വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി മിനിമോൾ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.എസ്.കുമാരി | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ.വിശ്വനാഥൻ.എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിനി.പി | മുനിസിപ്പൽ എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി താജുനിസ ബീവി.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി രെജി.വി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.വി.ബി.വിജയകുമാർ | മെഡിക്കൽ ഓഫീസർ,സിദ്ധ | 01-04-2021 | 31-03-2022 |
| ഡോ.പ്രീത.എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2021 | 31-03-2022 |
| ഡോ.വീനീത.ആർ.പുഷ്ക്കരൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 17-08-2021 |
| ഡോ.സരളകുമാരി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 18-08-2021 | 31-03-2022 |
| ശ്രീ.ബി.അജയകുമാർ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.സഞ്ചു.വി.എ | സീനിയർ വെറ്റിനറി സർജ്ജൻ | 01-04-2021 | 02-08-2021 |
| ഡോ.സക്കറിയ സെബാസ്റ്റ്യൻ | സീനിയർ വെറ്റിനറി സർജ്ജൻ | 02-08-2021 | 31-03-2022 |
| ശ്രീമതി ഗംഗാദേവി.ആർ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 01-07-2021 |
| ശ്രീ.അനിൽകുമാർ.കെ | ഹെഡ്മാസ്റ്റർ | 16-07-2021 | 31-03-2022 |
| ശ്രീ.പ്രഭ.V.L | അഗ്രി.ഫീൽഡ് ഓഫീസർ | 01-04-2021 | 01-12-2021 |
| ശ്രീ.പ്രമോദ് | അഗ്രി.ഫീൽഡ് ഓഫീസർ | 02-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ. ജസ്റ്റിൻ ജോസ്. എസ്.ജെ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2021 | 31-03-2022 |
| ശ്രീ.കമൽ.ഡി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 30-05-2021 |
| ശ്രീ.സ്റ്റാൻലി.ജി.എസ് | വ്യവസായ വികസന ഓഫീസർ | 31-05-2021 | 15-07-2021 |
| ശ്രീമതി ജുംലത്ത്.എ | വ്യവസായ വികസന ഓഫീസർ | 16-07-2021 | 29-07-2021 |
| ശ്രീ.ടോണി.റ്റി | വ്യവസായ വികസന ഓഫീസർ | 30-07-2021 | 31-03-2022 |
| ശ്രീ.സന്തോഷ് ശിവാനന്ദൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 18-02-2022 |
| ശ്രീമതി സുകന്യ.എൻ.എസ് | പട്ടികജാതി വികസന ഓഫീസർ | 19-02-2022 | 31-03-2022 |
| ശ്രീ. സോൺസുന്ദർ | പ്രോജക്റ്റ് ഓഫീസർ | 01-04-2021 | 16-03-2022 |
| ശ്രീ. മനോജ് | പ്രോജക്റ്റ് ഓഫീസർ | 17-03-2022 | 31-03-2022 |
| ശ്രീ. ജയകുമാർ | ക്ഷീരവികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. നീത സൂസൻ ഡേവിഡ് | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് അപാകങ്ങൾ | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യപത്രിക -അപാകതകൾ | 1-2-1 |
| 5 | വാർഷിക ധനകാര്യ പത്രിക – റീക്കൺസിലിയേഷൻ- കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-2-2 |
| 6 | കോവിഡ് പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക ബാങ്കിലേക്ക് മാറ്റി നിക്ഷേപിച്ചു. | 1-2-3 |
| 7 | ഗ്രാന്റ് വിനിയോഗം | 1-3 |
| 8 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- മേഖലാടിസ്ഥാനത്തിൽ. | 1-3-1 |
| 9 | പദ്ധതി അവലോകനം | 1-4 |
| 10 | ക്ഷേമപദ്ധതികൾ | 1-5 |
| 11 | മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ നല്കുന്നു | 1-5-1 |
| 12 | പണം നീക്കിയിരിപ്പ് പരിശോധന | 1-6 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 14 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-8 |
| 15 | തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ | 1-8-1 |
| 16 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - പൊതുവായ അപാകതകൾ | 1-8-2 |
| 17 | അയങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - രജിസ്റ്റർ പരിപാലനം | 1-8-3 |
| 18 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-9 |
| 19 | ലേലം : കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 1-10 |
| 20 | വാടക പിരിച്ചെടുക്കുന്നതിൽ കുറവ് | 1-11 |
| 21 | വാടക ഇനത്തിലെ വരവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല | 1-11-1 |
| 22 | രസീത് ബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ | 1-12 |
| 23 | ലൈസൻസ് അപാകതകൾ | 1-13 |
| 24 | ലൈസൻസ് രജിസ്റ്ററുകളുടെ പരിശോധന | 1-13-1 |
| 25 | ലൈസൻസ് അപേക്ഷകളുടെ പരിശോധന | 1-13-2 |
| 26 | റേഷൻ ഡിപ്പോകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല | 1-13-3 |
| 27 | ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-13-4 |

| | | |
|---|---|---|
| 28 | ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല | 1-13-5 |
| 29 | പ്രൈവറ്റ് മാർക്കറ്റ് ലൈസൻസ് - ഫീസ് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-13-6 |
| 30 | മാമം നാളികേര കോംപ്ലക്സ് - ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-13-7 |
| 31 | കെസിആർ ലൈസൻസ് - രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-13-8 |
| 32 | വസ്തുനികുതി- അപാകതകൾ | 1-14 |
| 33 | സഞ്ചയയിൽ ഡിമാന്റില്ലാതെ തുക കളക്ട് ചെയ്തിരിക്കുന്നു | 1-14-1 |
| 34 | പാർപ്പിടാവശ്യത്തിന് സഞ്ചയയിൽ ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിൽ വാണിജ്യാവശ്യത്തിന് ലൈസൻസ് | 1-14-2 |
| 35 | 200 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് തെറ്റായ നികുതി നിർണ്ണയം നടത്തി | 1-14-3 |
| 36 | പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നു. | 1-14-4 |
| 37 | സഞ്ചയയിൽ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-14-5 |
| 38 | അനധികൃതകെട്ടിട നിർമ്മാണം-രജിസ്റ്റർ പരിപാലിച്ചിട്ടില്ല | 1-14-6 |
| 39 | അനധികൃതകെട്ടിട നിർമ്മാണം- ഫയൽ ലഭ്യമാക്കിയില്ല | 1-14-7 |
| 40 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-14-8 |
| 41 | വിനോദ നികുതി, പരസ്യനികുതി -രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-15 |
| 42 | തൊഴിൽ നികുതി- അപാകതകൾ | 1-16 |
| 43 | വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല | 1-17 |
| 44 | പാരാമെഡിക്കൽ/സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷൻ - അപാകതകൾ | 1-18 |
| 45 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച പരിശോധന | 1-19 |
| 46 | കെട്ടിടനിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ | 1-20 |
| 47 | ക്രിമിറ്റോറിയം പ്രവർത്തനം സംബന്ധിച്ച് | 1-21 |
| 48 | വീട് വാസയോഗ്യമാക്കൽ അപാകങ്ങൾ | 1-22 |
| 49 | പാലിയേറ്റീവ് പരിചരണം - മാർഗ്ഗരേഖ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-23 |
| 50 | ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല | 1-24 |
| 51 | കണ്ടിജന്റ് ജീവനക്കാർ GIS, SLI എന്നിവയിൽ അംഗത്വം എടുത്തിട്ടില്ല | 1-25 |
| 52 | പർച്ചേസിംഗ് കമ്മിറ്റി പ്രവർത്തനം ഫലപ്രദമല്ല. | 1-26 |
| 53 | ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-27 |
| 54 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും | 1-28 |

| | | |
|---|---|---|
| | തയ്യാറാക്കിയിട്ടില്ല. | |
| 55 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-29 |
| 56 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി-മോണിറ്ററിംഗ് ഫലപ്രദമല്ല. | 1-30 |
| 57 | ആസ്തി പരിപാലനം അപാകതകൾ | 1-31 |
| 58 | ആട്ടുവളർത്തൽ(എസ്.സി.പി) പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-32 |
| 59 | ആട് വളർത്തൽ(ജനറൽ) അപാകതകൾ | 1-33 |
| 60 | കാലിത്തൊഴുത്ത് നവീകരണം(ജനറൽ)- വാല്യുവേഷനേക്കാൾ അധിക തുക നൽകി | 1-34 |
| 61 | ടൗൺ ഹാൾ ഇലക്ട്രിഫിക്കേഷനായി കെ എസ് ഇ ബിക്ക് തുക നൽകി, നാളിതു വരെയായിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-35 |
| 62 | ടൌൺ ഹാൾ നവീകരണം - പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചില്ല | 1-36 |
| 63 | വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ മാലിന്യ സംസ്കരണ കേന്ദ്രം - നിർമ്മാണം പൂർത്തിയായില്ല | 1-37 |
| 64 | വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ -എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചോ എന്ന് ഉറപ്പു വരുത്താനുള്ള രേഖയോ ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചത് സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ചതിന്റെയോ വിവരം ലഭ്യമല്ല | 1-38 |
| 65 | വാഹനങ്ങളുടെ പരിപാലനം - ലോഗ് ബുക്ക് പരിശോധന | 1-39 |
| 66 | നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല | 1-40 |
| 67 | മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല | 1-41 |
| 68 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം | 1-42 |
| 69 | ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് | 1-43 |
| 70 | ഹരിതമിത്രം മൊബൈൽ ആപ് - തുടർ പ്രവർത്തനം റിപ്പോർട്ട് ചെയ്തിട്ടില്ല | 1-44 |
| 71 | അടങ്കൽ തുകയേക്കാൾ കൂടുതൽ ചെലവഴിച്ചിരിക്കുന്നു | 1-45 |
| 72 | 500000 രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-46 |
| 73 | ബയോഗ്യാസ് പ്ലാന്റിനായി വാങ്ങിയ മെഷീൻ നാളിതുവരെ സ്ഥാപിച്ചിട്ടില്ല – 490000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-47 |
| 74 | കോവിഡ് പ്രോജക്ടുകൾ സംബന്ധിച്ച വിവിധ അപാകതകൾ | 1-48 |
| 75 | പ്രവർത്തനം ആരംഭിക്കാത്ത ജൈവവള വിപണന യൂണിറ്റിനു വേണ്ടി പർച്ചേസ് - 87205 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു, | 1-49 |
| 76 | ഖരമാലിന്യ സംസ്കരണം പരിപാലന ചെലവ് സംബന്ധിച്ച് | 1-50 |

| | | |
|---|---|---|
| 77 | ലക്ഷങ്ങൾ നൽകി വാങ്ങിയ മെഷീനുകൾ പ്രവർത്തനക്ഷമമാക്കിയില്ല – 600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-51 |
| 78 | പ്രവർത്തനം ആരംഭിക്കാത്ത ഗ്രീൻ ഫെസിലിറ്റി സെന്റർ –161635 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-52 |
| 79 | ബയോമൈനിംഗ് പ്രവൃത്തി - നാളിതുവരെ പൂർത്തിയായിട്ടില്ല | 1-53 |
| 80 | 2016-17 ൽ ആരംഭിച്ച സാനിട്ടറി ലാന്റ് ഫില്ലിംഗ് പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചില്ല | 1-54 |
| 81 | ഡയാലിസിസ് യൂണിറ്റ്, പാലിയേറ്റീവ് പരിചരണം ചെലവുരേഖകൾ ഹാജരാക്കിയില്ല- 5,42,570/- രൂപ തടസ്സപ്പെടുത്തുന്നു | 1-55 |
| 82 | ചെലവു രേഖകൾ ഹാജരാക്കിയില്ല –4,41,984/- രൂപ തടസ്സപ്പെടുത്തുന്നു | 1-56 |
| 83 | പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല – വിതരണ വിവരം ലഭ്യമല്ല | 1-57 |
| 84 | കളക്റ്റേഴ്സ് അറ്റ് സ്കൂൾ ബിൽ ലഭ്യമാക്കിയിട്ടില്ല – 226698/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-58 |
| 85 | ഹെൽത്ത് ഓഫീസർ - പ്രോജക്ടുകളുടെ പൊതുവായ അപാകതകൾ | 1-59 |
| 86 | ഹോമിയോ മരുന്നുകൾ ലഭ്യമാകാൻ കാലതാമസം നേരിടുന്നു | 1-60 |
| 87 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ മരുന്നുകൾ, അനുബന്ധ ഉപകരണങ്ങൾ ലഭ്യമാകുന്നതിലെ കാലതാമസം | 1-61 |
| 88 | താലൂക്ക് ആശുപത്രിയുടെ വിവിധ പ്രോജക്ടുകൾക്കായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല | 1-62 |
| 89 | നെൽകൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ 739885/- രൂപ തടസ്സപ്പെടുത്തുന്നു | 1-63 |
| 90 | സുഭിക്ഷ കേരളം- പച്ചക്കറി വികസനം- ജീവനി - അപാകങ്ങൾ | 1-64 |
| 91 | ഓണം സമൃദ്ധി പച്ചക്കറി തൈ വിതരണം (വനിതകൾ)- അപാകങ്ങൾ | 1-65 |
| 92 | കുറ്റികുരുമുളക് കൃഷി- വനിതകൾക്ക് - 242000/- രൂപ തടസ്സപ്പെടുത്തുന്നു | 1-66 |
| 93 | കുറ്റികുരുമുളക് കൃഷി- വനിതകൾക്ക്- 6000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 1-67 |
| 94 | കാലിത്തൊഴുത്തു നവീകരണം-മാർഗ്ഗരേഖ പാലിക്കാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു | 1-68 |
| 95 | ലൈഫ് മൂന്നാംഘട്ടം - ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങി നൽകൽ (എസ് സി) - സർക്കാർ ഉത്തരവു പ്രകാരമുള്ള മുഴുവൻ രേഖകളും ഫയലിലിൽ സൂക്ഷിച്ചിട്ടില്ല | 1-69 |
| 96 | ലൈഫ് പദ്ധതി മൂന്നാം ഘട്ടം- ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ - (ജനറൽ) സർക്കാർ ഉത്തരവു പ്രകാരമുള്ള മുഴുവൻ രേഖകളും ഫയലിൽ വച്ചിട്ടില്ല | 1-69-1 |
| 97 | പി എം എ വൈ പദ്ധതി - സുലേഖ പ്രകാരം ചെലവുണ്ടെങ്കിലും തുക | 1-70 |

| | | |
|---|---|---|
| | ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല | |
| 98 | പി എം എ വൈ പദ്ധതി -അവലോകനം | 1-71 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻഅവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ കരട് ബജറ്റ് 16/02/2021ലെ അജണ്ട 1 തീരുമാനം നമ്പർ 13(7) പ്രകാരം അംഗീകരിച്ചു. ബജറ്റ് 23/02/2021ലെ അജണ്ട 1 തീരുമാനം നമ്പർ 1 പ്രകാരം അംഗീകരിച്ചു.മുന്നിരിപ്പ് ഉൾപ്പെടെ 558878248/- രൂപ വരവും 454891571/-രൂപ ചെലവും നീക്കിയിരിപ്പ് 103986677/- രൂപയുമാണ്.

### 1-1-1 ബജറ്റ് അപാകങ്ങൾ

2021-22 ലെ ബജറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

എ) കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 293 പ്രകാരം ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്യേണ്ട സാഹചര്യമുണ്ടായാൽ ആയതിലേക്കായി പുതുക്കിയ ബജറ്റോ, അനുപൂരക ബജറ്റോ തയ്യാറാക്കേണ്ടതും, അപ്രകാരം പുതുക്കിയ ശേഷം മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്. എന്നാൽ നഗരസഭ ബജറ്റിൽ വകയിരുത്താതെയോ വകയിരുത്തിയതിലധികമായോ തുക തൻവർഷം ചെലവഴിച്ചു. കൂടാതെ റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2021- 22 ബജറ്റ് പ്രകാരമുള്ള തുക | 2021-22 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2504002- മൃഗസംരക്ഷണവും ക്ഷീര വികസനവും | 6,00,000 | 20,45,150 |
| 2504006 – ചെറുകിട വ്യവസായം | 5,00,000 | 8,88,017 |

ബി) വിവിധ ആവശ്യങ്ങൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും, തുക ചെലവഴിക്കാതിരിക്കുകയോ, വകയിരുത്തിയതിലും വളരെ കുറച്ച് ചെലവഴിക്കുകയോ ചെയ്തിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2021-22 ബജറ്റ് പ്രകാരം തുക | 2021-22വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2202001 പുസ്തകങ്ങൾ ആനുകാലി കങ്ങൾ | 100000 | 57552 |
| 2202101 പ്രിന്റിംഗ് & സ്റ്റേഷനറി | 900000 | 327171 |
| 2205101 നിയമം (കേസുകളുടെ നടത്തിപ്പ്) ചാർജ്ജസ് | 90000 | 30000 |

സി) 21-22ലെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|
| 2103001 | റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് വിഹിതം | 2070500 | 2819464 |
| 2201001 | വാടക | 29040 | 33400 |
| 2303099 | മറ്റ് സാധന സാമഗ്രികളുടെ ഉപയോഗം | - | 28738 |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ബജറ്റ് വകയിരുത്തലുകൾക്ക് വിരുദ്ധമായി ചെലവ് ചെയ്യേണ്ട സാഹചര്യം ഉണ്ടാകുമ്പോൾ, ആയത് അനുപൂരക ബഡ്ജറ്റോ പുതുക്കിയ ബഡ്ജറ്റോ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം

58/21-22, 25.04.2023 യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്).

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.07.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-2-1 വാർഷിക ധനകാര്യപത്രിക -അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വാർഷിക ധനകാര്യപത്രിക B1 ഷെഡ്യൂളിൽ Excess Of Income Over Expenditure (-) 596854864 രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

2. വിവാഹ ധനസഹായം 3,90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ചുവടെ ചേർത്തിട്ടുള്ള വരവ് ഇനങ്ങളിൽ ഡിമാന്റ് ഉള്ള ഇനങ്ങളുടെ കറന്റ് ഡിമാന്റ്, കളക്ഷൻ, ബാലൻസ്, അരിയർ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, അഡ്വാൻസ് കളക്ഷൻ എന്നിവയും ഡിമാന്റ് ഇല്ലാത്തവയുടെ കളക്ഷൻ എന്നിവ രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

A. D&O Licence

B. Property Tax

C. Rental Income

D. Auction

E. Profession Tax

F. Building Permit

G. Entertainment Tax

4. 21-22 ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിൽ രേഖപ്പടുത്തിയിരിക്കുന്ന അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെ സംക്ഷിപ്തം അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടില്ല. പ്രസ്തുത തുക ക്രമീകരിച്ചതിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല.

5. R&P ഷെഡ്യൂൾ RP-33 ൽ 16774596/- രൂപ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ ആധികാരികത പരിശോധിക്കാൻ 21-22 വർഷം നല്കിയ പാർട്ട് ബില്ലുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

6. ബാലൻസ്ഷീറ്റ് B7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റുകളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

7. ബാലൻസ്ഷീറ്റ് B4 ഷെഡ്യൂളിൽ 320809800 ഹെഡിൽ Donations To Flood ശീർഷകത്തിൽ 77298/- രൂപ നിലനില്ക്കുന്നു. പ്രസ്തുത തുക ഇതുവരെയും അടക്കേണ്ട സ്രോതസ്സിൽ അടച്ചിട്ടില്ല.

8. B9-350800100 ഹെഡിൽ Liability In Respect Of Stale Cheques (179450/-) സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9. 20-21വാർഷിക ധനകാര്യപത്രിക പ്രകാരം Loan From Bank മുന്നിരിപ്പ് 21716708 രൂപയാണ്. തൻവർഷം ലോൺ വരവ് 10000000/- രൂപയാണ്. തൻവർഷം തിരിച്ചടവ് മുതൽ 856704/- രൂപയാണ്. (പലിശ 2497140/- രൂപ) അപ്രകാരം കണക്കാക്കുമ്പോൾ ലോൺ ബാലൻസ് 3086000 രൂപയാണ് വരേണ്ടത്. എന്നാൽ 2021-22 ബാലൻസ് ഷീറ്റിൽ ലോൺ ബാലൻസ് 31254315 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസം വിശദമാക്കിയിട്ടില്ല.

10. 21-22 വർഷത്തെ B-4 ഷെഡ്യൂളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ അതാത് ഹെഡുകളിൽ തിരിച്ചടച്ചിട്ടില്ല.

11. B-21 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയ ഇനങ്ങൾക്ക് 2007 ലെ കേരള മുൻസിപ്പാലിറ്റി അക്കൌണ്ട്സ് റൂൾ ചട്ടങ്ങൾ ചട്ടം 70(1),(2) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

12. CFC ഗ്രാന്റിന്റെ (ടൈഡ് & അൺടൈഡ്) ബാലൻസ് തുക B-17 പ്രകാരം 6709143രൂപയും B-4 പ്രകാരം 6215836 രൂപയും ആകുന്നു. 493307/- രൂപയുടെ വ്യത്യാസം വിശദമാക്കിയിട്ടില്ല.

13. വികസനഫണ്ട് ജനറൽ ACR (27859190), AFS (27805760) തമ്മിൽ 53430/- വ്യത്യാസം നിലനില്ക്കുന്നു. വ്യത്യാസം

വിശദമാക്കിയിട്ടില്ല.

14. RP-19 ഷെഡ്യൂളിൽ കാണുന്ന Prior Period Item സംബന്ധിച്ച വിശദാംശം ഹാജരാക്കിയിട്ടില്ല.

15. LGTSB അക്കൗണ്ട് നം.79901300000784 – പാസ്ബുക്ക് ബാലൻസ് 782588, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത അക്കൗണ്ടിന്റെ പാസ്ബുക്ക് ബാലൻസ് 783747 രേഖപ്പെടുത്തിയിരിക്കുന്നു. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

16. KSEB യ്ക്ക് 230/22 പദ്ധതിയ്ക്കായി 7,04,271/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ആയത് മുൻകൂർ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/18.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-2-2 വാർഷിക ധനകാര്യ പത്രിക – റീക്കൺസിലിയേഷൻ- കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

നഗരസഭയുടെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP 40 (B) ഷെഡ്യൂളിൽ ബാങ്ക് അക്കൗണ്ടുകളുടെ ക്ലോസിംഗ് ബാലൻസ്, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചുവടെ ചേർക്കുന്ന തുകകൾ Cheque Deposited But Not Collected എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം

| ക്രമ നം. | ബാങ്ക് | തുക |
|---|---|---|
| 1 | SBI തനതു ഫണ്ട് | 574432 |
| 2 | SBI സാലറി | 47865 |
| 3 | ആറ്റിങ്ങൽ ടൗൺ SCB | 56178 |
| 4 | LGTSB | 100000 |
| 5 | കാനറ ബാങ്ക് AUEGS | 9150115 |
| 6 | ICICI സ്വച്ഛ്ഭാരത് | 5034270 |
| 7 | IOB SGSRY | 37759 |
| 8 | IBO IHSDP | 82080 |

മേൽ സൂചിപ്പിച്ച തുകകൾ നിലവിൽ കളക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/19.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച തുകകൾ കളക്ട് ചെയ്തതിന്റെ വിവരവും ഇതുവരെ തുക കളക്ട് ചെയ്തിട്ടില്ലെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-2-3 കോവിഡ് പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക ബാങ്കിലേക്ക് മാറ്റി നിക്ഷേപിച്ചു.

കോവിഡ് 19 CFLTC പ്രവർത്തനങ്ങളിലേക്ക് ബഹു. ജില്ലാകളക്ടറുടെ ഓഫീസിൽ നിന്നും നഗരസഭയുടെ ട്രഷറി അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടുള്ള തുക 5135842/- രൂപ കോവിഡ് പ്രവർത്തനങ്ങൾക്ക് പുതുതായി ഫെഡറൽ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 14010100230377 അക്കൌണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചു. മുൻസിപ്പൽ ചെയർപേഴ്സൺ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ പേരിൽ ജോയിന്റ് അക്കൌണ്ട് തുടങ്ങിയാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലാകളക്ടറുടെ 6.1.2022 ലെ HL/E/329512/2021 - COVID ഉത്തരവിൽ കോവിഡ് പ്രവർത്തനങ്ങൾക്ക് വകയിരുത്തുന്ന തുക ബിൽ തയ്യാറാക്കി അതാത് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരുടെ LGTSB അക്കൌണ്ടിലേക്ക് അനുവദിക്കണമെന്നും പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം കളക്ടറേറ്റിൽ ലഭ്യമാക്കണമെന്നും ചെലവ് രേഖകൾ സ്ഥാപനത്തിൽ സൂക്ഷിക്കണമെന്നും പരാമർശിച്ചിട്ടുണ്ട്.

കളക്ടറേറ്റിൽ നിന്നും കോവിഡ് പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക (5135842/- രൂപ) 20.01.2022-ൽ LGTSB അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആകുകയും മേൽ നിബന്ധനകൾക്ക് വിരുദ്ധമായി 11.02.2022-ൽ ട്രഷറിയിൽ നിന്നും ഫെഡറൽ ബാങ്കിൽ കോവിഡിനായി ആരംഭിച്ച അക്കൗണ്ടിൽ (14010100230377) ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. പ്രസ്തുത അക്കൗണ്ട് നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. തന്മൂലം പ്രസ്തുത തുകയുടെ ചെലവ് പരിശോധിക്കാൻ സാധിച്ചിട്ടില്ല. 31.03.2022-ൽ പ്രസ്തുത അക്കൗണ്ടിൽ 5547995/- രൂപ ബാലൻസ് നിൽക്കുന്നു.

കോവിഡ് പ്രവർത്തനങ്ങൾക്ക് LGTSB അക്കൗണ്ടിലേക്ക് അനുവദിച്ച തുക ഫെഡറൽ ബാങ്കിൽ പുതിയ അക്കൌണ്ട് തുടങ്ങി അതിലേക്ക് ട്രാൻസ്ഫർ (14.2.22 ൽ) ചെയ്യാൻ സർക്കാർ നിർദ്ദേശം ഉണ്ടെങ്കിൽ അത് ഹാജരാക്കാനും പുതുതായി തുടങ്ങിയ അക്കൗണ്ട്, വാർഷിക ധനകാര്യ പത്രികയിൽ ക്യാഷ് ആന്റ് ബാങ്ക് ബാലൻസിൽ ഉൾപ്പെടുത്താത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (80/27.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കളക്ടറേറ്റിൽ നിന്നുള്ള ഉത്തരവിൽ നിന്ന് വ്യതിചലിച്ച് കോവിഡ് പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക ഫെഡറൽ

ബാങ്കിന്റെ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത തുക LGTSB അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്യേണ്ടതും അപാകതക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 28278467 | 28278467 | 29982723 | -1704256 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 15869000 | 15869000 | 14302572 | 1566428 |
| വികസനഫണ്ട് (CFC Tied) | 0 | 32561268 | 32561268 | 15895875 | 16665393 |
| വികസനഫണ്ട് (CFC Untied) | 0 | 18054942 | 18054942 | 10865782 | 7189160 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 34882000 | 34882000 | 33524234 | 1357766 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 13257470 | 13257470 | 9527898 | 3729572 |
| CSS | 0 | 0 | 0 | 9399572 | -9399572 |
| SSS | 0 | 0 | 0 | 160000 | -160000 |

## 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- മേഖലാടിസ്ഥാനത്തിൽ.

| വിഭാഗം | | പൊതുവിഭാഗം ജനറൽ | ചെലവ് ശതമാനം | എസ് സി പി | ചെലവ് ശതമാനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ചെലവ് ശതമാനം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ചെലവ് ശതമാനം | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം-ഉല്പാദനം | അടങ്കൽ | 4791201 | | 0 | | 0 | | 0 | | 490000 | |
| | ചെലവ് | 4386635 | 91.55 | 0 | | 0 | | 0 | | 490000 | 100 |
| പൊതുവിഭാഗം-സേവനം | അടങ്കൽ | 29236233 | | 0 | | 22584207 | | 0 | | 9936549 | |
| | ചെലവ് | 24989762 | 85.47 | 0 | | 16547997 | 73.27 | 0 | | 9037898 | 90.95 |
| പൊതുവിഭാഗം-പശ്ചാത്തലം | അടങ്കൽ | 2098032 | | 0 | | 15289346 | | 39232000 | | 2873415 | |
| | ചെലവ് | 606326 | 28.89 | 0 | | 10213660 | 66.8 | 33524234 | 85.45 | 0 | 0 |
| പട്ടിക ജാതി വിഭാഗം-ഉല്പാദനം | അടങ്കൽ | 0 | | 570000 | | 0 | | 0 | | 0 | |
| | ചെലവ് | 0 | | 228000 | 40 | 0 | | 0 | | 0 | |
| പട്ടിക ജാതി വിഭാഗം-സേവനം | അടങ്കൽ | 0 | | 17702515 | | 0 | | 0 | | 0 | |
| | ചെലവ് | 0 | | 14074572 | 79.5 | 0 | | 0 | | 0 | |

പൊതുവിഭാഗം പശ്ചാത്തലമേഖലയിൽ വികസനഫണ്ട് 28.89% ഉം പട്ടികജാതി വിഭാഗം ഉല്പാദന മേഖലയിൽ വികസനഫണ്ട് എസ് സി പി 40% ഉം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പൊതുവിഭാഗം പശ്ചാത്തലമേഖലയിൽ മെയിന്റനൻസ് നോൺറോഡ് 2873415/- രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിച്ച് വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3-1 (എ) പ്രത്യേക ഘടകപദ്ധതി – വകയിരുത്തൽ

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 4930016 | 3339776 | 67.74 |
| കുട്ടികൾ | 1909530 | 264817 | 13.86 |
| വൃദ്ധർ | 3773966 | 3284127 | 87.02 |
| ഭിന്നശേഷിയുള്ളവർ | 0 | 0 | 0 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 100000 | 0 | 0 |
| പാലിയേറ്റീവ് കെയർ രോഗികൾ * | 1458466 | 1314103 | 90.1 |

| | | | |
|---|---|---|---|
| യുവജന വികസനം | 0 | 0 | 0 |

* ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പാലിയേറ്റീവ് രോഗികളുടെ ചെലവ് ഉൾപ്പെട്ട് കാണുന്നില്ല. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 1458466/- രൂപ അടങ്കലും 1314103/- രൂപ ചെലവും രേഖപ്പെടുത്തിയിരിക്കുന്നു.

1-3-1 (ബി) അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ.

(സുലേഖ പ്രകാരം)

| ക്രമ നം | പദ്ധതി | ഫണ്ട്-വികസനഫണ്ട് വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1. | അങ്കനവാടി പോഷകാഹാര വിതരണം | 3500000 | 3497544 | 99.92 |
| 2 | എസ് എസ് എ | 730000 | 730000 | 100 |
| 3 | പാലിയേറ്റീവ് കെയർ | 1458466 | 1314103 | 90.12 |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 2100000 | 2073700 | 98.74 |
| 5. | പി എം എ വൈ ക്ക് അധിക വിഹിതം | - | - | - |
| 6. | ആശ്രയ പ്രോജക്ട് | 100000 | - | 0 |
| 7 | ഐ കെ എം വിഹിതം | 216108 | 216108 | 100 |

## 1-4 പദ്ധതി അവലോകനം

2021-22 ൽ മുനിസിപ്പാലിറ്റിയിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് (രൂപ) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 195 | 224853339 | 149 | 144289323 | 46 | 76 |

പദ്ധതി അവലോകനം

1) ആകെ വകയിരുത്തിയ തുകയുടെ 64 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

2. ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 17/2018 തസ്വഭവ തീയതി 02.02.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ആസൂത്രണസമിതി മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 71 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.(കൈ)നമ്പർ 17/2018 തസ്വഭവ തീയതി 02.02.2018 3.1.2പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഖണ്ഡിക 3.1.2 പ്രകാരം നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പ് ആവശ്യമെങ്കിൽപുനസംഘടിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.അപ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.71 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന വാർഡ് സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഉറപ്പാക്കാനായിട്ടില്ല.

4. സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | പ്രാദേശിക സാമ്പത്തിക വികസനം | ഗുരുതരം | കപ്പ ഉല്പന്നങ്ങളുടെ നിർമ്മാണവും പരിശീലനവും |
| Ii | പട്ടികജാതി വികസനം | അതീവ ഗുരുതരം | എസ്.സി കോളനികൾ, ഒറ്റപ്പെട്ട പ്രദേശത്ത് താമസിക്കുന്ന എസ്.സി വിഭാഗം |
| III | ശുചിത്വം, മാലിന്യസംസ്കരണം | അതീവ ഗുരുതരം | നഗരപ്രദേശത്ത് പുറത്ത് നിന്നുള്ളവർ ഉൾപ്പെടെമാലിന്യങ്ങൾ പല സ്ഥലങ്ങളിലായി വലിച്ചെറിയുന്നത്ഗുരുതര പ്രശ്നമാണ് |

ആയതിനാൽ തന്നെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാരനിർദ്ദേശമായിട്ടാണോ പദ്ധതികൾ ആവിഷ്കരിച്ചതെന്ന് ഉറപ്പാക്കാനായിട്ടില്ല. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം നടപടിക്രമങ്ങൾ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതും അവ ലക്ഷ്യപ്രാപ്തിയിലെത്തുന്നവെന്നുറപ്പ് വരുത്തേണ്ടതുമാണ്.

## 1-5 ക്ഷേമപദ്ധതികൾ

2021-22 സാമ്പത്തിക വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 156120 | 148 |
| കർഷകതൊഴിലാളി പെൻഷൻ | 1457600 | 90 |
| വിധവാപെൻഷൻ | 25085700 | 1627 |
| വാർദ്ധക്യകാല പെൻഷൻ | 47169200 | 3351 |
| വികലാംഗ പെൻഷൻ | 5346800 | 347 |
| വിവാഹ ധനസഹായം | 390000(*) | 13 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1235200 | 79 |

(*)വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-5-1 മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ നല്കുന്നു

ധനകാര്യ (എസ്.എഫ്.സി.സെൽ-ബി) യിൽ നിന്നുള്ള 23.9.2020 ലെ സ.ഉ.(എം.എസ്)97/2020/ധന. നമ്പർ ഉത്തരവ് പ്രകാരം സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. അർഹതപ്പെട്ടവർക്ക് മാത്രം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ് എന്ന് മേൽ സർക്കുലർ സി(12) ൽ നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭ ലഭ്യമാക്കിയ മരണ റിപ്പോർട്ടിന്റെയും സേവന പെൻഷൻ തിരച്ചിലിലും (ഏതാനും ചിലത്) പരിശോധന നടത്തിയപ്പോൾ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഇനം | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | അധികം നൽകിയ മാസങ്ങൾ | തുക |
|---|---|---|---|---|---|---|
| 1 | നളിനാക്ഷി.പി | വാർദ്ധക്യകാല പെൻഷൻ | 101730201742 | 4.4.2021 | 5/21 To 2/23 | 1600x22 = 35200/- |
| 2 | വേണുഗോപാലൻ നായർ.വി | വാർദ്ധക്യകാല പെൻഷൻ | 101730204057 | 4.10.2021 | 11/21 To 2/23 | 1600x16 = 25600/- |
| 3 | തുളസി. ആർ | വാർദ്ധക്യകാല പെൻഷൻ | 101730201174 | 28.10.2021 | 11/21 To 2/23 | 1600x16 = 25600/- |
| 4 | സരോജിനി. ആർ | വാർദ്ധക്യകാല പെൻഷൻ | 101730200594 | 25.4.2022 | 5/22 To 2/23 | 1600x10 = 16000/- |
| 5 | അപ്പുക്കുട്ടൻ പിള്ള.ബി | വാർദ്ധക്യകാല പെൻഷൻ | 10173020 2765 | 17.8.2022 | 9/22 To 2/23 | 1600x06 = 9600/- |
| ആകെ | | | | | | 1,12,000/- |

മരണപ്പെട്ടതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരിക്കുന്നവ പരിശോധിച്ച് സസ്പെൻഡ് ചെയ്തിട്ടുള്ളതായും ജി6/6437/20 ഫയൽ പ്രകാരം തുക തിരികെ ഒടുക്കുന്നതിന് ബാങ്കിലേയ്ക്ക് 25.4.2023 ന് കത്ത് നൽകിയിട്ടുള്ളതായും തുടർന്നുള്ള വർഷങ്ങളിൽ മരണപ്പെട്ടവരെ കണ്ടെത്തി അപാകങ്ങൾ പരിഹരിക്കുന്നതുമാണെന്ന് ഓഡിറ്റ് എൻക്വയറി നം. 36 ന് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2021-'22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 17.04.2023 തീയ്യതിയിൽ പകൽ 11:00 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,275/- രൂപയുടെ (അയ്യായിരത്തി ഇരുന്നൂറ്റി എഴുപത്തി അഞ്ച് രൂപ രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

നഗര സഭയുടെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെപറയുന്ന അപാകങ്ങൾ ഉണ്ട്.

1. ആസൂത്രണ സമിതി പ്രവർത്തനം ഫലപ്രദമല്ല.
2. പർച്ചേസിംഗ് കമ്മിറ്റി പ്രവർത്തനം ഫലപ്രദമല്ല.
3. വാടക, ലേലത്തുകകൾ പൂർണ്ണമായി ഈടാക്കിയിട്ടില്ല.
4. അനധികൃത കെട്ടിട നിർമ്മാണം – രജിസ്റ്റർ പരിപാലിച്ചിട്ടില്ല
5. ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഉറപ്പുവരുത്തുന്നില്ല.
6. മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയിട്ടില്ല.

ടി അപാകങ്ങൾ പരിഹരിക്കാൻ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

AUEGS പദ്ധതിയുമായി ബന്ധപ്പെട്ട് ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| AUEGS | 283586 | 10068127 | 10351713 | 10284091 | 67622 |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വരവ് എ.എഫ്.എസിൽ Other Grants & Contributions For Specific Purposes (320809900) എന്ന ഹെഡിലാണ് മറ്റ് വരവുകൾക്കൊപ്പം എടുത്തിരിക്കുന്നത്. Implement Self Employment And Group Employment Scheme - For The Poor, Especially For Women (250401402), Net Salary Payable (350110200) എന്നീ

ഹെഡുകളിലാണ് ചെലവ് ചെയ്തിട്ടുള്ളത്. ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

AUEGS പദ്ധതിയുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-8-1 തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ

2021-22 സാമ്പത്തികവർഷത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അവലംബം – ഓഡിറ്റ് എൻക്വയറി നമ്പർ 47/20.04.2023 ന്റെ മറുപടി).

| | |
|---|---|
| 2021-22 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 179 |
| 2021-22 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 676 |
| 2021-22 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 659 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | - |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | - |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | - |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | - |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | - |
| അയൽക്കൂട്ടങ്ങളുടെ എണ്ണം | 277 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | - |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | - |
| ആകെ വാർഡുകളുടെ എണ്ണം | 31 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 4 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | - |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1166 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 201 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 154 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 75.95% |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 50048 |
| പരാതി രജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | - |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | - |
| ആസ്തി രജിസ്റ്റർ | ഉണ്ട് |
| ലേബർ കംമ്പോണന്റ് | 80% |
| മെറ്റീരിയൽ കംമ്പോണന്റ് | 20% |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 128 |
| 80-99 | 92 |
| 70-79 | 36 |
| 60-69 | 60 |
| 50-59 | 48 |
| 50 ൽ താഴെ | 295 |

നഗരസഭയിലെ ആകെയുള്ള 277 അയൽക്കൂട്ടങ്ങളിൽ ഒന്ന് പോലും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നില്ല. ലേബർ ബജറ്റ് പ്രകാരം 1166 പദ്ധതികളാണ് 2021-22 ൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നത്. 201 എണ്ണത്തിന്

മാത്രമാണ് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. 2021-22 വർഷം 154 പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും അവയിൽ ഒന്നുപോലും 2021-22 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ളതല്ല. 2020-21 വർഷത്തെ കർമ്മപരിപാടിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ മാത്രമാണ് 2021-22 ൽ നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 68/24.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം 2021-22 വർഷത്തെ ഒരു പദ്ധതി പോലും തൻവർഷം നടപ്പാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-8-2 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - പൊതുവായ അപാകതകൾ

1. 03.11.2017 ലെ സർക്കാർ ഉത്തരവ് (കൈ) 216/2017 തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഖണ്ഡിക 7.3.2 പ്രകാരം പ്രവൃത്തികളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് ഓരോ പ്രവൃത്തിക്കും ലാൻഡ്മാർക്ക്, ലൊക്കേഷൻ സ്കെച്ച്, ഒരു ഐഡന്റിഫിക്കേഷൻ നമ്പർ നൽകാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റിനോടൊപ്പം പ്രവർത്തി നടക്കുന്ന പ്രദേശം സൂചിപ്പിക്കുന്ന ലാൻഡ്മാർക്ക്, ലൊക്കേഷൻ സ്കെച്ച്, പ്രവൃത്തിയുടെ ഐഡന്റിഫിക്കേഷൻ നമ്പർ എന്നിവ ഉൾപ്പെടുത്തുന്നില്ല.

2. മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിലെ 13.2 മുതൽ 13.12 വരെയുള്ള ഖണ്ഡികളിൽ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. 2021-22 വർഷത്തെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. അതാത് വാർഡ് സഭകളിൽ റിപ്പോർട്ട് ചർച്ച ചെയ്യൽ, റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കൽ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പുതുക്കിയ മാർഗ്ഗരേഖ സ.ഉ(കൈ)നം.216/2017/ത.സ്വ.ഭ.വ തീയതി 03/11/2017 പ്രകാരം ഓരോ നഗരസഭയിലെയും വാർഡ് സഭകൾ അതാത് വാർഡിൽ / ഡിവിഷനിൽ നടക്കുന്ന പ്രവൃത്തികളെ മോണിറ്റർ ചെയ്യുകയും, തൊഴിൽ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിൽ നൽകൽ, വേതന വിതരണം എന്നീ കാര്യങ്ങൾ പരിശോധനക്ക് വിധേയമാക്കണമെന്നും കൂടാത പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട എല്ലാ പ്രവൃത്തികൾക്കും ഓരോ ജാഗ്രത മേൽനോട്ട കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി പ്രവൃത്തിയുടെ പുരോഗതിയും ഗുണമേന്മയും ശ്രദ്ധിക്കുകയും ഉറപ്പുവരുത്തുകയും വേണമെന്ന് മാർഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്.
പ്രവൃത്തി നടക്കുന്ന സ്ഥലത്തെ നിവാസികൾ ഉൾക്കൊള്ളുന്നതായിരിക്കണം ഈ കമ്മിറ്റി എന്നും ഇതിൽ ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് വാർഡ് സമിതിയും ജാഗ്രതാ കമ്മിറ്റിയും രൂപീകരിക്കേണ്ടതും പ്രവൃത്തിയുടെ കംപ്ലീഷൻ റിപ്പോർട്ടിനോട് ചേർത്ത് മോണിറ്ററിങ് റിപ്പോർട്ട് വെക്കണമെന്നും നിർദേശിക്കുന്നുണ്ട്.
ഇപ്രകാരം വാർഡ് കമ്മിറ്റിയും ജാഗ്രതാ മേൽനോട്ട കമ്മിറ്റിയും പ്രവൃത്തി സ്ഥലത്ത് രൂപീകരിക്കുകയും പ്രവൃത്തി വിലയിരുത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4. പദ്ധതി ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂല്യനിർണയ സാക്ഷ്യപത്രത്തിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ഉദാ-19-ാംവാർഡിൽ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ- ചെലവ് തുക 61093 രൂപ. സാക്ഷ്യപത്രത്തിലെ ക്രമ നം. 17 കൈവരിച്ച ഭൗതിക നേട്ടങ്ങൾ എന്ന ഭാഗത്തെ രേഖപ്പെടുത്തൽ പൂർണമല്ല.

5. പ്രവൃത്തി സ്ഥലങ്ങളിൽ Citizen Information Board സ്ഥാപിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.68/24.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-8-3 അയങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - രജിസ്റ്റർ പരിപാലനം

1. സർക്കാർ ഉത്തരവ് (കൈ) നം.216/2017/തസ്വഭവ തീ. 03.11.2017 പ്രകാരം അയങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രതിമാസ അലോട്ട്മെന്റും ധനവിനിയോഗ സർട്ടിഫിക്കറ്റും സൂക്ഷിക്കൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ലഭ്യമാക്കിയ രജിസ്റ്ററുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ആസ്തി രജിസ്റ്റർ

ഹാജരാക്കിയ ആസ്തി രജിസ്റ്റർ പൂർണമല്ല. രജിസ്റ്ററിൽ പ്രവൃത്തികളുടെ എല്ലാ വിവരങ്ങളും പൂർണമായി രേഖപ്പെടുത്തുന്നില്ല.

ബി) മസ്റ്റർ റോൾ വിതരണ രജിസ്റ്റർ

ലഭ്യമാക്കിയ മസ്റ്റർ റോൾ രജിസ്റ്ററിൽ ക്രമനമ്പർ 132, 200 എന്നീ ക്രമനമ്പറിലുള്ള മസ്റ്റർ റോളുകൾ പ്രകാരമുള്ള പ്രവൃത്തികളുടെ ചെലവ് തുക സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല.

സി) മസ്റ്റർ റോൾ കൈപ്പറ്റ് രജിസ്റ്റർ

രജിസ്റ്ററിലെ അവസാന 3 കോളങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല (മസ്റ്റർ റോൾ ലഭിച്ച തീയതി, വർക്ക് സൈറ്റിൽ നിന്നും തിരികെ ലഭിച്ച തീയതി, കൈപ്പറ്റിയവരുടെ പേരും ഒപ്പും സംബന്ധിച്ച വിവരങ്ങൾ).

ഡി) രജിസ്ട്രേഷൻ രജിസ്റ്റർ

രജിസ്റ്ററിൽ വിതരണം ചെയ്യുന്ന തൊഴിൽ കാർഡിന്റെ നമ്പർ രേഖപ്പെടുത്തുന്നുണ്ടെങ്കിലും തീയതി ചേർക്കുന്നില്ല.

ഇ) തൊഴിൽ കാർഡ് രജിസ്റ്റർ

തൊഴിൽ കാർഡ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ചില കാർഡുടമകളുടെ ഒപ്പ്/വിരലടയാളം, റേഷൻ കാർഡ് നം. എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

എഫ്) തൊഴിൽ രജിസ്റ്റർ

തൊഴിൽ ദിനം ലഭിച്ച ചില വ്യക്തികൾ തൊഴിൽ കാർഡ് ഉള്ളവരാണെന്ന് ഉറപ്പാക്കുന്ന രജിസ്ട്രേഷൻ നം. തൊഴിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ ക്രമ നം. 4 പ്രകാരമുള്ള വിവരങ്ങൾ (ചിലയാളുകൾ തൊഴിൽ ചെയ്ത പ്രവൃത്തി സംബന്ധിച്ച വിവരം) രേഖപ്പെടുത്തിയിട്ടില്ല.

ജി) പ്രവൃത്തി രജിസ്റ്റർ

പ്രവൃത്തിയുടെ വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തുന്നില്ല. പ്രവൃത്തിയുടെ ഭരണാനുമതി വിവരങ്ങൾ, പൂർത്തീകരിച്ച തീയതി, ഉപയോഗിച്ച മസ്റ്റർ റോളുകളുടെ വിവരം, ആകെ ചെലവ്, സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, സോഷ്യൽ ഓഡിറ്റ് നടത്തിയ തീയതി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തേണ്ട കോളങ്ങൾ ഒഴിഞ്ഞു കിടക്കുന്നു.

3. മസ്റ്റർ റോളുകളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) മസ്റ്റർ റോളുകളിൽ പ്രവൃത്തി സംബന്ധിച്ച പൂർണമായ വിവരം രേഖപ്പെടുത്തുന്നില്ല. പദ്ധതിയുടെ ഭരണാനുമതി നം., എസ്റ്റിമേറ്റ് തുക, തൊഴിൽ കാർഡ് നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

ബി) ചില പ്രവൃത്തികളുടെ മസ്റ്റർ റോളുകളിൽ വൈറ്റ്നർ ഉപയോഗിച്ച് തിരുത്തലുകൾ വരുത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | കരവാരം തോട് വൃത്തിയാക്കൽ (17-ാംവാർഡ്) | 46589/- രൂപ |
| 2 | 22-ാം വാർഡിൽ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ | 55128/- രൂപ |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.64/25.04.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിക്കുന്നതും രേഖപ്പെടുത്തലുകൾ പൂർത്തിയാക്കുന്നതുമാണെന്ന് അറിയിച്ചിരിക്കുന്നു. കൂടാതെ മസ്റ്റർ റോളുകളിൽ വൈറ്റ്നർ ഉപയോഗിച്ച് തിരുത്തരുതെന്ന് അവ കൈപ്പറ്റുന്ന മെയ്റ്റുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 29/11/16 | 1-4-15 മുതൽ 30/9/16 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1/4/22 - 25/5/22 | 2018-19 മുതൽ 2021-22 വരെ | 7/7/22 |

## 1-10 ലേലം : കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ലേലമിനത്തിൽ തുക പിരിച്ചെടുക്കുവാനുണ്ട്. കുടിശ്ശിക വരുത്തിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | ലേലം/ | ലേലം | ലേല | തുക ഒടുക്കിയ | കരാറിലേർപ്പെട്ടതിന്റെ | ഒടുക്കാനവശേ |
|---|---|---|---|---|---|---|

| നമ്പർ | ക്വട്ടേഷൻ ഇനം | കൊണ്ട വ്യക്തി | ത്തുക | വിശദാംശങ്ങൾ (GST, FC എന്നിവ ഒഴികെ ) | വിവരം | ഷിക്കുന്ന തുക/ തുടർ നടപടി വിവരം |
|---|---|---|---|---|---|---|
| 1 | അവനവ ഞ്ചേരി ചന്ത | രാജൻ, മുഞ്ഞമൂട് തോപ്പ്, വടക്കേ അരയത്തുരുത്തി, ചിറയിൻകീഴ് | 161666 | 59800 (67767 ഒഴിവാക്കി നൽകി) | കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 34099 |
| 2 | വിളയിൽമൂല ചന്ത | രാജൻ, മുഞ്ഞമൂട് തോപ്പ്, വടക്കേ അരയത്തുരുത്തി, ചിറയിൻകീഴ് | 90000 | 15000 (37726 ഒഴിവാക്കി നൽകി) | കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 37274 |
| 3 | കംഫർട്ട് സ്റ്റേഷൻ | ഖാൻസിംഗ്, കൊരന്റെവിള വീട്, കുന്നവാരം | 610000 | 209000 (255699 ഒഴിവാക്കി നൽകി) | കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 145301 |
| 4 | മാമം ഗ്രൗണ്ടിലെ ഡ്രൈവിംഗ് പരിശീലനം | രാജൻ, മുഞ്ഞമൂട് തോപ്പ്, വടക്കേ അരയത്തുരുത്തി, ചിറയിൻകീഴ് | 60666 | 10000 (25430 ഒഴിവാക്കി നൽകി) | കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 25236 |
| 5. | വാഹന ഡെമോ | രാജൻ, മുഞ്ഞമൂട് തോപ്പ്, വടക്കേ അരയത്തുരുത്തി, ചിറയിൻകീഴ് | 35555 | - (14904 ഒഴിവാക്കി നൽകി) | കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 20651 |
| 6. | മാമം കന്നുകാലി ചന്ത | ശ്രീജിത്ത്, പടിഞ്ഞാറ്റതിൽ വീട്, മാമം കിഴവിലം | 90000 | - | കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 90000 |
| 7. | എസി എസി നഗർ, പ്രൈവറ്റ് ചന്ത | ചന്ദ്രൻ ശ്യാം നിവാസ്, എസി എസി നഗർ | 12943 | - | കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 12943 |
| 8. | സോഡ ഫാക്ടറി | മാധവി, ചരുവിള പുത്തൻ വീട് വലിയകുന്ന് കിഴവിലം | 2298 | - | കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 2298 |
| 9. | ബങ്ക് നമ്പർ 6 | പ്രകാശ് എ എസ്, കടമ്പാട്ട് വീട് കടുവയിൽ ആറ്റിങ്ങൽ | 38294 | - | കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 38294 |

കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ, ഓഡിറ്റ് എൻക്വയറി നം 14/21-22, 17.04.2023 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലം കൊണ്ടയാൾ നഗരസഭയുമായി ചേർന്ന് തയ്യാറാക്കിയ കരാർ, സോൾവൻസി സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കരാർ, സോൾവൻസി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കുവാനാവ ശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11 വാടക പിരിച്ചെടുക്കുന്നതിൽ കുറവ്

വാടക രജിസ്ററർ പരിശോധിച്ചതിൽ നഗരസഭയുടെ കീഴിലുള്ള കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ

| ക്രമ നം. | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | വാടക | ഒടുക്കിയത് | അടവാക്കാന വശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | മുനിസിപ്പൽ ബസ് സ്റ്റാന്റ് 26/1353 | സുരേഷ് കുമാർ | 183785 | 32930 | 150855 |
| 2 | ഗ്രാമംമുക്ക് | അരവിന്ദാക്ഷൻ | 7657 | - | 7657 |

| | | | | | |
|---|---|---|---|---|---|
| | അവനവഞ്ചേരി 7/220 | | | | |
| 3 | ൌൺ മാർക്കറ്റ് 26/341 | അജികുമാർ | 46305 | - | 46305 |
| 4 | 26/373 | പ്രസാദ് ആർ ജി | 45947 | - | 45947 |
| 5 | 26/384 | മുഹമ്മദലി | 30631 | - | 30631 |
| 6 | 26/385 | മുഹമ്മദ് ഷാഫി | 30631 | - | 30631 |
| 7 | 26/387 | മുഹമ്മദ് ഹനീഫ | 30631 | - | 30631 |
| 8 | 26/391(3) | അനിൽകുമാർ ജി | 39690 | - | 39690 |
| 9 | 26/376 | മുഹമ്മദ് ഇജാസ് | 43759 | - | 43759 |
| 10 | 26/383 | രാജൻ | 29172 | - | 29172 |
| 11 | ആർ എൻ പി ലൈൻ 17/16 | മുരളീധരൻ | 15415 | - | 15415 |
| 12 | ആലംകോട് 2/7 | എ എം സയീദ് | 30633 | - | 30633 |
| 13 | 2/9 | അനിൽ ബി | 30633 | - | 30633 |
| 14 | 2/10 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 24000 | - | 24000 |
| 15 | 2/8 | എ എം സയീദ് | 30632 | - | 30632 |
| 16 | 4/52(1) | അനിൽ പുഴയോരം | 45946 | 19278 (ഒഴിവാക്കി) | 26668 |

വാടകയിനത്തിൽ കുടിശ്ശികയായ തുക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 79/21-22, 27.04.2023ന് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക അടിയന്തിരമായി പിരിച്ചെടു ക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11-1 വാടക ഇനത്തിലെ വരവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക ഇനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വരവുകൾ ഉള്ളതായി കാണുന്നു. ആയത് പരിശോധിക്കാനാവശ്യമായ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 42/21-22, 20.04.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല.

| ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | തുക |
|---|---|---|
| 130100300 | സ്റ്റേഡിയത്തിൽ നിന്നുള്ള വാടക | 77628 |
| 130101100 | കോൺഫറൻസ് ഹാളിൽ നിന്നുള്ള വാടക | 68750 |
| 130800900 | മറ്റ് വാടക | 86400 |

പരിശോധനയ്ക്കാവശ്യമായ അനുബന്ധരേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-12 രസീത് ബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ

രസീതു പുസ്തകങ്ങളിൽ അവയുടെ യഥാർത്ഥ നമ്പരുകൾ തിരുത്തി വേറെ നമ്പരുകൾ ചേർത്തിട്ടുണ്ട്. ചില

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ശരിയായ ബുക്ക് നമ്പർ/ രസീത് നമ്പർ | തിരുത്തിയ ബുക്ക് നമ്പർ/ രസീത് നമ്പർ |
|---|---|
| 128/12701 – 12800 | 124/012301 – 012400 |
| 129/12801 – 12900 | 125/012401 – 012500 |
| 130/12901 - 13000 | 123/012201 – 012300 |
| 187/18600 – 18700 | 122/012101 – 012200 |
| 188/18701 – 18800 | 121/012001 - 012200 |
| 189/18801 – 18900 | 127/012601 – 012700 |
| 190/18901 -19000 | 126/012501 – 012600 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/2023, തീയതി 17.04.2023) മറുപടിയായി മുൻ വർഷങ്ങളിൽ ബാക്കി വന്ന രസീത് ബുക്കുകളാണ് റീ നമ്പർ ചെയ്ത് ഉപയോഗിച്ചതെന്ന് അറിയിച്ചു. ഇത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം ലഭ്യമാക്കാമെന്നാണ് അറിയിച്ചത്. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും തൻവർഷത്തെ ആവശ്യത്തിനനുസരിച്ച് രസീത് ബുക്കുകൾ വാങ്ങുകയാണ് പതിവെന്നും അവ തികയാതെ വരുന്ന സാഹചര്യങ്ങളിൽ മുൻവർഷങ്ങളിൽ ബാക്കിയായ രസീതുബുക്കുകൾ റീനമ്പർ ചെയ്ത് ഉപയോഗിക്കുകയുമാണ് ചെയ്യുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ റീ നമ്പർ ചെയ്യുന്നത് രസീത് നമ്പരുടെകളുടെ ഇരട്ടിപ്പിനും ക്രമക്കേടിനും ഇടയാക്കും എന്നതിനാൽ ഒഴിവാക്കേണ്ടതാണ്. ആയതിനാൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രസ്തുത വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 ലൈസൻസ് അപാകതകൾ

കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും മറ്റും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 1, 2 എന്നിവ പ്രകാരമുള്ള പട്ടികകളിൽ പറഞ്ഞിട്ടുള്ള വ്യാപാരത്തിനോ, പ്രവൃത്തിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരത്തിനോ വേണ്ടി മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലും വ്യക്തി ഉപയോഗപ്പെടുത്തുന്നത് മുനിസിപ്പാലിറ്റിയ്ക്ക് ലൈസൻസ് മൂലം നിയന്ത്രിക്കാവുന്നതാണ്. ഇപ്രകാരം 2021-22 വർഷം ലൈസൻസിനായി ലഭിച്ച അപേക്ഷകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-13-1 ലൈസൻസ് രജിസ്റ്ററുകളുടെ പരിശോധന

1. ലഭ്യമാക്കിയ വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ 2021-22 വർഷം ലൈസൻസ് അനുവദിച്ചിരുന്ന എല്ലാ സ്ഥാപനങ്ങളെയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ആർ.എസ്.പി ട്രേഡേഴ്സ് | 12/433,434 |
| 2 | യൂണിവേഴ്സൽ ഡയഗ്നോസ്റ്റിക് സെന്റർ | 12/488(8) |
| 3 | ആശ്രയ മെഡിക്കൽസ് | 12/488(9) |
| 4 | ജയ ഷൺമുഖ ഏജൻസീസ് | 12/496 |
| 5 | ലക്ഷ്മി ഒപ്റ്റിക്കൽസ് | 12/528 |
| 6 | ഗോപുരം ഹാക്ക് ഐ | 12/528(1) |

3. ഡി & ഒ രജിസ്റ്ററുകളിൽ ക്രമനമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ എത്ര സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്ന് വ്യക്തമല്ല. കൂടാതെ ചില സ്ഥാപനങ്ങൾ ലൈസൻസ് ഫീ ഒടുക്കിയതിന്റെ വിവരങ്ങളും രസീതിന്റെ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2021-22 വർഷം ലൈസൻസ് ഫീ ഇനത്തിൽ ലഭിച്ച കളക്ഷൻ തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. ലഭ്യമാക്കിയ വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ 2021-22 വർഷം ലൈസൻസ് അനുവദിച്ചിരുന്ന എല്ലാ സ്ഥാപനങ്ങളെയും ട്രേഡേഴ്സ്

ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ആർ.എസ്.പി ട്രേഡേഴ്സ് | 12/433,434 |
| 2 | യൂണിവേഴ്സൽ ഡയഗ്നോസ്റ്റിക് സെന്റർ | 12/488(8) |
| 3 | ആശ്രയ മെഡിക്കൽസ് | 12/488(9) |
| 4 | ജയ ഷൺമുഖ ഏജൻസീസ് | 12/496 |
| 5 | ലക്ഷ്മി ഒപ്റ്റിക്കൽസ് | 12/528 |
| 6 | ഗോപുരം ഹാക്ക് ഐ | 12/528(1) |

6. ഡി & ഒ രജിസ്റ്ററുകളിലെ ലൈസൻസ് ഫീ തുകയുടെ രേഖപ്പെടുത്തലുകളിൽ വെട്ടിത്തിരുത്തലുകൾ കാണുന്നു. ആയതിനാൽ ഈടാക്കിയ ലൈസൻസ് ഫീ സംബന്ധിച്ച യഥാർത്ഥ വിവരം രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

ശ്രീ.അസനാരു കണ്ണ്, വലിയവിള വീട് എന്നയാളിന്റെ അപേക്ഷയിന്മേൽ 2400 രൂപ രസീത് നം. 120010107739/17.02.21 പ്രകാരം ലൈസൻസ് ഫീ ഈടാക്കിയിരുന്നു (സ്ഥാപനം-നാസർ റൈസ് & ഫ്ലവർ മിൽ). എന്നാൽ ഡി & ഒ രജിസ്റ്ററിൽ 2400 എന്നത് തിരുത്തി 1000 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 06/12.04.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഇനി മുതൽ രജിസ്റ്ററുകൾ സെക്രട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തുന്നതാണെന്നും രജിസ്റ്ററിലെ മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററിലെ യഥാർത്ഥ ഫീ തിരുത്തി 2022-23 വർഷത്തെ ഫീസ് രേഖപ്പെടുത്തിയെന്നുള്ള ക്രമ നം. 6 പ്രകാരമുള്ള അപാകതയ്ക്ക് നൽകിയ മറുപടി തൃപ്തികരമല്ല. ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-13-2 ലൈസൻസ് അപേക്ഷകളുടെ പരിശോധന

1. സർക്കാർ ഉത്തരവ് (പി)നമ്പർ 62/20 തസ്വഭവ തീയതി 30-10-20 പ്രകാരം കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2020 നിലവിൽ വന്നിട്ടുണ്ട്. മേൽചട്ടം പ്രകാരം വിവിധ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റു സേവനങ്ങൾ എന്നിവയെ ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 2021-22 ലേക്ക് ലൈസൻസ് പുതുക്കാൻ സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല മറ്റുള്ളവയിൽ മൂലധന നിക്ഷേപം കണക്കാക്കിയിരിക്കുന്നത് ഫീൽഡ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല. ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തുന്ന തുകയാണ് മൂലധന നിക്ഷേപമായി കണക്കാക്കുന്നത്.

2. കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾ പ്രകാരം യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ, കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കാവുന്നതാണ്. എന്നാൽ 2021-22 വർഷത്തിൽ ഡി & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കിയ ലൈസൻസ് ഫീസിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമല്ല. ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| ക്രമ നമ്പർ | സ്ഥാപനഉടമയുടെ/ സ്ഥാപനത്തിന്റെ പേര് | സംരംഭം | വാർഡ്/ കെട്ടിട നമ്പർ |
|---|---|---|---|
| 1 | ബദറുദ്ദീൻ.എം | ഹോളോബ്രിക്സ് & ഇന്റർലോക്ക് | 1/106,107 |
| 2 | അസനാരു കണ്ണ് | റൈസ് & ഫ്ലോർമിൽ | 1/397 |
| 3 | അസനാരു കണ്ണ് | ഫ്ലോർമിൽ | 1/646 |
| 4 | മോഹൻ കുമാർ | ഹോളോബ്രിക്സ് & ഇന്റർലോക്ക് | 3/413 |
| 5 | ബാബു.ജി | റൈസ് മിൽ | 7/32 |
| 6 | രാജു.കെ | സാ മിൽ | 7/209(1) |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 06/12.04.23 ന് ലഭ്യമാക്കിയ മറുപടി

പ്രകാരം എത്രയും വേഗം ലൈസൻസ് അനുവദിക്കണമെന്നുള്ളതുക്കൊണ്ടാണ് അപേക്ഷ പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കുന്നതെന്നും ഇതുമായി ബന്ധപ്പെട്ട ട്രെയിനിംഗ് നാളിതുവരെ ലഭിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ പട്ടിക പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീസ് ഈടാക്കുന്നതിന് നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13-3 റേഷൻ ഡിപ്പോകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, പട്ടിക 11ലെ ക്രമ നമ്പർ 54 എന്നിവ പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. എന്നാൽ ഡി & ഒ രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ പരിധിയിലുള്ള പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. നഗരസഭ പരിധിയിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരവും, പ്രസ്തുത റേഷൻകടകൾ ലൈസൻസ് എടുക്കാത്തതിന് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/12.04.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2021-22 വർഷം വരെ റേഷൻ ഡിപ്പോകൾക്ക് ലൈസൻസ് അനുവദിച്ചിരുന്നില്ലെന്നും 2022-23 മുതൽ ലൈസൻസ് നൽകി തുടങ്ങിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത വിവരം അറിയിക്കുന്നതിനോടൊപ്പം നഗരസഭ പരിധിയിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം കൂടി അറിയിക്കേണ്ടതാണ്.

## 1-13-4 ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

ലഭ്യമാക്കിയ ഡി & ഒ ലൈസൻസിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക | ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| കളക്ഷൻ | 2880175 (2020-21 വർഷം ലഭിച്ച അഡ്വാൻസ് കളക്ഷൻ-2216140 + 2021-22 ൽ ലഭിച്ച തൻവർഷത്തെ കളക്ഷൻ-664035) | 2863470 |
| ബാലൻസ് | 4294 | 21000 |

വാർഷിക ധനകാര്യപത്രിക പ്രകാരം ലൈസൻസ് കുടിശ്ശിക ഇനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|
| ഡിമാന്റ് (2020-21 ബാലൻസ് ഷീറ്റ് പ്രകാരം) | 70513 |
| കളക്ഷൻ (2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം) | 51800 |
| ബാലൻസ് (2020-21 ബാലൻസ് ഷീറ്റ് പ്രകാരം) | 18713 |

എന്നാൽ ഡി & ഒ യുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 06/12.04.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായെന്നും തയ്യാറാക്കി ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കേണ്ടതും ഡിസിബി സ്റ്റേറ്റ്മെന്റ്, ധനകാര്യ പത്രിക എന്നിവ തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-13-5 ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ

നിർദ്ദേശം നൽകിയിരുന്നു. മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ലൈസൻസ് അനുവദിക്കുമ്പോൾ മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.30/19.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം ലൈസൻസ് അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13-6 പ്രൈവറ്റ് മാർക്കറ്റ് ലൈസൻസ് - ഫീസ് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

07.05.21 ലെ കൗൺസിൽ സാധാരണ യോഗത്തിന്റെ അജണ്ട 15(1) പ്രകാരം നഗരസഭയിലെ മൾട്ടി പ്രൈവറ്റ് മാർക്കറ്റിന് മുൻവർഷത്തെ റേറ്റ് പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കി 2021-22 വർഷത്തെ ലൈസൻസ് പുതുക്കി നൽകുന്നതിന് തീരുമാനിച്ചു. ബന്ധപ്പെട്ട PH1-239/03 നം. ഫയൽ പരിശോധിച്ചതിൽ 2020-21 വർഷം ആകെ 625554/- രൂപയാണ് ലൈസൻസ് ഫീ കണക്കാക്കിയിരുന്നത്. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2021-22 ലും ടി തുക തന്നെയാണ് ഫീയിനത്തിൽ ഈടാക്കേണ്ടത്. എന്നാൽ തുക ഒടുക്കുവരുത്തിയതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഫയലിലോ രജിസ്റ്ററിലോ ലഭ്യമല്ല. 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ഹെഡ് നം.140501000 എന്ന ഹെഡ്ഡിൽ 156388/- രൂപയുടെ വരവ് കാണുന്നു (ഒന്നാം ഗഡു തുക). ബാക്കി ഗഡു തുകകൾ ഒടുക്കു വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.30/19.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷം പ്രൈവറ്റ് മാർക്കറ്റിന്റെ ലൈസൻസ് ഫീ ഈടാക്കിയതിന്റെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13-7 മാമം നാളികേര കോംപ്ലക്സ് - ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

15.02.21 ലെ കൗൺസിൽ സാധാരണ യോഗത്തിന്റെ അജണ്ട 8(1) പ്രകാരം നഗരസഭ പരിധിയിലുള്ള മാമം നാളികേര കോംപ്ലക്സിന്റെ ലൈസൻസ്, വസ്തു നികുതി കുടിശ്ശിക ഒടുക്കുവരുത്തിയതിനു ശേഷം മാത്രം പുതുക്കി നൽകുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നാളികേര കോംപ്ലക്സിന്റെ നികുതി കുടിശ്ശിക ഈടാക്കിയിട്ടുണ്ടോയെന്ന വിവരവും കോംപ്ലക്സിലെ കെട്ടിട നം.16/396 മുതൽ 16/412 വരെയുള്ളവയിൽ പ്രവർത്തിക്കുന്ന വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ്, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ പ്ലാന്റ് എന്നിവയ്ക്ക് 2021-22 വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ലൈസൻസ് ഫീസ് ഒടുക്കു വരുത്തിയതിന്റെ വിശദാംശങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 30/19.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട വിവരങ്ങളും മേൽ വിഷയത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13-8 കെസിആർ ലൈസൻസ് - രേഖകൾ ലഭ്യമാക്കേണ്ടതാണ്

കേരള സിനിമാസ് (റെഗുലേഷൻ) ആക്ട് 1958, കേരള സിനിമാസ് (റെഗുലേഷൻ) ചട്ടങ്ങൾ 1988 എന്നിവ പ്രകാരം സിനിമാശാലകൾ പ്രവർത്തിപ്പിക്കുന്നതിന് 1000/- രൂപ നിരക്കിൽ ഫീസ് ഒടുക്കി ലൈസൻസ് എടുക്കേണ്ടതാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന 7 തീയറ്ററുകളിൽ 5 എണ്ണത്തിന്റെ ഫയൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. തപസ്യ പാരഡൈസ്, ഡ്രീംസ് എന്നിവയുടെ ഫയലുകൾ ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തപസ്യ, വൈശാഖ് സിനി ഹൗസ് എന്നീ തീയറ്ററുകൾ 2021-22 വർഷം ലൈസൻസ് പുതുക്കിയിട്ടുള്ളതായി കാണുന്നു. ബന്ധപ്പെട്ട രസീത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന തീയറ്ററുകളുടെ ഫയൽ പരിശോധിച്ചതിൽ നോട്ട് ഫയലിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണെന്ന് എന്ന് എഴുതിയിട്ടുണ്ടെങ്കിലും തുക ഒടുക്കിയതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

| ക്രമ നം. | തീയറ്ററിന്റെ പേര് | ബന്ധപ്പെട്ട ഫയൽ നം. |
|---|---|---|
| 1 | ഗംഗ | R4/11142/06 |
| 2 | യമുന | R3/3137/09 |
| 3 | കാവേരി | R4/6249/09 |

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ 140110400 – License Fees Under Cinema Regulation Act

എന്ന ഹെഡ്ഡിൽ 3000 രൂപയുടെ വരവ് കാണുന്നു. ബന്ധപ്പെട്ട ലെഡ്ജർ, രസീതുകൾ എന്നിവ പരിശോധിച്ചതിൽ തപസ്യ, വൈശാഖ് സിനി ഹൗസ്, തപസ്യ പാരഡൈസ് എന്നീ തീയറ്ററുകളുടെ ലൈസൻസാണ് പുതുക്കിയിട്ടുള്ളത് എന്ന് കാണുന്നു. ആയതിനാൽ അവശേഷിക്കുന്ന 4 തീയറ്ററുകളിൽ നിന്നും 2021-22 വർഷം കെസിആർ ലൈസൻസ് ഫീ ഈടാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.40/20.04.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കെ.സി.ആർ ലൈസൻസ് എടുക്കാത്ത തീയറ്ററുകൾ ബന്ധപ്പെട്ട അപേക്ഷകൾ ലഭ്യമാക്കിയെങ്കിലും കെട്ടിടനികുതിയും, തൊഴിൽ നികുതിയും വിനോദ നികുതിയും ഒടുക്ക് വരുത്താത്തതിനാലാണ് ലൈസൻസ് പുതുക്കി നൽകാത്തതെന്നും കോവിഡ് സാഹചര്യത്തിൽ അവ ലൈസൻസ് പുതുക്കിയിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ തീയറ്ററുകൾ 2021-22 ൽ ലൈസൻസിനുള്ള അപേക്ഷ നൽകിയതിനാൽ കോവിഡ് സാഹചര്യം മൂലമാണ് ലൈസൻസ് പുതുക്കാത്തത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അവയിൽ നിന്നും 2021-22 ലെ നികുതി കുടിശ്ശികകൾ ഈടാക്കിയതിന്റെ വിവരങ്ങളും തുടർന്ന് ലൈസൻസ് പുതുക്കി നൽകിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി- അപാകതകൾ

1994 കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 230, 231, 233, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭയിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-14-1 സഞ്ചയയിൽ ഡിമാന്റില്ലാതെ തുക കളക്ട് ചെയ്തിരിക്കുന്നു

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നഗരസഭയിലെ വസ്തു നികുതി നിർണയം നടത്തിയ വിവിധ കെട്ടിടങ്ങളുടെ വാർഷിക ഡിമാന്റ് തുക രേഖപ്പെടുത്താതെ (ഡിമാന്റ് തുക 0) കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്. ഇത്തരത്തിൽ പിരിച്ചെടുത്ത തുക നിലവിൽ അഡ്വാൻസ് ഇനത്തിൽ നില നിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 1/666/xx | പ്രസാദ്. എസ് | പാർപ്പിടാവശ്യം | 98 ച.മീ | 5471 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43 ന് പ്രസ്തുത കെട്ടിടം സഞ്ചയ Online പ്രകാരം Demolished Status ൽ ആണെന്നും 2016-17 ലെ റിവിഷൻ പ്രകാരമുള്ള തുക വരും വർഷങ്ങളിൽ അഡ്ജസ്റ്റ് ചെയ്ത് നൽകുകയാണ് ചെയ്യുന്നതെന്നും എന്നാൽ കെട്ടിടം നിലവിൽ ഇല്ലാത്തതിനാൽ ആയത് അഡ്ജസ്റ്റ് ചെയ്ത് നൽകാൻ കഴിഞ്ഞിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 1-14-2 പാർപ്പിടാവശ്യത്തിന് സഞ്ചയയിൽ ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിൽ വാണിജ്യാവശ്യത്തിന് ലൈസൻസ്

വിവിധ കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഉപയോഗ ക്രമവും ലൈസൻസ് അനുവദിച്ചിരിക്കുന്ന ഉപയോഗ ക്രമവും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പാർപ്പിടങ്ങൾ /വീട് എന്ന വിഭാഗത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥൻ | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ഉപയോഗ ക്രമം | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | XVII/136(2) | സോജ, ഷർനഷംസുദ്ദീൻ | പ്രൊവിഷൻ സ്റ്റോർ | പാർപ്പിടം |
| 2 | XI/166(2) | എം.എച്ച് റഹീം, ഷൈല | ഫോട്ടോകോപ്പി | പാർപ്പിടം |
| 3 | III/213 | രതി. എൽ | റേഡിയേറ്റർ വർക്സ് | പാർപ്പിടം |

| | | | | |
|---|---|---|---|---|
| 4 | III/316 | ജോർജ്ജ് എൻ.എ | വർക്ക് ഷോപ്പ് | പാർപ്പിടം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 41 ന് സഞ്ചയ പ്രകാരം മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യം എന്ന തന്നെയാണെന്നും ലൈസൻസ് നൽകുന്നത് ഹെൽത്ത് വിഭാഗത്തിൽ നിന്നാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. നഗരസഭ പരിധിയിലെ വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയ കെട്ടിടത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ചതു വഴി വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. എല്ലാ വാർഡുകളിലേയും ഇപ്രകാരമുള്ള കെട്ടിടങ്ങളെ കണ്ടെത്തി നികുതിയിനത്തിൽ ചോർച്ച സംഭവിക്കുന്നില്ലായെന്നുറപ്പു വരുത്തി അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-3 200 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് തെറ്റായ നികുതി നിർണ്ണയം നടത്തി

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് നഗരസഭ പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 200 മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 90/- രൂപയാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ളത്.

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന വാണിജ്യകെട്ടിടങ്ങളെ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നം/കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം ച.മീ |
|---|---|---|---|---|
| 1 | XVII/147 | രാജേഷ്. എസ് | തിരുവോണം പെയിന്റ്സ് | 208.2 |
| 2 | XVII/148 | രാജേഷ്. എസ് | തിരുവോണം പെയിന്റ്സ് | 292.34 |
| 3 | XVII/149 | രാജേഷ്. എസ് | തിരുവോണം പെയിന്റ്സ് | 293.34 |
| 4 | XVII/354(1) | എം.ആർ. മനോജ് | ഷോപ്പ് | 224.56 |
| 5 | XVIII/127 | പ്രദീപ് | ആദിത്യ ഗ്രൂപ്പ് | 285.8 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 49 ന് നികുതി പുനർനിർണ്ണയിച്ച് അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വാർഡുകളിലേയും ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളേയും കണ്ടെത്തി നികുതി പുനർനിർണ്ണയിച്ച് അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-4 പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നു.

1997ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ, പ്രകാരം രജിസ്ട്രേഷൻ അനുവദിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നത് പാർപ്പിടാവശ്യത്തിന് നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിലാണ്.

| വാർഡ്/കെട്ടിട നം | വിസ്തീർണം ച.മീ | കെട്ടിട ഉടമ | രജിസ്ട്രേഷൻ അപേക്ഷകൻ | സ്ഥാപനം |
|---|---|---|---|---|
| XVIII/59(8) | 175.15 | മുഹമ്മദ് സജി | മുഹമ്മദ് സജി | Smile Bank Dental Clinic |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 49 ന് സഞ്ചയ പ്രകാരം മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യം എന്ന തന്നെയാണെന്നും ലൈസൻസ് നൽകുന്നത് ഹെൽത്ത് വിഭാഗത്തിൽ നിന്നാണ് എന്ന മറുപടി അംഗീകരിക്കുന്നില്ല. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-5 സഞ്ചയയിൽ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

നഗരസഭയിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി 01.04.2016 പ്രാബല്യത്തിൽ പുതുക്കിയ നികുതി നിർണയിച്ചിട്ടില്ല. സ.ഉ(സാധാ)നം.540/2019/തസ്വഭവ തീ.06.03.2019 പ്രകാരം നഗരസഭകളിലെ വസ്തു നികുതി പരിഷ്കരണ തീയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടങ്ങളുടെ ഫാറം 6 ലെ ഡേറ്റാ എൻട്രി 2019-20 വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ വാണിജ്യ കെട്ടിടങ്ങൾ ഉൾപ്പെടെ വിവിധ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഫോം 6 സ്റ്റാറ്റസ് - Not Start എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 1/1/2 | അജിത്ത്, ഇടവന വീട് | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 2/2/71 | രഞ്ജിത്ത്/ റീജ | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 2/336 | മോഹനൻ/സുജിത | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 45 ന് മേൽ പരാമർശിച്ച കെട്ടിടങ്ങൾ നിലവിൽ ഉള്ളതാണോയെന്ന് പരിശോധിക്കുന്നതിനായി റവന്യൂഇൻസ്പെക്ടർക്ക് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിച്ച് അറിയിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-6 അനധികൃതകെട്ടിട നിർമ്മാണം-രജിസ്റ്റർ പരിപാലിച്ചിട്ടില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫാറം 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.അപ്രകാരമുള്ള രജിസ്റ്റർ 2021-22 സാമ്പത്തിക വർഷം സൂക്ഷിച്ചിട്ടില്ല. 2022-23 മുതൽ U/A രജിസ്റ്റർ പരിപാലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത മാതൃകയിലല്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20(1) അനുശാസിക്കും പ്രകാരം അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ പരിപാലിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 74).

## 1-14-7 അനധികൃതകെട്ടിട നിർമ്മാണം- ഫയൽ ലഭ്യമാക്കിയില്ല

23.3.2022 ലെ ഭരണസമിതി തീരുമാനം 12(1) പ്രകാരം നഗരസഭ പരിധിയിൽ രാജകുമാരി ഷോപ്പിംഗ് കോംപ്ലക്സ് എന്ന സ്ഥാപനത്തിന്റെ അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. ട്രൈബ്യൂണലിന്റെ 08.03.22 ലെ എപിഎൽ 440/21 നമ്പർ അപ്പീലിന്മേൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവ് നടപ്പിലാക്കുന്നതിന് അനുമതി നൽകി തീരുമാനിക്കുന്നതിനും തുടർ നടപടി സ്വീകരിച്ച് ഒക്കുപ്പൻസി നൽകുന്നതിന് മുനിസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരം, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 73 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14-8 മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന വിവിധ ടെലഫോൺ ടവറുകളുടെ 2021-22 വർഷം വരെയുള്ള വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | ഉടമ/സ്ഥാപനം | 2021-22 വരെയുള്ള കുടിശ്ശിക |
|---|---|---|---|
| 1 | 1/409/2 | M/S Indus Towers Limited | 198166 |
| 2 | 2/497 | Indus Towers Ltd | 39804 |
| 3 | 10/149/2 | Aircell Dishnet Wireless Ltd | 152445 |
| 4 | 15/352/1 | Telecom Civil Sub Divisional Engineer | 148398 |
| 5 | 17/36/1 | Aircel Mobile Tower | 113287 |
| 6 | 17/492/2 | Dishnet Wireless Ltd | 100428 |

| | | | |
|---|---|---|---|
| 7 | 18/619/ | Tata Tele Services Ltd | 120009 |
| 8 | 20/199/1 | Aircel Dishnet Wireless Ltd | 117563 |
| 9 | 20/389/ | V.K.Rajan | 117367 |
| 10 | 21/460/1 | Sub Divisional Engineer,BSNL Telecom | 293397 |
| 11 | 23/113/2 | Manager Indus Towers Ltd | 129478 |
| 12 | 23/346/2 | Indus Towers Ltd | 26825 |
| 13 | 26/1228/1 | Dishnet Wireless L.t.d(AIRCEL) | 88137 |
| 14 | 28/375/2 | BSNL,Sub Divisional Engineer | 293397 |
| 15 | 24/416/1 | Wireless T.T Info Services Ltd Cochi | 22635 |
| 16 | 30/515/ | Biju.T.Nair | 180054 |
| 17 | 2/513 | Reliance Infratall Ltd | 39804 |
| 18 | 3/366/1 | Indus Towers | 21421 |
| 19 | 11/880/1 | Indus Towers Ltd | 41666 |
| 20 | 12/462 | Mobile Communication Ltd | 323225 |
| 21 | 16/22/17 | Viom Networks | 28961 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 70 ന് മൊബൈൽ കമ്പനികൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അഞ്ച് മൊബൈൽ ടവറുകളാണ് നികുതി ഒടുക്കുന്നതിന് തയ്യാറായിട്ടുള്ളതെന്നും ബാക്കി ഉള്ളവർ നികുതി ഒടുക്കാൻ തയ്യാറായിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വസ്തു ഉടമകൾക്ക് നോട്ടീസ് നൽകി റവന്യൂ റിക്കവറി ഉൾപ്പെടെ നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 വിനോദ നികുതി, പരസ്യനികുതി -രേഖകൾ ലഭ്യമാക്കിയിട്ടില്ല

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക ഇൻകം ആന്റ് എക്സ്പെൻഡിച്ചർ I-1 Tax Revenue ഷെഡ്യൂൾ പ്രകാരം പരസ്യനികുതി ഇനത്തിൽ 9000/- രൂപയുടെയും വിനോദ നികുതി ഇനത്തിൽ 14758/- രൂപയുടെയും വരവുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 38 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരവിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി- അപാകതകൾ

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, നഗരസഭ തൊഴിൽ നികുതി ഈടാക്കിയതിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽനികുതി നിർണ്ണയം - പത്രികകൾ പരിശോധനയ്ക്ക് പൂർണ്ണമായും ലഭ്യമാക്കിയില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 250 പ്രകാരം തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലി ചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് ജോലിക്കാക്കപ്പെട്ട ആളുകളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച സ്റ്റേറ്റുമെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനും ആവശ്യപ്പെടാവുന്നതാണ്.

എന്നാൽ വാർഡ് 16, 31, 17, 18 , 26, 11 എന്നീ സ്ഥാപനങ്ങളിലെ സ്റ്റേറ്റുമെന്റുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. അതിൽ തന്നെ ഒന്നാം അർദ്ധവർഷത്തേയും രണ്ടാം അർദ്ധ വർദ്ധത്തേയും രജിസ്റ്റർ പ്രകാരമുള്ള എല്ലാസ്ഥാപനങ്ങളുടേയും മുഴുവൻ സ്റ്റേറ്റുമെന്റുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള തൊഴിൽ നികുതി വരവിന്റെ ആധികാരികത ഉറപ്പു വരുത്താനായിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ. കല്ലിഗൽ ആട്ടോമൊബൈൽസ്, മൂന്നുമുക്ക് - I Half (രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഉണ്ടെങ്കിലും പത്രിക ലഭ്യമാക്കിയില്ല)

ബി. IDBI Bank Ltd Mamam -Ihalf (രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഉണ്ടെങ്കിലും പത്രിക ലഭ്യമാക്കിയില്ല)

സി) മണപ്പുറം ഫിനാൻസ് ലിമിറ്റഡ്- I Half (രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഉണ്ടെങ്കിലും പത്രിക ലഭ്യമാക്കിയില്ല)

പത്രികകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നികുതി നിർണ്ണയത്തിന്റെ ആധികാരികത ഉറപ്പു വരുത്താനായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8 ന് ജോലി ചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് ജോലിക്കാക്കപ്പെട്ട ആളുകളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും ക്രമ നം. A, B. C എന്നിവയിൽ പരാമർശിച്ച സ്ഥാപനങ്ങൾ ഓൺലൈനായി തുക ഒടുക്കുവരുത്താറുണ്ടെന്നും എന്നാൽ പത്രിക സമർപ്പിക്കാറില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പത്രികയുടെ അഭാവത്തിൽ തൊഴിൽനികുതി വരവിന്റെ ആധികാരികത എപ്രകാരമാണ് ഉറപ്പുവരുത്തിയതെന്നതിൽ വ്യക്തതയില്ല. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തൊഴിൽനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. തൊഴിൽ നികുതി രജിസ്റ്റർ രേഖപ്പെടുത്തൽ പൂർണ്ണമല്ല

പത്രിക ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അത് സംബന്ധിച്ച രേഖപ്പെടുത്തൽ രജിസ്റ്ററിൽ വരുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ. കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് - രണ്ടാം അർദ്ധവർഷത്തെ പത്രിക പ്രകാരം 13 ജീവനക്കാരുടെ നികുതിയിനത്തിൽ 9350 രൂപ വരവുണ്ട്. അത് സംബന്ധിച്ച രേഖപ്പെടുത്തൽ രജിസ്റ്ററിൽ വരുത്തിയിട്ടില്ല.

ബി. മണപ്പുറം ഹോം ഫിനാൻസ് ലിമി. രണ്ടാം അർദ്ധവർഷത്തെ പത്രിക പ്രകാരം 6 ജീവനക്കാരുടെ നികുതിയിനത്തിൽ 5000 രൂപ വരവുണ്ട്. എന്നാൽ അത് സംബന്ധിച്ച രേഖപ്പെടുത്തൽ രജിസ്റ്ററിൽ വരുത്തിയിട്ടില്ല.

സി. എൻ. എസ്. കെ അനന്താര റിസോർട്ട് (പ്രൈ) ലിമിറ്റഡ് രണ്ടാം അർദ്ധ വർഷത്തെ പത്രിക ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തൽ രജിസ്റ്ററിൽ വരുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8 ന് പത്രിക ലഭ്യമായിട്ടുള്ള സ്ഥാപനങ്ങളുടെ സ്റ്റേറ്റ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. നഗരസഭയിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ നികുതിദായകരേയും കണ്ടെത്തി ലിസ്റ്റ് ചെയ്യേണ്ടതും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. ഈയിനത്തിൽ നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

3. അഭിഭാഷകരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ തുടങ്ങിയവരിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭാ പരിധിയിലുള്ള അഭിഭാഷകർക്ക് നോട്ടീസ് നൽകി 2021-22വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 ന് സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ എന്നിവർ നികുതി ഒടുക്കുവരുത്താറുണ്ടെങ്കിലും അഭിഭാഷകർക്ക് പല പ്രാവശ്യം നോട്ടീസ് നൽകിയിട്ടും നികുതി ഒടുക്കുവാൻ തയ്യാറായിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തൊഴിൽ നികുതി ഈടാക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ച് തുടർനടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

രേഖകൾ ലഭ്യമാക്കിയിട്ടുള്ള വാർഡ് 16, 31, 17, 18 എന്നിവ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 /12.04.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കെ.എസ്.എഫ്.ഇ ഈവനിംഗ് ബ്രാഞ്ച്, ആറ്റിങ്ങൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>ഇൻഡസ് മോട്ടോർസ്, മാമം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| മണപ്പുറം ഹോം ഫിനാൻസ് ലിമി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| കെ. എസ്.എഫ്.ഇ റീജിയണൽ ഓഫീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| മുളമൂട്ടിൽ കൺസ്യൂമർ ക്രെഡിറ്റ്സ് ലിമി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | |
|---|---|
| നയന ഒപ്റ്റിക്കൽ സെന്റർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| നയന ഐ കെയർ സെന്റർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| രാമചന്ദ്രൻ ടെക്സ്റ്റൈൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| എൻ.എസ്.കെ അനന്താര റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| മരിക്കാർ മോട്ടോർസ്, ഹോണ്ട | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ടീം ലീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| തിരുവോണം പെയിന്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ഡ്രീംസ് തിയേറ്റർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ICL FINCORP LTD | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ജ്യോതിസ് പബ്ലിക് സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| കേരള സംസ്ഥാന സഹകരണബാങ്ക് മെയിൻ ബ്രാഞ്ച്, മാമം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| മണപ്പുറം ഫിനാൻസ് ലിമി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ഗോശ്രീ ഫീനാൻസ് ലിമി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ബെൻസ്റ്റാർ ഇൻവെസ്റ്റ്മെന്റ് & ഫിനാൻസ് പ്രൈ. ലിമി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ECOM EXPRESS LTD | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| TVM DISTRICT COOPERATIVE BANK | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| Muthoot Mini Financiers Ltd | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| UNIMONI | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ടി അപാകത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും നികുതി ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-17 വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ പറയുന്ന നികുതിയിതര ഇനങ്ങളിൽ വരവ് കാണുന്നു.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 140119900 | Other Licensing Fees | 8551 |
| 2 | 140409900 | Other Fees | 277975 |
| 3 | 140500900 | Public Sanitation Charges | 7500 |
| 4 | 140501400 | Receipts On Account Of Cost Of Services Rendered | 4727996 |
| 5 | 140501800 | Receipts From Hospitals & Dispenseries | 11240 |
| 6 | 150100300 | Sale Of Usufructs | 1460380 |
| 7 | 150120200 | Sale Of Scrap | 173496 |
| 8 | 150120300 | Receipts From Auction Of Obsolete Assets | 85100 |
| 9 | 180809900 | Miscellaneous Receipts | 215000 |

മേൽ വരവിനങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ (ബന്ധപ്പെട്ട രജിസ്റ്ററുകൾ/ഫയലുകൾ) ഹാജരാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 22/18.04.2023 നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പട്ടികയിൽ പരാമർശിച്ച വരവിനങ്ങൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 പാരാമെഡിക്കൽ/സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷൻ - അപാകതകൾ

പാരാമെഡിക്കൽ/സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലഭ്യമാക്കിയ പാരാമെഡിക്കൽ/സ്വകാര്യ ആശുപത്രികളുടെ രജിസ്റ്റർ പ്രകാരം ആകെ 79 സ്ഥാപനങ്ങളാണ് 2021-22

ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 14 എണ്ണം പുതുതായി രജിസ്ട്രേഷൻ എടുത്തിട്ടുള്ളവയാണ്. എന്നാൽ 3 എണ്ണത്തിന്റെ അപേക്ഷ മാത്രമാണ് ലഭ്യമാക്കിയത്. കൂടാതെ ചില സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീ ഒടുക്കിയ രസീതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2021-22 വർഷം ലഭിച്ച കളക്ഷൻ തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. 2021-22 ൽ ഡി & ഒ ലൈസൻസ് പുതുക്കിയിട്ടുള്ള ചുവടെ പറയുന്ന സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനം 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | പ്രവർത്തിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | 11/852(1) | * അമ്മ ഹോമിയോസ്<br>ഹോമിയോ ക്ലിനിക് |
| 2 | 1/394 | മെഡികെയർ ക്ലിനിക്കൽ ലാബ് & തൈറോയ്ഡ് സെന്റർ |
| 3 | 14/17 | ആയുർവേദ വൈദ്യശാല |
| 4 | 11/758 | ക്ലിനിക്കൽ ലാബ് |

*സഞ്ചയയിൽ ആശുപത്രികൾ എന്ന ഗണത്തിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.51/24.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച പരിശോധന

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

1. ലഭ്യമാക്കിയ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം ആകെ 55 സ്ഥാപനങ്ങളാണ് 2021-22 ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ 8എണ്ണത്തിന്റെ അപേക്ഷ മാത്രമാണ് ലഭ്യമാക്കിയത്. കൂടാതെ ചില സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീ ഒടുക്കിയ രസീതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2021-22 വർഷം ലഭിച്ച കളക്ഷൻ തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. 2021-22 ൽ ഡി & ഒ ലൈസൻസ് പുതുക്കിയിട്ടുള്ള ചുവടെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനം 1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | പ്രവർത്തിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | 10/139(1) | മഹാരാജാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമേഷൻ & ടെക്നോളജി |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 51/24.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 കെട്ടിടനിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ

2021-22 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ലഭ്യമാക്കിയ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് രജിസ്റ്റർ പൂർണമല്ല.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ കോളങ്ങളിലും രേഖപ്പെടുത്തലുകൾ ഇല്ല.

2. അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം പെർമിറ്റിനായി ലഭിച്ച ചില അപേക്ഷകൾ ലഭിച്ച വിവരം

മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ചേർത്തിട്ടില്ല. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| അപേക്ഷ നം./തീയതി | അപേക്ഷകന്റെ പേര് |
|---|---|
| PW2-6121/21/03.04.21 | ജിജിരാജ്.ബി, പ്ലാവിള വീട് |
| PW2-6435/21/13.04.21 | ഉദയകുമാർ & മിനി, ആതിര |
| PW2-6637/21/17.04.21 | സജീന, ഹാജിസ്സ |
| PW4-6651/21/17.04.21 | ദീപുരാജ്.ബി, ദീപു നിവാസ് |
| PW4-6768/21/20.04.21 | അശോകൻ, അശ്വതി ഭവൻ |

3. പെർമിറ്റ് അപേക്ഷകളിൻമേൽ A.E യുടെ അന്വേഷണ റിപ്പോർട്ട് പൂർണമല്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 2/12/15-ലെ നം.12900/ആർ/2015/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പെർമിറ്റ് അപേക്ഷകളിൽ എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശ ഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവെ / റീസർവെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ AE യുടെ അന്വേഷണ റിപ്പോർട്ടിൽ മേൽ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തുന്നില്ല എന്നു കാണുന്നു. കൂടാതെ നോട്ട് ഫയലിലാണ് റിപ്പോർട്ട് എഴുതി ചേർത്തിരിക്കുന്നത്.

4. കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ അപേക്ഷകൾക്കായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് റെഗുലറൈസേഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നത്.

5. പെർമിറ്റ് രജിസ്റ്ററിൽ അബ്സ്ട്രാക്റ്റ് എഴുതി ചേർത്തിട്ടില്ല.

2021-22 വർഷം ആകെ എത്ര രൂപയാണ് പെർമിറ്റ് ഫീസിനത്തിൽ ലഭിച്ചിട്ടുള്ളത് എന്ന വിവരം രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. അബ്സ്ട്രാക്റ്റ് എഴുതി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 53/24.04.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം രജിസ്റ്ററിലെ അപാകതകൾ പരിഹരിക്കുന്നതാണെന്നും റഗുലറൈസേഷന് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ തുടർന്നുള്ള ഫയലുകളിൽ ഓഡിറ്റ് നിർദ്ദേശാനുസരണം ആവശ്യപ്പെട്ടിട്ടുള്ള രേഖകളും നിർദ്ദേശങ്ങളും പാലിച്ച് എ.ഇ യുടെ റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

## 1-21 ക്രിമിറ്റോറിയം പ്രവർത്തനം സംബന്ധിച്ച്

നഗരസഭ ലഭ്യമാക്കിയ 2021-22 വർഷത്തെ ക്രിമിറ്റോറിയത്തിൽ നിന്നുള്ള വരവ് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. രജിസ്റ്റർ പ്രകാരം 2021-22 വർഷം 250 രൂപയാണ് ഒരു മൃതദേഹം സംസ്കരിക്കുന്നതിനായി ഈടാക്കിയിട്ടുള്ളത്. എന്നാൽ ഗ്യാസ്, വിറക് എന്നിവയിൽ ഏതാണ് ദഹനത്തിന് ഉപയോഗിച്ചിട്ടുള്ളത് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. അപേക്ഷകരിൽ നിന്നും പണം സ്വീകരിക്കുന്നുണ്ടെങ്കിലും അപ്പോൾ തന്നെ രസീത് നൽകുന്നതായി കാണുന്നില്ല. പകരം ലഭിക്കുന്ന ആകെ തുക പിന്നീട് നഗരസഭയിൽ ഒടുക്കുന്ന രീതിയാണ് കാണുന്നത്. 2021 ജൂൺ മുതൽ 2022 മാർച്ച് മാസം വരെയുള്ള വരവ് തുകയായ 30750 രൂപ 2022 മാർച്ച് മാസത്തിലാണ് നഗരസഭയിൽ ഒടുക്കു വരുത്തിയിട്ടുള്ളത്.

3. 2021-22 വർഷം ക്രിമിറ്റോറിയം നടത്തിപ്പ് ചുമതല ഏൽപ്പിച്ചത് ആർക്കാണെന്ന വിവരവും തെരഞ്ഞെടുത്ത നടപടിക്രമവും ടിയാളുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പും ലഭ്യമാക്കിയിട്ടില്ല.

4. 2021-22 വർഷം ഈടാക്കിയിട്ടുള്ള മേൽ നിരക്ക്, കരാറുകാരന് അനുവദിച്ചിട്ടുള്ള നിരക്ക് എന്നിവ അംഗീകരിച്ചുകൊണ്ടുള്ള നഗരസഭ കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടില്ല.

5. രജിസ്റ്ററിലെ ക്രമ നം.8, ക്രമ നം. 53 എന്നിവ പ്രകാരം സംസ്കരിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുകയും, എന്നാൽ തുക ഒന്നും തന്നെ ഈടാക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. ക്രമ നം. 8 പ്രകാരമുള്ള ബന്ധപ്പെട്ടവരുടെ സാമ്പത്തിക ബുദ്ധിമുട്ട്

കാരണം പണം ഈടാക്കിയിട്ടില്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്രമ നം.53 പ്രകാരമുള്ള അപേക്ഷകനിൽ നിന്നും ഫീസ് ഈടാക്കാത്തതിനുള്ള കാരണം വ്യക്തമല്ല. ഇപ്രകാരമുള്ള വിഷയങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് കരാറുകാരന് അധികാരം നൽകിക്കൊണ്ടുള്ള കൗൺസിൽ തീരുമാനം/ബന്ധപ്പെട്ട കരാർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

6. ക്രിമിറ്റോറിയവുമായി ബന്ധപ്പെട്ട് 2022-23 വർഷം തയ്യാറാക്കിയ ബൈലോയ്ക്ക് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.61/25.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ബൈലോയ്ക്ക് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ലായെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 വീട് വാസയോഗ്യമാക്കൽ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 52/22 (NEW) |
| പ്രോജക്റ്റിന്റെ പേര് | ഭവന പുനരുദ്ധാരണം ( ജനറൽ) |
| അടങ്കൽ | 1100000 |
| ചെലവ് | 1000000 |
| ഫണ്ടിനം | വികസന ഫണ്ട്( ജനറൽ) |
| ബിൽ നമ്പർ | ബിൽ നം 193/12-1-22-500000<br>ബിൽ നം 264/23-2-22-50000<br>ബിൽ നം 265/23-2-22-450000 |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ |
| ഓഡിറ്റ് എൻക്വയറി നം | 35/20-4-23 |

നഗരസഭ പരിധിയിൽ താമസിക്കുന്ന വീട് വാസയോഗ്യമല്ലാത്ത മുൻഗണനാ വിഭാഗം 11 പേരെ കണ്ടെത്തി ഒരാൾക്ക് ഒരു ലക്ഷം വീതം നൽകി വീട് വാസയോഗ്യമാക്കുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്യുന്നത്. തൻ വർഷം 18 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡുവായി 50000രൂപ വച്ച് 900000 രൂപയും ഒരാൾക്ക് രണ്ടു ഗഡുക്കളായി 100000 രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു

1. ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിന് മുൻപായി വരുമാനം നിശ്ചിത പരിധിക്കുള്ളിലാണെന്ന് തെളിയിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് അപേക്ഷകളോടൊപ്പം വച്ചിട്ടില്ല.ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി റേഷൻ കാർഡിലെ വരുമാനം, തരം, എന്നിവ കൂടി പരിഗണിച്ചാണ് ആനുകൂല്യം നൽകിയതെന്നും തുടർ വർഷങ്ങളിൽ അപാകം പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

2. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് മുൻ വർഷങ്ങളിൽ ഇതേ ആനുകൂല്യം അനുവദിച്ചിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയ സെക്രട്ടറിയുടെ സാക്ഷ്യ പത്രം അപേക്ഷകളോടൊപ്പം വച്ചിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നത് ദാരിദ്ര ലഘൂകരണ വിഭാഗം (അർബൻ) വഴിയായതിനാലാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടില്ല എന്ന സെക്രട്ടറിയുടെ സാക്ഷ്യ പത്രം വയ്ക്കാത്തത് എന്നാണ്. തുടർ വർഷങ്ങളിൽ അപാകം പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

3. വീട് വാസയോഗ്യമാക്കുന്നതിനായി തുക കൈപ്പറ്റിയ 1) ലീലാ മണി കുരക വിള വീട്, മേലാറ്റിങ്ങൽ 2) ശ്യാമള കെ. ഐക്കര വിളാകം , അവനവൻ ചേരി 3) ലീലാ കുമാരി, വലിയ വീട്, കുരിച്ചിറയിൽ, 4.) ഭവാനിയമ്മ മാമ്പഴ കോണത്ത് വീട്, അവനവൻ ചേരി എന്നിവരുടെ ഫയൽ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയിരിക്കുന്ന വാല്യുവേഷൻ സ്റ്റേറ്റ്മെന്റിലെ രേഖപ്പെടുത്തൽ പ്രകാരം നടപ്പിലാക്കിയിരിക്കുന്ന പ്രവർത്തി മേൽക്കൂര മാറ്റൽ എന്നതാണ്. സ ഉ ( കൈ) നം 22/18 തസ്വഭവ തിയ്യതി 14-2-18 - ഖണ്ഡിക 6-7-1 പ്രകാരം മേൽക്കൂര മാറ്റൽ എന്ന പ്രവർത്തിക്കായി അനുവദിക്കാൻ കഴിയുന്നത് 75000 രൂപയാണെന്നിരിക്കെ വീട് വാസയോഗ്യമാക്കൽ പ്രവർത്തിയിൽ ഉൾപ്പെടുത്തി 100000 രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. പ്രസ്തുത അപാകം മുൻ വർഷങ്ങളിൽ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും തുടർ വർഷത്തിലും അപാകം ആവർത്തിക്കുന്നത് ഉചിതമല്ല. സബ്ഡിഡി മാർഗ്ഗരേഖയുടെ ലംഘനം നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യത ആയി മാറുന്നതാണ്.

4 . പദ്ധതിയിലുൾപ്പെടുത്തി ഒന്നാം ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗിരിജ. ആർ, ഷീബ .പി. വി എന്നിവരുടെ അപേക്ഷകൾ, ടി വ്യക്തികൾ ഭവന പുനരുദ്ധാരണം നടത്തിയതിന്റെ വാല്യുവേഷൻ സ്റ്റേറ്റ് മെന്റ് എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിൽ ശ്രീമതി. ഗിരിജ. ആർ ഒന്നാം ഗഡു കൈപ്പറ്റിയിട്ടുള്ളതും എന്നാൽ എഞ്ചീനീയറിംഗ് വിംഗിൽ നിന്നും ലഭിച്ച വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം 86050 രൂപയുടെ പണി മാത്രമെ

പൂർത്തിയാക്കിയിട്ടുള്ളുവെന്നും ആയത് 24-12-20 ൽ ടിയാരിയുമായി ഏർപ്പെട്ട കരാറിന്റെ ലംഘനമാണെന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി. ഷീബ .പി.വി നാളിതു വരെയായിട്ടും ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല എന്നും ആയതിനാൽ തുടർ നടപടി സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

5. പദ്ധതി രൂപീകരണ ഫോറത്തിലെ രേഖപ്പെടുത്തൽ പ്രകാരം 60 ച മീ വരെ വീടിന്റെ വിസ്തീർണ്ണ മുള്ളവരെയാണ് ആനുകൂല്യത്തിനായി പരിഗണിക്കേണ്ടത്. എന്നാൽ ലീലാ മണി, കുരക വിള വീട്, മേലാറ്റിങ്ങൽ എന്ന ഗുണഭോക്താവിന്റെ വീടിന്റെ വിസ്തീർണ്ണം 84.7 M2 എന്നാണ് രേഖകളിലുള്ളത്. പദ്ധതിയിൽ വിഭാവനം ചെയ്ത അർഹതാ മാനദണ്ഡത്തിൽ നിന്നും വിഭിന്നമായി ആനുകൂല്യം അനുവദിച്ച കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് ടിയാരിയുടെ വീടിന്റെ അവസ്ഥ പരിതാപകരമായതിനാലാണ് ആനുകൂല്യം നൽകിയതെന്നും തുടർ വർഷങ്ങളിൽ അപാകം ആവർത്തിക്കില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

6. 11 പേർക്ക് ആനുകൂല്യം നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയിൽ 19 പേർക്ക് ഒന്നാം ഗഡു വിതരണം നടത്തിയതായാണ് പരിശോധനയിൽ കണ്ടു. പ്രസ്തുത പദ്ധതി 2022-23 വർഷം സ്പിൽ ഓവർ ആയിട്ടുണ്ടോ എന്നുള്ളതിന്റെയും ആയിട്ടുണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ രൂപീകരണഫോറത്തിൽ 2022-23 വർഷം ചെലവഴിക്കാൻ അവശേഷിക്കുന്ന തുക എത്രയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നതിന്റെയും വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും പദ്ധതി രൂപീകരണ ഫോറം ലഭ്യമാക്കിയില്ല. 2022-23 വർഷത്തിൽ 100000 രൂപക്ക് അടങ്കൽ വച്ചതായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 19 പേർക്ക് രണ്ടാം ഗഡുവായി 1000000 രൂപ ആവശ്യമാണെന്നിരിക്കെ 100000 രൂപക്ക് അടങ്കൽ വച്ചതായുള്ള മറുപടി തൃപ്തികരമല്ല.

## 1-23 പാലിയേറ്റീവ് പരിചരണം - മാർഗ്ഗരേഖ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റിന്റെ പേര്/നം. : പാലിയേറ്റീവ് പരിചരണം - പ്രൈമറി, സെക്കണ്ടറി, 46/22
അടങ്കൽ : 1458466/- രൂപ (വികസന ഫണ്ട് - പൊ.വി.- സാ.വി)
ചെലവ് : 1314103/- രൂപ
നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി

07.03.2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 553/2019 പ്രകാരമാണ് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു. പദ്ധതിയുടെ 2021-22 ലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.31-ന് മറുപടി ലഭ്യമാക്കിയില്ല.

1) Bill No. 378/9.3.2022 Rs. 17207/- പ്രകാരം 1 Day Volunteer Training Programme സംഘടിപ്പിച്ചിരുന്നു. ആയതിൽ പങ്കെടുത്തവരുടെ ഹാജർ, മറ്റു വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2) സെക്കണ്ടറി ഹോം കെയർ രജിസ്റ്റർ അപൂർണ്ണമാണ്. 10.8.2021 ന് ശേഷം 14.8.2022 നാണ് രേഖപ്പെടുത്തലുകൾ ഉള്ളത്.ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.78 ന് മറുപടി ലഭ്യമാക്കിയില്ല
3) പദ്ധതിയുടെ 2021-22 ലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പൂർണ്ണ വിവരങ്ങൾ ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.31-ന് മറുപടി ലഭ്യമാക്കിയില്ല.
ടി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല

പദ്ധതി നം. - 57/22
പദ്ധതിയുടെ പേര്-ആശ്രയ പദ്ധതി (അഗതി രഹിത കേരളം)
അടങ്കൽ- 100000 (ജനറൽ)
ചെലവ്- ഇല്ല
ഫണ്ടിനം- വികസന ഫണ്ട് ( ജനറൽ)
നിർവ്വഹണോദ്യോഗസ്ഥൻ – പ്രോജക്ട് ഓഫീസർ

100000 രൂപ അടങ്കൽ വച്ച് തൻ വർഷം അംഗീകാരം ലഭിച്ച പദ്ധതി നടപ്പിലാക്കിയിട്ടില്ല. നിർബന്ധിതമായും അടങ്കൽ വച്ച് നടപ്പാക്കേണ്ടതായ പദ്ധതി നടപ്പിലാക്കാത്തതിൽ വ്യക്തത വരുത്തുന്നതിനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 63/25-4-22 ന പ്രസ്തുത പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണത്തിന് ധന സഹായം നൽകുന്നതിനാണ് ഉദ്ദേശിച്ചതെങ്കിലും എന്നാൽ ഭവന പുനരുദ്ധാരണത്തിന് ധനസഹായം ആവശ്യമുള്ള ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മറുപടി വസ്തുതകൾക്ക് നിരക്കുന്നതല്ല.

അഗതി രഹിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ആനുകൂല്യം ആവശ്യമുള്ളവരുടെ എണ്ണം താഴെ ചേർക്കുന്നു.

(അവലംബം- ഓഡിററ് എൻക്വയറി 66/25-4-22 ന്റെ മറുപടി )

| ഇനം | ഡി പി ആർ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ള ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം ലഭിക്കാത്തവരുടെ എണ്ണം |
|---|---|---|
| പ്രോജക്റ്റ് പ്രകാരം ആകെ ഗുണഭോക്താക്കൾ | 51 | ലഭ്യമല്ല |
| പ്രോജക്റ്റ് പ്രകാരം വീട്ടു വെക്കാൻ സ്ഥലം ആവശ്യമുള്ളവർ | 7 | 7 |
| നാളിതുവരെ ലഭിച്ചവർ | 0 | 7 |
| പ്രോജക്റ്റ് പ്രകാരം വീടുആവശ്യമുള്ളവർ | 12 | 10 |
| നാളിതുവരെ ലഭിച്ചവർ | 2 | 10 |
| പ്രോജക്റ്റ് പ്രകാരം വീട്ടു പുനരുദ്ധാരണം ആവശ്യമുള്ളവർ | 12 | 0 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| കക്കൂസ് ആവശ്യമുള്ളവർ | 0 | 0 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 0 | 0 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| കറന്റ് ആവശ്യമുള്ളവർ | 0 | 0 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |

ഡി പി ആർ പ്രകാരം 51 ഗുണഭോക്താക്കൾ ആനുകൂല്യം ലഭിക്കേണ്ടവർ ഉള്ളപ്പോൾ ആകെ 2 ഗുണഭോക്താക്കൾക്ക മാത്രമാണ് നാളിതു വരെ ആനുകൂല്യം അനുവദിച്ചിരിക്കുന്നത്. ഭാവിയിൽ ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കണ്ടിജന്റ് ജീവനക്കാർ GIS, SLI എന്നിവയിൽ അംഗത്വം എടുത്തിട്ടില്ല

കെ.എസ്.ആർ.ഭാഗം-I, ചട്ടം 22 A,22B, ചട്ടം 31-നുള്ള കുറിപ്പ് എന്നിവ പ്രകാരം പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ഒരാൾ GIS, SLI എന്നിവയിൽ അംഗത്വം എടുക്കാത്ത പക്ഷം, അയാൾക്ക് ആദ്യത്തെ ഇൻക്രിമെന്റിന് അർഹതയില്ല. മാത്രമല്ല, ശമ്പള വർദ്ധനവിന് ആനുപാതികമായി, പോളിസി തുകയിൽ വർദ്ധന വരുത്തേണ്ടതുമാണ്. എന്നാൽ നഗരസഭാ ജീവനക്കാരുടെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ, കണ്ടിജന്റ് ജീവനക്കാർ GIS, SLI എന്നിവയിൽ അംഗത്വം എടുത്തിട്ടില്ല എന്നു കണ്ടു. ടി ജീവനക്കാരിൽ അൻപതു വയസ്സ് തികയാത്തവർ, സർക്കാർ ഉത്തരവ് നം.159/2021/ധനം. തീയതി.30/11/21 പ്രകാരം SLI പോളിസി, സർക്കാർ ഉത്തരവ് നം.156/2021/ധനം. തീയതി.26/11/21 പ്രകാരം GIS പോളിസി എന്നിവ എടുക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/തസ്തിക | അടിസ്ഥാന ശമ്പളം | SLI | GIS |
|---|---|---|---|---|
| | | | അടയ്ക്കേണ്ട പോളിസി തുക (രൂപ) | അടയ്ക്കേണ്ട പോളിസി തുക (രൂപ) |
| 1 | R.ആശാകുമാരി, സാനിട്ടറി വർക്കർ | 42500 | 700 | 400 |
| 2 | L.അമ്പിളി, സാനിട്ടറി വർക്കർ | 41500 | 700 | 400 |
| 3 | V.ജയശ്രീ, സാനിട്ടറി വർക്കർ | 24000 | 400 | 400 |
| 4 | A.ഷീബ, സാനിട്ടറി വർക്കർ | 23400 | 400 | 400 |
| 5 | ഷീലാ.O.N, സാനിട്ടറി വർക്കർ | 23400 | 400 | 400 |
| 6 | മഹേശ്വരി.L, സാനിട്ടറി വർക്കർ | 23400 | 400 | 400 |
| 7 | വിമല.D, സാനിട്ടറി വർക്കർ | 23400 | 400 | 400 |
| 8 | മാജിതാബീവി, സാനിട്ടറി വർക്കർ | 27150 | 400 | 400 |
| 9 | M.സലീം, സാനിട്ടറി വർക്കർ | 27150 | 400 | 400 |
| 10 | K.വത്സല, സാനിട്ടറി വർക്കർ | 26500 | 400 | 400 |

| | | | | |
|---|---|---|---|---|
| 11 | ഇന്ദിരാ.C.S, സാനിട്ടറി വർക്കർ | 26500 | 400 | 400 |
| 12 | സീത.T, സാനിട്ടറി വർക്കർ | 26500 | 400 | 400 |
| 13 | G.ശ്രീമതി, സാനിട്ടറി വർക്കർ | 26500 | 400 | 400 |
| 14 | ഷീലാ.S, സാനിട്ടറി വർക്കർ | 26500 | 400 | 400 |
| 15 | നൈസൈഫൈ.S., സാനിട്ടറി വർക്കർ | 26500 | 400 | 400 |
| 16 | ഉഷാകുമാരി.G, സാനിട്ടറി വർക്കർ | 26500 | 400 | 400 |
| 17 | K.ബേബി, സാനിട്ടറി വർക്കർ | 25200 | 400 | 400 |
| 18 | രമാകുമാരി.S, സാനിട്ടറി വർക്കർ | 24600 | 400 | 400 |
| 19 | ശ്രീകുമാർ .C, സാനിട്ടറി വർക്കർ | 24600 | 400 | 400 |
| 20 | ലില്ലി.D, സാനിട്ടറി വർക്കർ | 24600 | 400 | 400 |
| 21 | മിനി.R, സാനിട്ടറി വർക്കർ | 24600 | 400 | 400 |
| 22 | അമ്പിളി.J, സാനിട്ടറി വർക്കർ | 24600 | 400 | 400 |
| 23 | നിർമ്മല.R., സാനിട്ടറി വർക്കർ | 22200 | 400 | 400 |
| 24 | ശോഭന.S, സാനിട്ടറി വർക്കർ | 21650 | 400 | 400 |
| 25 | ആശാകുമാരി. T, സാനിട്ടറി വർക്കർ | 21650 | 400 | 400 |
| 26 | രതി.സി, സാനിട്ടറി വർക്കർ | 20000 | 300 | 400 |
| 27 | സബീനാബീവി,B.R, സാനിട്ടറി വർക്കർ | 20000 | 300 | 400 |
| 28 | സുനിൽ.S, സാനിട്ടറി വർക്കർ | 20000 | 300 | 400 |
| 29 | സുന്ദരേശൻ, സാനിട്ടറി വർക്കർ | 20000 | 300 | 400 |
| 30 | ബീനാ.C, സാനിട്ടറി വർക്കർ | 19500 | 300 | 400 |
| 31 | സിന്ധു.T, സാനിട്ടറി വർക്കർ | 19500 | 300 | 400 |
| 32 | ലില്ലി.B, സാനിട്ടറി വർക്കർ | 19500 | 300 | 400 |

## 1-26 പർച്ചേസിംഗ് കമ്മിറ്റി പ്രവർത്തനം ഫലപ്രദമല്ല.

ആറ്റിങ്ങൽ നഗരസഭയിൽ 2021-22 വർഷം, സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ, സ.ഉ.(പി) നം. 259/2010 /തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1) വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2) വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചില്ല.

2021-22 വർഷം നഗരസഭയുടെ പർച്ചേസിംഗ് കമ്മിറ്റി രണ്ടു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് എന്ന് മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നു. 16/10/21 ൽ കൂടിയ യോഗത്തിൽ ഇലക്ട്രിക്കൽ സാധനങ്ങൾ, മൃഗാശുപത്രിക്ക് ഉപകരണങ്ങൾ, മരുന്ന് എന്നിവ വാങ്ങാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. 23/12/21 ൽ കൂടിയ യോഗത്തിൽ തെരുവ് വിളക്ക് സാധനങ്ങൾ വാങ്ങൽ സംബന്ധിച്ച് തീരുമാനം എടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതല്ലാതെ മറ്റൊരു രേഖപ്പെടുത്തലും മിനുട്സിൽ ഇല്ല. 2021-22 വർഷം തെരുവിളക്ക് സാധനങ്ങൾ മാത്രമേ ആറ്റിങ്ങൽ നഗരസഭ വാങ്ങിയിട്ടുള്ളൂ എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്. അത് ശരിയല്ല. 2021-22 വർഷം ആറ്റിങ്ങൽ നഗരസഭ നടത്തിയ വാങ്ങൽ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 2021-22 വർഷം ഹെൽത്ത് സൂപ്പർവൈസർ (മുനിസിപ്പാലിറ്റി) നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ ശുചീകരണ സാമഗ്രികൾ പർച്ചേസ് ചെയ്തിട്ടുണ്ട്. എന്നാൽ പർച്ചേസ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ കമ്മിറ്റി പരിശോധിക്കുകയോ വാങ്ങലിന് അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല.

A)

| ക്രമ | പ്രോജക്ട് നം./പേര് | പർച്ചേസ് ചെയ്ത | പർച്ചേസ് | തുക |
|---|---|---|---|---|

| നം. | | സാധനം/എണ്ണം | ചെയ്ത സ്ഥാപനം | |
|---|---|---|---|---|
| 1 | 162/22-ശുചീകരണ പ്രവർത്തനങ്ങൾക്ക് ബ്രഷ് കട്ടർ വുഡ് കട്ടർ എന്നിവ വാങ്ങൽ | ബ്രഷ് കട്ടർ - 4 | ശ്രീകൃഷ്ണ ഏജൻസീസ് | 147200 |
| 2 | 32/22-ബയോഗ്യാസ് പ്ലാന്റിന് മെഷീനറി വാങ്ങൽ | ഗ്രീൻ ലീഫ് ഗ്രൈൻഡർ - 1 | പ്രകൃതി ഏജൻസീസ് | 490000 |
| 3 | 156/22-ഖരമാലിന്യ പ്ലാന്റ് മെഷീനറി നവീകരണം | Trommel Screen - 1 | Qrex Bio Solutions | 830000 |
| | | Self Propelled Compost Turner - 1 | | 845000 |
| | | Wet Waste Shredder - 1 | | 600000 |

B)

| ക്രമ നം. | പ്രോജക്ട് നം./പേര് | പർച്ചേസ് ചെയ്ത സ്ഥാപനം | തുക |
|---|---|---|---|
| 1 | 36/22-കൊതുക് നിവാരണം ലാർവിസൈഡ് വാങ്ങൽ | ശ്രീകൃഷ്ണ ഏജൻസീസ് | 320000 |
| 2 | 12/22-ശുചീകരണ ആവശ്യങ്ങൾക്ക് ലഘു ഉപകരണങ്ങളും സുരക്ഷ ഉപകരണങ്ങളും വാങ്ങൽ | ശ്രീകൃഷ്ണ ഏജൻസീസ് | 437465 |
| 3 | 13/22-ശുചീകരണ ആവശ്യങ്ങൾക്ക് സാധന സാമഗ്രികൾ വാങ്ങൽ | ശ്രീകൃഷ്ണ ഏജൻസീസ് | 459272 |

2. കൂടാതെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി, താഴെ പറയുന്ന പ്രകാരം ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. എന്നാൽ പർച്ചേസ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ കമ്മിറ്റി പരിശോധിക്കുകയോ വാങ്ങലിന് അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല. വരും വർഷങ്ങളിൽ പർച്ചേസിംഗ് കമ്മിറ്റി പ്രവർത്തനം ഫലപ്രദമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം. /തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക (രൂപ) | വിതരണ ഏജൻസി |
|---|---|---|---|---|
| 1 | സ്കൂളുകൾക്ക് ബഞ്ചും ഡെസ്കും വാങ്ങൽ | ഹെഡ്മാസ്റ്റർ | 1500000 | ആർട്കോ |
| 2. | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ | ICDS സൂപ്പർവൈസർ | 525000 | ആർട്കോ |

## 1-27 ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ (പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്.2021-22 വർഷം, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന വിധം വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

I)

| ക്രമ നം. | പ്രോജക്ട് നം. പേര് | വിതരണ സ്ഥാപനം | തുക (രൂപ) | നിർവ്വഹണ ഉദ്യോഗസ്ഥ | ബിൽ നം, തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 228,തെരുവുവിളക്ക് ഉപകരണങ്ങൾ | MS ഏജൻസി | 574025 | അസി.എഞ്ചിനീയർ | 340/19-3-22 |
| 2 | 228,തെരുവുവിളക്ക് ഉപകരണങ്ങൾ | MS ഏജൻസി | 300725 | അസി.എഞ്ചിനീയർ | 290/7-3-22 |
| 3 | 199,തെരുവുവിളക്ക് ഉപകരണങ്ങൾ | MS ഏജൻസി | 288255 | അസി.എഞ്ചിനീയർ | 86/25-10-21 |
| 4 | 199,തെരുവുവിളക്ക് ഉപകരണങ്ങൾ | MS ഏജൻസി | 451745 | അസി.എഞ്ചിനീയർ | 99/30-10-21 |
| 5 | 162/22-ശുചീകരണ പ്രവർത്തനങ്ങൾക്ക് ബ്രഷ് കട്ടർ വുഡ് കട്ടർ എന്നിവ വാങ്ങൽ | ശ്രീകൃഷ്ണ ഏജൻസീസ് | 147200 | ഹെൽത്ത് സൂപ്പർവൈസർ | 391/26-3-22 |
| 6 | 36/22-കൊതുക് നിവാരണം ലാർവിസൈഡ് വാങ്ങൽ | ശ്രീകൃഷ്ണ ഏജൻസീസ് | 320000 | ഹെൽത്ത് സൂപ്പർവൈസർ | ” |
| 7 | 12/22-ശുചീകരണ ആവശ്യങ്ങൾക്ക് ലഘു ഉപകരണങ്ങളും സുരക്ഷ ഉപകരണങ്ങളും വാങ്ങൽ | ശ്രീകൃഷ്ണ ഏജൻസീസ് | 459272 | ഹെൽത്ത് സൂപ്പർവൈസർ | 157/28-12-21 |
| 8 | 13/22-ശുചീകരണ ആവശ്യങ്ങൾക്ക് സാധന സാമഗ്രികൾ വാങ്ങൽ | ശ്രീകൃഷ്ണ ഏജൻസീസ് | 459272 | ഹെൽത്ത് സൂപ്പർവൈസർ | 156/28-12-21 |
| 9 | 32/22-ബയോഗ്യാസ് പ്ലാന്റിന് മെഷീനറി വാങ്ങൽ-ഗ്രീൻ ലീഫ് ഗ്രൈൻഡർ – 1 | പ്രകൃതി ഏജൻസീസ് | 490000 | ഹെൽത്ത് സൂപ്പർവൈസർ | 398/26-3-22 |
| 10 | 156/22-ഖരമാലിന്യ പ്ലാന്റ് മെഷീനറി നവീകരണംTrommel Screen –1, Self Propelled Compost Turner - 1 | Qrex Bio Solutions | 845000 600000 | ഹെൽത്ത് സൂപ്പർവൈസർ | ” |

എന്നാൽ ടി സ്ഥാപനങ്ങൾക്ക് നൽകിയ ബിൽ തുകയുടെ (നികുതി ഒഴിവാക്കി) 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ടി സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 10 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ വാങ്ങലുകൾ നടത്തുമ്പോൾ മേല്പറഞ്ഞ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

നഗരസഭകൾ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുന്നതിനും വിശദമായ മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്) നമ്പർ 17/2018/ ത.സ്വ.ഭ.വ. 02.02.2018 ലെ ഖണ്ഡിക 7.13.1 പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. നഗരസഭ തൻവർഷം നിരവധി റോഡ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്ടിവിറ്റി ഭൂപടം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയാണോ ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത് എന്ന ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം - 54) റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി.

ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് ജി.ഒ (എം.എസ്) നമ്പർ 17/2018/ത.സ്വ.ഭ.വ 02.02.2018 ലെ ഖണ്ഡിക 7.13.9 പ്രകാരം വ്യക്തമാക്കുന്നുണ്ട്. എന്നാൽ തൻവർഷമോ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തോ ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്തതായി കണ്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ഇത്തരത്തിൽ ഒരുപ്രവൃത്തി ഏറ്റെടുത്തിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി.

## 1-29 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

തെരുവു വിളക്ക് ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി KSEB യിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ – അസി.എഞ്ചിനീയർ

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | നിർവ്വഹണ ഏജൻസി | തുക (രൂപ) | ബിൽ നം. |
|---|---|---|---|---|
| 1 | തെരുവു വിളക്ക് ലൈൻ നീട്ടൽ | KSEB | 704271 | 303/11-3-22 |

20.01.2018 -ലെ സ.ഉ (കൈ) നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3 (ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി-മോണിറ്ററിംഗ് ഫലപ്രദമല്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 229/22 |
| പ്രോജക്റ്റിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | 608000/- രൂപ, ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 167932/- രൂപ |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽ നമ്പർ | 432/30-3-22, 304/11-3-22 |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |

പദ്ധതി പ്രകാരം തെരുവ് വിളക്കുകൾ പുതിയതായി സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നത്.പദ്ധതി നടത്തിപ്പിനായി Best&Safe Electricals എന്ന സ്ഥാപനത്തെ ഇ-ടെണ്ടർ നടപടിയിലൂടെയാണ് തെരഞ്ഞെടുത്തത്.പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1) വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നല്കേണ്ടത്. എന്നാൽ ഓരോ വാർഡിലും റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണവും, പോസ്റ്റ് നമ്പറും അടങ്ങിയ സാക്ഷ്യ പത്രം, Best&Safe Electricals എന്ന സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിൽ തയ്യാറാക്കി, അതതു വാർഡ് മെമ്പറുടെ ഒപ്പോടു കൂടിയാണ്ബില്ലിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. പല സാക്ഷ്യ പത്രത്തിലും കൌൺസിലറുടെ ഒപ്പോ, തീയതിയോ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം കൌൺസിലറുടെ ലെറ്റർ ഹെഡിൽ തയ്യാറാക്കാത്ത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചത് ഉചിതമല്ല. നഗരസഭക്കാവശ്യമായ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിക്കുള്ള ഉപകരണങ്ങളുടെ ആവശ്യകതാനിർണയം നടത്തുന്നതിന് അടിസ്ഥാനമാക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. അറ്റകുറ്റപണിക്ക് ഉപയോഗിച്ച ഉപകരണങ്ങളുടെ എണ്ണം വെള്ള

പേപ്പറിൽ തയ്യാറാക്കിയാണ് ഫയലിൽ ചേർത്തിട്ടുള്ളത്.ടി ലിസ്റ്റ് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

3) കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ നഗരസഭയിൽ തിരികെയേല്പിക്കുന്നതിന്റെയും അവ റീപ്ലേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ നഗരസഭയിൽ സ്വീകരിക്കുന്നതിന്റെയും വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറി നം. 9ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്ക് പരിപാലനത്തിനുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതതു ദിവസം നഗരസഭയിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നുവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ.ഉ(സാ ധാ) നം.2134/2015ത സ്വ ഭ വ തി.15-5-2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

3) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4) തെരുവ് വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

5 ) നഗര സഭ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് നഗര സഭയുടെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും കൃത്യമായ മേൽനോട്ടം ഇല്ലാതെയും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 ആസ്തി പരിപാലനം അപാകതകൾ

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നം. 17/2018/തസ്വഭവ. തീ. 02.02.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആറ്റിങ്ങൽ നഗരസഭയിൽ ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിച്ച് ആസ്തി സംരക്ഷണപദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

## 1-32 ആട്ടുവളർത്തൽ(എസ്.സി.പി) പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 40 |
| പേര് | ആട്ടുവളർത്തൽ (എസ്.സി.പി) |
| അടങ്കൽ തുക | വികസനഫണ്ട് (എസ്.സി.പി) 120000<br>ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) 40000 |
| ചെലവ് തുക | ബിൽ നം 151/22.12.21- 30000<br>181/5.1.2022-12000<br>186/7.1.22-12000<br>226/29.1.2022-6000<br>306/11.3.2022-24000<br>324/16.3.2022-24000 (ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല)<br>ആകെ 108000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ |

6 മുതൽ 8 മാസം വരെ പ്രായമുള്ള ആട്ടുകളെ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും ആട്ടുകളുടെ ഗുണനിലവാരം സീനിയർ വെറ്ററിനറി സർജൻ പരിശോധിച്ച് പർച്ചേയ്സ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഇൻഷ്വർ ചെയ്ത് വിതരണം നടത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ

കാണുന്നു.

A) ലഭ്യമാക്കിയ രേഖകൾ പ്രകാരം 18 ഗുണഭോക്താക്കളിൽ നിന്ന് 2000/- രൂപ വീതം രസിത് ബുക്ക് നം. 58 ലെ വിവിധ രസീതുകൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ചെലവില്ല.

B) പർച്ചേയ്സ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

C) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താവായ ഷൈലജ.എസ്, ബി.എസ് ഭവൻ എന്ന ഗുണഭോക്താവിന് ആടിനെ വിറ്റിരിക്കുന്നത് അതേ പദ്ധതിയിലെ തന്നെ ഗുണഭോക്താവായ ഷീല, മഠത്തിൽ വിളവീട്, കിഴക്കുംപുറം എന്ന ഗുണഭോക്താവാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 ന് ലഭ്യമാക്കിയ മറുപടിയിൽ പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം സീനിയർ വെറ്ററിനറി സർജന്റെ പേർക്ക് ചെക്കായി നൽകുകയും ആയത് ആടിന്റെ വിൽപ്പനക്കാരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ TR 59E പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. സീനിയർ വെറ്ററിനറി സർജന്റെ പേരിലുള്ള കാനറ ബാങ്കിലെ അക്കൗണ്ട് നം. 110009611494 ന്റെ പാസ്ബുക്കിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ ആടിനെ വിറ്റ ആളുകളുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല, സീനിയർവെറ്ററിനറി സർജൻ കൺവീനറായും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗുണഭോക്തൃ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട കമ്മിറ്റി പദ്ധതിയുടെ വിവിധഘട്ടങ്ങളിൽ മീറ്റിംഗ്കൂടി പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന് ആധികാരികത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആദ്യം പദ്ധതിയിൽ നിന്ന് പിൻമാറുകയും പിന്നീട് പദ്ധതിയിൽ പങ്കാളിയാകാൻ തയ്യാറാവുകയും ചെയ്ത വ്യക്തിയാണ് ശ്രീമതി ഷീല എന്നും ടിയാരി പുതിയ ആടിനെ വാങ്ങി ഇൻഷ്വർ ചെയ്തിട്ടുണ്ടെന്നും എസ്.സി.പി ഫണ്ട് ആയതിനാൽ വിട്ടുവീഴ്ച ചെയ്താണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നുമാണ് മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്.

ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ നിന്ന് തന്നെ പദ്ധതിയുടെ യഥാർത്ഥലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് സബ്സിഡി തുക ചെലവഴിക്കുന്നതിന് വേണ്ടി മാത്രമാണ് പ്രോജക്ട് നടപ്പിലാക്കിയതെന്ന് വ്യക്തമാണ്. ഗുണഭോക്താക്കൾ തന്നെ പരസ്പരം ആടുകളെ വിൽക്കുന്നത് വഴി നഗരസഭാപ്രദേശത്ത് മൃഗസമ്പത്ത് വർദ്ധിപ്പിക്കുക, പാൽ ഉല്പാദനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പ്രോജക്ട് പരാജയപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ആട് വളർത്തൽ(ജനറൽ) അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 39/22 |
| പേര് | ആട് വളർത്തൽ (ജനറൽ) |
| അടങ്കൽ തുക | വികസന ഫണ്ട് 88000/-<br>ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) 88000/- |
| ചെലവ് തുക | ബിൽ നം 148/22.12.2021- 44000<br>178/5.1.2022-12000<br>220/25.1.22-12000<br>224/27.1.22-8000<br>ആകെ -76000<br>ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ |

ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം മുനിസിപ്പാലിറ്റിയിൽ അടച്ച് 5 മുതൽ 8 മാസം വരെ പ്രായമുള്ള ആടുകളെ വാങ്ങി ഇൻഷ്വർ ചെയ്യുന്നതിനും ആടുകളുടെ ഗുണനിലവാരം വെറ്ററിനറി സർജൻ പരിശോധിച്ച് പർച്ചേയ്സ് കമ്മിറ്റിയുടെ അംഗീകാരത്തോടെ വിതരണം ചെയ്യുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ആനുകൂല്യം നൽകിയിട്ടുള്ള ശ്രീമതി റിഷി, ശ്രീമതി നസീമ, ശ്രീമതി ഷൈല, ശ്രീമതി രതീദേവീ, ശ്രീമതി മിനി,

ശ്രീമതി ബീന എന്നീ ഗുണഭോക്താക്കൾ ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല.

2 ആനുകൂല്യം നൽകിയിട്ടുള്ള ശ്രീമതി ഗീത.സി തോപ്പിൽവീട് എന്ന ഗുണഭോക്താവിന് ആടിന് വിറ്റതായി കാണിച്ചിരിക്കുന്നത് ശ്രീ. മനീഷ്. എം.ജി തോപ്പിൽ വീട് എന്ന വ്യക്തിയാണ്. ശ്രീമതി ഗീത.സി, തോപ്പിൽവീടിന്റെ റേഷൻകാർഡ് രേഖകൾ പ്രകാരം ടിയാരിയുടെ മകനാണ് ശ്രീ. മനീഷ് എം.ജി.

3. ലഭ്യമാക്കിയ രേഖകൾ പ്രകാരം 19 ഗുണഭോക്താക്കളിൽ നിന്ന് 4000 രൂപ വീതം രസിത് ബുക്ക് നം. 58 ലെ വിവിധ രസീതുകൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ചെലവില്ല.

4 പർച്ചേയ്സ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് ലഭ്യമാക്കിയ മറുപടിയിൽ മെയിൻ ഗുണഭോക്തൃലിസ്റ്റിൽ 62 പേരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അതിൽ താല്പര്യമുള്ള വ്യക്തികളെ ലഭിക്കാത്തതിനാൽ കരട് ലിസ്റ്റിൽ നിന്ന് തൊട്ടടുത്ത് ഗുണഭോക്താവിനെ കണ്ടെത്തുകയാണുണ്ടായതെന്നും മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. കരട് ലിസ്റ്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ പ്രസ്തുത ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സപ്ലിമെന്ററി ലിസ്റ്റ് ആണോ കരട് ലിസ്റ്റ് എന്നത് കൊണ്ട് അർത്ഥമാക്കിയിരിക്കുന്നതെന്ന് വ്യക്തമല്ല. ആനുകൂല്യം ലഭിച്ച ശ്രീമതി ഗീതയുടെ മകനാണ് ശ്രീ. മനീഷെങ്കിലും അവർ പ്രത്യേകം വീടുകളിലാണ് താമസിക്കുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഒരേ റേഷൻ കാർഡിലുൾപ്പെട്ട വ്യക്തികൾ തമ്മിൽ ആടുകളെ കൈമാറുക വഴി പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചതായും ആനുകൂല്യം വിതരണം ചെയ്യുന്നതിനു മാത്രമായി പദ്ധതി നടപ്പിലാക്കിയതായും ഓഡിറ്റ് വിലയിരുത്തുന്നു.

ഗുണഭോക്തൃവിഹിതം മുനിസിപ്പാലിറ്റിയിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് വിവിധ ഘട്ടങ്ങളിലായി ആടിനെ നൽകിയവർക്കായി സീനിയർ വെറ്ററിനറി സർജന്റെ അക്കൌണ്ട് മുഖേന നൽകിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സീനിയർ വെറ്ററിനറി സർജന്റെ പേരിലുള്ള കാനറ ബാങ്കിലെ അക്കൗണ്ട് നം. 110009611494 ന്റെ പാസ്ബുക്കിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.ആയത് പരിശോധിച്ചതിൽ ആടിനെ വിറ്റ ആളുകളുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല, 31.3.2021 വരെയുള്ള ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് പ്രകാരം 27595/- രൂപ നീക്കിയിരിപ്പുണ്ട്. G.O(p) No.119/2015/Fin Dated 21.3.2015 ക്രമ നം. 4 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ സാംഖ്യയിൽ നിന്ന് ജനറേറ്റ് ചെയ്ത കണ്ടിജന്റ് ബില്ലുകൾ ഉപയോഗിച്ച് നേരിട്ട് ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നതിനാണ് നിർദ്ദേശമുള്ളത്. G.O(p) No.119/2015/Fin Dated 21.3.2015 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ അക്കൗണ്ട് ആരംഭിക്കാൻ നിർദ്ദേശമില്ലാതിരിക്കെ അപ്രകാരം ചെയ്തതിന് കാരണം വ്യക്തമാക്കേണ്ടതും ആടിനെ വിറ്റ ആളുകളുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതും സീനിയർ വെറ്ററിനറി സർജന്റെ പേരിലുള്ള പ്രസ്തുത അക്കൌണ്ടിൽ 31.3.2021ൽ 27595/- രൂപ നീക്കിയിരിപ്പുണ്ടായതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്. പർച്ചേയ്സ് കമ്മിറ്റി വിവിധ ഘട്ടങ്ങളിൽ യോഗം ചേർന്നതിന്റെ രേഖകൾ മുനിസിപ്പാലിറ്റിയിലും മൃഗാശുപത്രിയിലും ലഭ്യമാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും അവ ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

## 1-34 കാലിത്തൊഴുത്ത് നവീകരണം(ജനറൽ)- വാല്യൂവേഷനേക്കാൾ അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | 24/22 |
| പേര് | കാലിത്തൊഴുത്ത് നവീകരണം (ജനറൽ) |
| അടങ്കൽ തുക | വികസനഫണ്ട് 675000<br>ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) 675000 |
| ചെലവ് തുക | ബിൽ നം 153/27.12.21-25000<br>177/5.1.2022-75000<br>191/11.1.2022-25000<br>217/25.1.2022-50000<br>221/25.1.2022-25000<br>223/27.1.22-25000<br>237/8.2.22-75000<br>254/19.2.22-17450 |

| | |
|---|---|
| | 260/22.2.22-25000<br>270/25.2.22-25000<br>424/30.3.22-25000<br>ആകെ 392450/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ |

ഗുണഭോക്താക്കൾ 50000/- രൂപ ചെലവഴിച്ച് കാലിത്തൊഴുത്ത് നവീകരിക്കുന്നതിനും മുനിസിപ്പാലിറ്റി എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 50% സബ്സിഡി തുകയായ 25000/- രൂപ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

A) ആനുകൂല്യം നൽകിയിട്ടുള്ള ഷെഫീന.എ, തങ്കമണി അമ്മ എന്നിവരുടെ അപേക്ഷ , വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

B) ശ്രീമതി. കെ. വസന്ത, രമണൻ, കല്ലിയാൽത്തോട്ടം വീട് എന്ന ഗുണഭോക്താവിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 7858.75/- രൂപയാണ്. എന്നാൽ മേൽ വ്യക്തിയ്ക്ക് 25000/- രൂപ സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി ഷെഫീന. എ എന്ന ഗുണഭോക്താവിന്റെ അപേക്ഷയും വാല്യൂവേഷൻ സർട്ടിഫിക്കറ്റും എങ്ങനെയോ സ്ഥാനനഭ്രംശം സംഭവിച്ചതാണെന്നും വാല്യൂവേഷൻ നൽകിയ മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് ഡ്യൂപ്ലിക്കേറ്റ് വാല്യുവേഷൻ ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി വസന്ത രമണൻ എന്ന വ്യക്തിയുടെ തൊഴുത്ത് നേരിട്ട് കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും 50000/- രൂപയ്ക്കുമേൽ തൊഴുത്ത് നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിരിക്കുന്നു. വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ ഭാഗികമായി കൂട്ടിയ തുകയാണ് 7858.75 രൂപയെന്നും ആയത് മിസ്സിംഗ് ആയതാണെന്നുമാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ടൗൺ ഹാൾ ഇലക്ട്രിഫിക്കേഷനായി കെ എസ് ഇ ബിക്ക് തുക നൽകി, നാളിതു വരെയായിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | 122/22 |
| പ്രോജക്റ്റിന്റെ പേര് | ടൗൺ ഹാൾ ഇലക്ട്രിഫിക്കേഷനും അനുബന്ധ പ്രവർത്തികളും |
| അടങ്കൽ | 5000000/- |
| ചെലവ് | 4999546/- |
| ബിൽ നം | 313/14-3-22 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ് ഗ്രാന്റ് ) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഓഡിറ്റ് എൻക്വയറി നം | 72/26-4-23 |

ആറ്റിങ്ങൽ നഗരസഭ ടൗൺ ഹാളിൽ ഇലക്ട്രിഫിക്കേഷൻ പ്രവർത്തി നടത്തുന്നതിനായാണ് 5000000 രൂപ അടങ്കൽ വച്ച് രൂപീകരിച്ചിരിക്കുന്നത് കെ എസ് ഇ ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടത്തുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 29-1-22 ലെ CW/ATTINGAL MTH/ELECTRICAL 20-21 നം കത്ത് പ്രകാരം 4999546 രൂപയുടെ എസ്റ്റിമേറ്റ്, മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് എന്നിവ കെ എസ് ഇ ബി അയച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ 11/3/22 ന് നഗരസഭ കരാറിൽ ഒപ്പ് വക്കുകയും മേൽ ബിൽ പ്രകാരം തുക കെ എസ് ഇ ബിക്ക് അനുവദിക്കുകയും ചെയ്തു. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഖണ്ഡിക 5 (A) പ്രകാരം കരാർ പ്രകാരമുള്ള തുക കൈമാറി 90 ദിവസത്തിനകം പ്രവർത്തി കെ എസ് ഇ ബി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവർത്തി കരാർ പ്രകാരമുള്ള കാലയളവിനുള്ളിലോ നാളിതു വരെയോ പൂർത്തിയാക്കിയതിന്റെ രേഖ ഫയലിൽ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശം, വർക്ക് ബിൽ, എം ബുക്ക് എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 72/26-4-23 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2.സർക്കുലർ നമ്പർ-E2/12509/16/CE/LSGD/DT-19-1-17 പ്രകാരം പദ്ധതികൾ തയ്യാറാക്കുമ്പോൾ അവയുടെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടൌൺ ഹാൾ നിർമ്മാണത്തിനായി 2017-18 വർഷം രൂപീകരിച്ച പദ്ധതിയുണ്ടായിട്ടും ആയതിന്റെ ഭാഗമാക്കാതെ പ്രത്യേക പദ്ധതി രൂപീകരിക്കുന്നതിനിടയായ സാഹചര്യം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

3. കേരള ഫിനാൻസ് ആക്ട് 2018(4) (A) (F) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപേപ്പറിലാണ് കരാർ ചമയ്ക്കേണ്ടത് (കുറഞ്ഞത് 200/- രൂപയും പരമാവധി 1 ലക്ഷം രൂപയുമായി നിജപ്പെടുത്തിയിട്ടുമുണ്ട്). എന്നാൽ മേൽ പറഞ്ഞ പ്രവൃത്തിക്ക് കരാർ ഉടമ്പടി തയ്യാറാക്കുന്നതിന് 200 രൂപയുടെ മുദ്രപത്രം ആണ് ഉപയോഗിച്ചിരിക്കുന്നത്. ഇത്തരത്തിൽ കുറവ് തുകയുടെ മുദ്രപത്രത്തിൽ കരാർ ചമക്കുന്നതിന് അടിസ്ഥാന മാക്കിയ ഉത്തരവ് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

4. മിനിസ്റ്റി ഓഫ് ഫിനാൻസിന്റെ (എക്സ്പെൻഡിച്ചർ ഡിപ്പാർട്ട്മെന്റിന്റെ) 14-7-21 ലെ ഫയൽ നം 15 (2) FC-15 /FCD/2020-25 പ്രകാരമുള്ള കത്ത് പ്രകാരമുള്ള 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗ രേഖ ഖണ്ഡിക -7 പ്രകാരം ഭരണ ഘടന ഷെഡ്യൂൾ 12 പ്രകാരമുള്ള മുനിസിപ്പാലിറ്റിക്ക് കൈമാറിയതായ 18 വിഷയങ്ങൾക്ക് മാത്രമെ അടിസ്ഥാന സേവന സൌകര്യങ്ങൾ വികസിപ്പിക്കുന്നതിന് ലഭിക്കുന്ന സി എഫ് സി ഗ്രാന്റ് (ബേസിക് ഗ്രാന്റ് ) ഉപയോഗിക്കാവുന്നത് എന്നിരിക്കെ വരുമാന ദായക ആസ്തിയായ ടൌൺ ഹാൾ നിർമ്മാണത്തിനായി ഉപയോഗിച്ചത് പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ചത് ക്രമ പ്രകാരമല്ല. മേൽ പ്രകാരം സി എഫ് സി ഗ്രാന്റ് (ബേസിക് ഗ്രാന്റ്) വിനിയോഗിക്കുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ചെലവു രേഖകൾ ലഭ്യമാക്കേണ്ടതും ആണ്. ആയതു വരെയ്ക്കും ചെലവു തുക 4999546/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-36 ടൌൺ ഹാൾ നവീകരണം - പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 171/22 |
| പ്രോജക്റ്റിന്റെ പേര് | ടൗൺ ഹാൾ നവീകരണം 3 -ാം ഘട്ടം |
| അടങ്കൽ | 22341046/- |
| ചെലവ് | 16994432/- |
| ഫണ്ടിനം | ലോൺ (മറ്റുള്ളവ) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഓഡിറ്റ് എൻക്വയറി | 75/26-4-23 |

ആറ്റിങ്ങൽ നഗര സഭ ഠൗൺ ഹാൾ നവീകരണത്തിനായി 2017-18 വർഷം ആരംഭിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം നഗരസഭയുടെ അധീനതയിലുള്ള മുനിസിപ്പൽ ടൌൺ ഹാളിന്റെ നിലവിലുള്ള കെട്ടിടത്തിന് ആധുനിക രീതിയിലുള്ള നവീകരണമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിലുള്ള കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമല്ലാത്തതിനാലും എൽ എസ് ജി ഡിക്ക് ഡിസൈൻ വിങ്ങ് ഇല്ലാത്തതിനാലും നഗരസഭാ എഞ്ചീനീയറിംഗ് വിംഗിന് സാങ്കേതിക പരിമിതി ഉള്ളതിനാലും കെട്ടിട നിർമ്മാണ പ്രവർത്തി പരിചയമുള്ള സർക്കാർ ഏജൻസിയെ കൊണ്ട് പ്രവർത്തി ചെയ്യിക്കുന്നതിനും കെ എസ് ഇ ബിയെ പ്രവർത്തിചെയ്യിപ്പിക്കുന്നതിനായി തിരഞ്ഞെടുക്കുന്നതിനായി 19-8-17 ലെ കൗൺസിൽ തീരുമാനം നം 12(3) എടുക്കുകയും ചെയ്തു. 28-3-18 ൽ പ്രവർത്തി നടത്തുന്നതിനായി കെ എസ് ഇ ബി എൽ -മായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 24-11-18 ൽ കരാർ പുതുക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട താഴെ പറയുന്ന അപാകങ്ങൾ കണ്ടു.
ഓരോവർഷവും പുതിയ പദ്ധതിയായും സ്പിൽ ഓവർ പദ്ധതിയായും ഈ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ്, വായ്പ, വികസനഫണ്ട് ജനറൽ എന്നീ ഇനങ്ങളിലുള്ള വകയിരുത്തലുകളും ചെലവുകളും സുലേഖ പത്രിക പ്രകാരമുള്ളവ ചുവടെ ചേർക്കുന്നു.

| പദ്ധതി ഏറ്റെടുത്ത വർഷം | പദ്ധതിയുടെ പേര് | കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് | കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് | കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് | വായ്പ | വായ്പ | വികസനഫണ്ട് ജനറൽ |
|---|---|---|---|---|---|---|---|
| | | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| 2017-18 | 191/18 | 5000000 | 233000 | 5000000 | 0 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| New | മുനിസിപ്പൽ ടൗൺഹാൾ നവീകരണം | | | | | | |
| 2018-19 New | 170/19 മുനിസിപ്പൽ ടൗൺഹാൾ നവീകരണം | 7267000 | 2500000 | 1200000 | 0 | 0 | 0 |
| 2019-20 Spill Over | 230/20 മുനിസിപ്പൽ ടൗൺഹാൾ നവീകരണം | 4767000 | 4767000 | 12500000 | 0 | 0 | 0 |
| 2019-20 New | 174/20 മുനിസിപ്പൽ ടൗൺഹാൾ നവീകരണം (രണ്ടാം ഘട്ടം) | 1725755 | 0 | 15000000 | 0 | 0 | 0 |
| 2020-21 Spill Over | 307/21 മുനിസിപ്പൽ ടൗൺഹാൾ നവീകരണം | 0 | 0 | 12500000 | 12500000 | 0 | 0 |
| 2020-21 New | 144/21 മുനിസിപ്പൽ ടൗൺഹാൾ നവീകരണം | 3842095 | 3842095 | 25000000 | 2658954 | 1157905 | 1157905 |
| 2021-22 | മുനിസിപ്പൽ ടൗൺഹാൾ നവീകരണം-മൂന്നാം ഘട്ടം | 0 | 0 | 22341046 | 16994432 | | |
| 2021-22 | ടൗൺ ഹാൾ ഇലക്ട്രിഫിക്കേഷൻ | 5000000 | 4999546 | 0 | 0 | 0 | 0 |

മേൽ പറഞ്ഞ ചെലവു കൂടാതെ 2022-23 ൽ കരാറുകാരന് ബാക്കി നൽകേണ്ടതായ തുക നൽകുന്നതിനായി 5346614 രൂപ വായ്പ തുകയിൽ നിന്നും നൽകുന്നതിനുള്ള പദ്ധതി വച്ചിരുന്നെങ്കിലും പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടില്ല. പ്രസ്തുത തുക കൂടി കരാറു കാരന് നൽകുന്ന പക്ഷം പ്രവർത്തിമൂല്യം 5 കോടിയിൽ അധികരിക്കുന്നതാണ്. കെ എസ് ഇ ബി മായി ഏർപ്പെട്ട കരാർ പ്രകാരം (ഖണ്ഡിക 5) ജി ഒ പി 95/2017/25-7-17 പ്രകാരം 5 കോടിക്കുമുകളിലുള്ള പ്രവർത്തികൾക്ക് 5% സെന്റേജ് ചാർജ്ജ് ആണ് നൽകാവുന്നത്. എന്നാൽ 7% നിരക്കിലാണ് നിലവിൽ അനുവദിക്കുന്നത്. ആയത് ക്രമ പ്രകാരമല്ല. കെ എസ് ഇ ബി മായി ബന്ധപ്പെട്ട് സെന്റേജ് ഇനത്തിൽ അധികം നൽകിയ തുക ക്രമീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. 2017-18 ൽ ആരംഭിച്ച പ്രസ്തുത പ്രവർത്തി 2 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. 2021-22 വർഷത്തിലും പദ്ധതി പൂർത്തികരിച്ചിട്ടില്ല. നിലവിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് ടൗൺ ഹാൾ പൊതു ജന ആവശ്യത്തിനായി തുറന്നുകൊടുത്ത് വരുമാനം ആർജ്ജിക്കാൻ ആരംഭിച്ചിട്ടുണ്ടോ എന്നുള്ളതിന്റെ വിവരം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല

3.സർക്കുലർ നമ്പർ-E2/12509/16/CE/LSGD/DT-19-1-17 പ്രകാരം പദ്ധതികൾ തയ്യാറാക്കുമ്പോൾ അവയുടെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടൌൺ ഹാൾ നിർമ്മാണത്തിനായി 2017-18 വർഷം രൂപീകരിച്ച പദ്ധതിയുണ്ടായിട്ടും ആയതിന്റെ ഭാഗമാക്കാതെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്കായി പ്രത്യേക പദ്ധതി രൂപീകരിക്കുന്നതിനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

4. കേരള ഫിനാൻസ് ആക്ട് 2018(4) (A) (F) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപേപ്പറിലാണ് കരാർ ചമയ്ക്കേണ്ടത് (കുറഞ്ഞത് 200/- രൂപയും പരമാവധി 1 ലക്ഷം രൂപയുമായി

നിജപ്പെടുത്തിയിട്ടുമുണ്ട്). എന്നാൽ മേൽ പറഞ്ഞ പ്രവൃത്തിക്ക് കരാർ ഉടമ്പടി തയ്യാറാക്കുന്നതിന് 200/- രൂപയുടെ മുദ്രപ്പത്രം ആണ് ഉപയോഗിച്ചിരിക്കുന്നത്.

5. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ കരാറെടുത്തിരിക്കുന്നത് സ്ഥാപനം ആണെങ്കിൽ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ഫയൽ പരിശോധിച്ചതിൽ 1% ആണ് ആദായ നികുതി ഇനത്തിൽ ഈടാക്കിയിരിക്കുന്നത്. ആയതിൽ വ്യക്തത വരുത്തേണ്ടതാണ്.

## 1-37 വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ മാലിന്യ സംസ്കരണ കേന്ദ്രം - നിർമ്മാണം പൂർത്തിയായില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 173/22 |
| പ്രോജക്റ്റിന്റെ പേര് | വലിയ കുന്ന് താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ |
| അടങ്കൽ | 1400000 |
| ചെലവ് | 400000 |
| ബിൽ നം | 316/15-3-22-200000<br>90/26-10-21-200000 |
| ഫണ്ടിനം | സി എഫ് സി |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഓഡിറ്റ് എൻക്വയറി നം | 81/26-4-23 |

വലിയ കുന്ന് താലൂക്ക് ആശുപത്രിയിലെ മാലിന്യ സംസ്കരണത്തിനായി 20 ലക്ഷം അടങ്കൽ തുക വച്ച് രൂപീകരിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം ദിനം പ്രതി ഉണ്ടാകുന്ന സോളിഡ് വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി മെറ്റീരിയൽ റിക്കവറി സെന്റർ, ഫെസിലിറ്റേഷൻ സെന്റർ, വേസ്റ്റ് സെഗ്രഗേഷൻ യൂണിറ്റ് ,ഡിസ്പോസൽ യൂണിറ്റ്, തുമ്പൂർമുഴി യൂണിറ്റ്, ഇൻസിനറേറ്റർ എന്നിവ അടങ്ങുന്ന യൂണിറ്റ് IRTC മുഖേന നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ശുചിത്വ മിഷന്റെ 4/12/18 ലെ1520/C2/2008 SM നമ്പറായി സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. 8-3-19 ൽ ധാരണാ പത്രം ഒപ്പു വച്ചിട്ടുണ്ട്. വിവിധ വർഷങ്ങളിലായി 600000 രൂപയും തൻവർം 400000 രൂപയുമടക്കം ആകെ 1000000 രൂപ IRTC ക്കു നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രം, ചെയ്ത പ്രവർത്തിയുടെ വാല്യുവേഷൻ, എം. ബുക്ക് എന്നിവ ലഭ്യമല്ല ആയവയും പ്രസ്തുത പ്രവർത്തിയിലുൾപ്പെട്ട എല്ലാ ഇനങ്ങളും പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ -എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചോ എന്ന് ഉറപ്പു വരുത്താനുള്ള രേഖയോ ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചത് സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ചതിന്റെയോ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നം | 220/22 |
| പ്രോജക്റ്റിന്റെ പേര് | നഗര സഭയിലെ വാർഡുകളിൽ കുടിവെള്ളത്തിനായി പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 1862000 |
| ചെലവ് | 1862000 |
| ബിൽ നം | 312/14-3-22 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ്( ടൈഡ് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

ആറ്റിങ്ങൽ നഗര സഭയിലെ 31 വാർഡുകളിലായി 63 ഇടങ്ങളിൽ പൈപ്പ് ലൈൻ നീട്ടുന്നതിനായി DB1-507/2019-20 WSD ATL 10-3-22 പ്രകാരം 2299683 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ തൻ വർഷം മേൽ ബിൽ പ്രകാരം 1862000 രൂപയും, 2019-20 ൽ 500000 രൂപയുമടക്കം ആകെ 2362000 രൂപ ആറ്റിങ്ങൽ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 14-2-22 ലെ വിനിയോഗ സാക്ഷ്യ പത്രം പ്രകാരം ആകെ ചെലവായ 1625569 രൂപ കഴിച്ച് ബാക്കി 736431 രൂപ ചെക്ക് നം 068313/17-2-23 പ്രകാരം തിരികെ

ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

1. വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ പ്രകാരം ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ടും പൂർത്തീകരണ സാക്ഷ്യ പത്രവും നഗര സഭക്ക് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ ഫയലിലില്ല. ആയവ ലഭ്യമാക്കേണ്ടതാണ്

2. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ തുക നഗരസഭയിൽ വരവു വെച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

3. 12.04.2006 ലെ ജി.ഒ(പി) 177/2006/ധന നമ്പർ ഉത്തരവ് 10.3 പ്രകാരം, മുൻ വർഷങ്ങളിൽ പിൻവലിച്ചതും വിനിയോഗിക്കാത്തതുമായ 'എ', 'ബി', 'സി' ഫണ്ടുകൾ സഞ്ചിതനിധിയിലേക്ക് 911-Deduct Recoveries Of Payment എന്ന ശീർഷകത്തിൽ അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച തുക തിരികെ സഞ്ചിതനിധിയിലേക്ക് തിരിച്ച് അടവാക്കിയിട്ടുണ്ടോ ഇല്ലെങ്കിൽ ആയതിന്റെ കാരണവും ലഭ്യമാക്കേണ്ടതാണ്.

## 1-39 വാഹനങ്ങളുടെ പരിപാലനം - ലോഗ് ബുക്ക് പരിശോധന

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം വാഹനങ്ങളുടെ റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഓരോ അർദ്ധവർഷത്തിന്റേയും ആരംഭത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് മുൻ അർദ്ധവർഷത്തെ ചെലവിന്റേയും വരവിന്റേയും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ചട്ടം 8 പ്രകാരം ഓരോ വാഹനത്തിന്റേയും ഇന്ധനക്ഷമതാ ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതാണ്. ഉദ്യോഗസ്ഥൻ ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ടെങ്കിൽ വാഹനത്തിന് ഉണ്ടെന്ന് കരുതുന്ന തകരാർ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതും ആയത് പരിഹരിക്കുവാൻ നിർദ്ദേശിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ അപ്രകാരം പ്രവർത്തിക്കേണ്ടതുമാണ്.

ചട്ടം 9 പ്രകാരം വാഹനത്തിൽ കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ആളുടെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്ക് പൂർണ്ണമായും നിറച്ചതിനുശേഷം വാഹനം ഓടിയ ദൂരവും വീണ്ടും നിറയ്ക്കുന്നതിനുള്ള ഇന്ധനത്തിന്റെ അളവും കണക്കിലെടുത്ത് ഒരു കിലോമീറ്ററിനുള്ള ഇന്ധന ഉപഭോഗത്തിന്റെ അളവ് കണക്കാക്കേണ്ടതും കാര്യമായ വ്യതിയാനം കാണുന്ന പക്ഷം വാഹനത്തിന്റെ കേടുപാട് തീർക്കേണ്ടതുമാണ്. ഇന്ധനത്തിന്റെ ഉപഭോഗം തുടർച്ചയായി വർദ്ധിക്കുന്ന പക്ഷം ഉപയോഗത്തോത് പുതുക്കി നിശ്ചയിക്കേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ വാഹനങ്ങളുടെ ലോഗ് പരിശോധിച്ചതിൽ മേൽപറഞ്ഞ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല എന്ന് കാണുന്നു. വാഹനങ്ങളുടെ ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതുകയോ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ലോഗ് ബുക്കിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22.10.20 ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30.11.20 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ പ്രസ്തുത സൈറ്റ് പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-16 E 8396, KL-16 G 2947, KL-16 Y 3340 എന്നീ വാഹനങ്ങളുടെ വിവരം സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടില്ല എന്നു കാണുന്നു. മറ്റു വാഹനങ്ങളുടെ വിവരം സൈറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.23/18.04.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പരിപാലിക്കാത്ത രജിസ്റ്ററുകൾ ഇനി മുതൽ പരിപാലിക്കുന്നതാണെന്നും ചട്ടത്തിലെ നിർദ്ദേശപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ പൂർത്തിയാക്കുമെന്നും രജിസ്റ്റർ ചെയ്യാത്ത വാഹനങ്ങളുടെ വിവരം "VEELS" സൈറ്റിൽ ചേർക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-40 നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക്

അടവാക്കുന്നില്ല

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിൽ നിന്നും കൊടുക്കേണ്ടതിനാൽ സെക്രട്ടറിക്കു കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശാദായങ്ങളും മുനിസിപ്പാലിറ്റി സംസ്ഥാനഫണ്ടിലേക്ക് അടവാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.അപ്രകാരം ഏതു വർഷം വരെ അടവാക്കി എന്നതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനും അടവാക്കുന്നതിൽ മുടക്കം വന്നിട്ടുണ്ടെങ്കിൽ ആയത് എന്തു കാരണത്താലാണെന്നും വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം46/20-4-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.നഗരസഭാ സെക്രട്ടറി മുൻസിപ്പാലിറ്റി ജീവനക്കാരനല്ലാത്തതിനാൽ സേവനത്തിന് പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് മുടക്കം വരാതെ അടവാക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-41 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല

(എ)

നഗര സഭയിൽ എഴുതി തയ്യാറാക്കിയിട്ടുള്ള മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക 10,000/- രൂപ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ലായെന്ന് കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നമ്പർ 82 തിയ്യതി 26/4/23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.ഒ(പി)419/11 ധന 4/10/11, കെ.എഫ്.സി അനുഛേദം 99 എന്നിവ പ്രകാരം താൽകാലിക അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായും വിനിയോഗിക്കാത്ത അഡ്വാൻസ് തുകക്ക് വർഷത്തേക്ക് 18 ശതമാനം നിരക്കിൽ പലിശ ഈടാക്കണം. സമയ പരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയും അടിയന്തിരമായി തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കണം.

നഗരസഭയുടെ 2021-22 കാലയളവിലെ തനതു ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി താഴെ പറയും പ്രകാരം മുൻകൂർ അനുവദിച്ചിട്ടുള്ളതാണ്. ആയത് ക്രമീകരിച്ചതു സംബന്ധിച്ച രേഖ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | വൗച്ചർ നം. തിയ്യതി | തുക കൈപ്പറ്റിയ വ്യക്തി | ആവശ്യം | തുക (₹) |
|---|---|---|---|---|
| 1 | 61/23-7-21 G4-8822/21 | ശ്രീ. രവീന്ദ്രൻ, (ക്ളർക്ക് ) | വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾക്ക് കില നൽകുന്ന ട്രെയിനംഗിനുള്ള ചെലവ് | 10000 |
| | | | ആകെ | 10000 |

രേഖകൾ ഹാജരാക്കാത്തതിനാൽ, അനുവദിച്ച മുൻകൂർ സമയബന്ധിതമായി ക്രമീകരിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ല. മുൻകൂർ ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്..

(ബി)

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ അനുവദിച്ചതും എന്നാൽ നാളിതുവരെ ക്രമീകരിക്കാത്തതുമായി താഴെ ചേർക്കുന്ന അഡ്വാൻസുകൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | വർഷം | വൗച്ചർ നം. തീയതി | തുക കൈപ്പറ്റിയ വ്യക്തി | ആവശ്യം | തുക (₹) |
|---|---|---|---|---|---|
| 1 | 1998-99 | 2-4-98 | ശ്രീ.സദാശിവൻ നായർ (PWO-II) | ലൈറ്റ് റിപ്പയർ | 3500 |
| 2 | ” | 17-5-98 | ശ്രീ.സദാശിവൻ നായർ (PWO-II) | ലൈറ്റ് റിപ്പയർ | 250 |
| 3 | ” | 18-7-98 | ശ്രീ.സദാശിവൻ നായർ (PWO-II) | വാട്ടർ ടാങ്ക് | 6000 |
| 4 | ” | 25-8-98 | ശ്രീ.ഹാരിസ് (എൽ ഡി സി) | ടവ്വൽ വാങ്ങിയത് | 1200 |
| 5 | 1999-2000 | 67/5-99 | ശ്രീ.ശിവൻകുട്ടി (PWO-2) | ജീപ്പ് ഫ്യുവൽ ടെസ്റ്റ് | 1000 |
| 6 | ” | 45/6-99 | ശ്രീ.ശിവൻകുട്ടി (PWO-2) | ജീപ്പ് ഫ്യുവൽ ടെസ്റ്റ് | 250 |
| 7 | ” | 25/12-10-99 | ശ്രീ.മുഹമ്മദ് ഹനീഫ | വാർഡ് വിഭജനം | 1000 |

| | | | | | |
|---|---|---|---|---|---|
| 8 | ” | 3-1-2000 | ശ്രീ.ഫാരിസ് (എൽ ഡി സി) | സ്റ്റേഷനറി വാങ്ങുന്നത് | 8000 |
| 9 | ” | 15-1-2000 | ശ്രീ.ബാലൻ .കെ | സോയിൽ ടെസ്റ്റ് | 2000 |
| 10 | ” | 15-2-2000 | ശ്രീ.വിജയൻ ഒ (എച്ച് ഐ) | രേഖപ്പെടുത്തിയിട്ടില്ല | 1500 |
| 11 | 2000-01 | 21-7-00 | ശ്രീമതി.ശ്രീകല (എഫ് ഐ) | ഫുഡ് സാമ്പിൾ ടെസ്റ്റ് | 1000 |
| 12 | ” | 30-7-00 | ശ്രീമതി.പ്രമീള.എച്ച് ഐ | ഇൻഡിപെൻഡൻസ് ഡെ | 1000 |
| 13 | ” | 38/1-1-01 | ശ്രീ. മോഹനൻ (PW0-II) | ടൌൺ ഹാൾ ഇലക്ട്രിഫിക്കേഷൻ | 3000 |
| 14 | 2001-02 | 70/4-1-02 PW-1880/01 | ശ്രീ. മോഹനൻ (PW0-II) | റോഡ് റോളർ റിപ്പയർ | 7000 |
| 15 | 2002-03 | 68/7-02-03 | ശ്രീ.ആർ.കെ കാർത്തികേയൻ (റവന്യൂ ഇൻസ്പെക്ടർ) | അനധികൃത ബോർഡ് നീക്കം ചെയ്യൽ | 1000 |
| 16 | ” | 22/12-02-03 | ശ്രീ.മോഹനൻ PWO-2 | KL01-7112 നം കാറിന്റെ ടാക്സ് ഒടുക്കൽ | 3120 |
| 17 | 2003-04 | 22/8.03.04 | ശ്രീ.സദാശിവൻ നായർ (റവന്യൂ ഇൻസ്പെക്ടർ) | റോഡ് റോളർ – പാർട്സ് വാങ്ങൽ | 800 |
| 18 | ” | 65/8.03.04 | ശ്രീ.സദാശിവൻ നായർ (റവന്യൂ ഇൻസ്പെക്ടർ) | റോഡ് റോളർ – പാർട്സ് വാങ്ങൽ | 500 |
| 19 | ” | 70/13-03-2004 | ശ്രീ.രവീന്ദ്ര നാഥ് (എൽ ഡി സി) | കലണ്ടർ ഡയറി വാങ്ങൽ | 7000 |
| 20 | ” | 122/12-04-2003 C/10229/03 | ശ്രീ.രവീന്ദ്രനാഥ്(എൽ ഡി സി) | കലണ്ടർ ഡയറി വാങ്ങൽ | 5000 |
| 21 | 2008-09 | 32/3-9-2008 G2/6457/08 | ശ്രീ.ഷാനവാസ് ഖാൻ (ബി ഐ) | ഓണാഘോഷം ഫ്ളോട്ട് അവതരണം | 20000 |
| 22 | ” | 80/8-9-2008/ PW3/7461/08 | ശ്രീ.ഷാനവാസ് ഖാൻ (ബി ഐ) | വാഹനത്തിന് അടങ്കൽ | 10000 |
| 23 | ” | 46/10-12-2008/ PW3/4036/08 | ശ്രീ.ഷാനവാസ് ഖാൻ (ബി ഐ) | ജീപ്പ് റിപ്പയറിംഗ് | 1500 |
| 24 | ” | 103/1-9-2008/.08 | ശ്രീ.ഷാനവാസ് ഖാൻ (ബി ഐ) | ബസ് സ്റ്റാന്റിൽ മീറ്റർ ബോർഡ് സ്ഥാപിക്കൽ | 6000 |
| 25 | 2010-11 | 100/24-5-2010/ | ശ്രീ.ഷാനവാസ് ഖാൻ (ബി ഐ) | ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം | 15000 |
| 26 | ” | 52/8-10-10 PW3/10911/10 | ശ്രീ.ദിനേശ് ( PW1) | അറവ് ശാല ഉദ്ഘാടനം | 11000 |
| 27 | 2011-12 | 88/9-10-2011 G2/13052/10 | ശ്രീ.ഷാനവാസ് ഖാൻ (ബി ഐ) | കൌൺസിൽ ഹാളിൽ മുൻ ചെയർമാൻമാരുടെ ഫോട്ടോ സ്ഥാപിക്കൽ | 5000 |
| 28 | ” | 106/7-10-11 PW3/10440/10 | ശ്രീ.ദിനേശ് (PW2) | ആസ്തി രജിസ്റ്റർ തയ്യാറാക്കൽ | 2500 |
| 29 | ” | 81/10-10-11 PW1/13535/10 | ശ്രീ.ഷാനവാസ് ഖാൻ (ബി ഐ) | കൌൺസിൽ ഹാളിൽ മെയിന്റനൻസ് | 45000 |
| 30 | ” | 91/10-10-11 G2/13889/10 | ശ്രീ.ഷാനവാസ് ഖാൻ (ബി ഐ) | കൌൺസിൽ അംഗങ്ങളുടെ സത്യ പ്രതിജ്ഞ – സ്റ്റേജ് തയ്യാറാക്കൽ | 15000 |

| | | | | | |
|---|---|---|---|---|---|
| 31 | 2013-14 | 41/9-5-12 PW3/4036/08 | ശ്രീ.ജയപ്രകാശ് (ബി ഐ) | വാഹന റിപ്പയർ | 1500 |
| 32 | ,, | 67/11-12-13 PW3/5247/12 | ശ്രീ.സന്തോഷ് ഉണ്ണി (PW2) | വാഹന സർവ്വീസ് | 5000 |
| 33 | ,, | 43/7.6.13 PW3/5824/13 | ശ്രീ.സന്തോഷ് ഉണ്ണി (PW2) | വാഹനത്തിന് ടവ്വൽ വാങ്ങൽ | 1000 |
| 34 | ,, | 86/20-1-14 PW3/8210/13 | ശ്രീ.സന്തോഷ് ഉണ്ണി ( PW2) | യു പി എസിന് ബാറ്ററി | 9000 |
| 35 | 2014-15 | 86/9-14 PH PH-11473-13 | ശ്രീ.നസീമ ബീവി | മാര്യേജ് ലോൺ | 25000 |
| 36 | ,, | 43/12-14 PH PH-11473-13 | ശ്രീ.ശോഭന (സാനിറ്റേഷൻ വർക്കർ) | മാര്യേജ് ലോൺ | 25000 |
| 37 | ,, | 137/2-15 G4-11929-14 | ശ്രീ.രവീന്ദ്രൻ (എൽ ഡി സി) | പദ്ധതി രൂപീകരണ സെമിനാർ | 15000 |
| 38 | 2015-16 | 35/5-2-16 PW1-9781-10 | ശ്രീ.ജാഫർ സാദിഖ് (PW2) | ടാർ ഇറക്ക് കൂലി | 12360 |
| 39 | 2016-17 | 90/5-16 PH-11473/15 | ശ്രീ.അമ്പിളി. ജെ (സാനിറ്റേഷൻ വർക്കർ) | മാര്യേജ് ലോൺ | 25000 |
| 40 | 2018-19 | 60/7-18 PH2-5249/18 | ശ്രീ.ജോയ് ഫ്രീ സുദർശൻ | സ്വച്ച് ഭാരത് | 4000 |
| 41 | 2019-20 | 58/7-12-19 PH2-9068/19 | ശ്രീ.സി വി പ്രവീൺ(JHI) | മരം മുറിച്ച് മാറ്റുന്നത് | 3000 |
| 42 | ,, | 22/3-3-20 G4-1702/20 | ശ്രീ.രവീന്ദ്രൻ (എൽ ഡി സി) | ജില്ലാ വികസനോത്സവം - റിയാലിറ്റി ഷോയിൽ സൗകര്യം | 2000 |

മേൽ പറഞ്ഞ മുൻകൂറുകൾ ക്രമീകരിച്ചതിന്റെയോ ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടികളോ അറിയിക്കേണ്ടതും അഡ്വാൻസുകൾ ക്രമീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-42 അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം

നഗരസഭാ പരിധിയിൽ 29 അങ്കണവാടികളാണുള്ളത്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/17.04.2023 ന്റെ മറുപടി ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | എണ്ണം | സെന്റർ നമ്പർ |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 11 | 1, 11, 13, 14, 15, 16, 21, 22, 25, 26, 29 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 11 | 1,11,13,14,15,16,21, 22,25,26,29 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 | 14 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 1 | 11 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 29 | എല്ലാ അംഗൻവാടികളും |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 0 | |
| 7 | കളിസ്ഥലം ഇല്ലാത്തവ | 0 | |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | 0 | |
| 9 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 2 | 6,8 |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 29 | എല്ലാ അംഗൻവാടികളും |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 9 | 11,13,14,15,16,22,25,26,29 |

| | | | |
|---|---|---|---|
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 29 | എല്ലാ അംഗൻവാടികളും |
| 13 | വൈദ്യുതി ഇല്ലാത്തവ | 0 | |
| 14 | Baby Weighing Machine/salter Scale/platform Weighing Scale ഇല്ലാത്തവ | 29 | എല്ലാ അംഗൻവാടികളും |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോട്ട കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 29 | എല്ലാ അംഗൻവാടികളും |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 0 | |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്ന കിറ്റ് എന്നിവ ഇല്ലാത്തവ | 0 | |
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | 0 | |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | 0 | |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | 0 | |
| 21 | ആവശ്യത്തിന കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | 0 | |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 28 | നമ്പർ 17 ഒഴികെ എല്ലാ അംഗൻവാടികളും |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | 0 | |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 0 | |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 0 | |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | 0 | |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 29 | എല്ലാ അംഗൻവാടികളും |

അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭരണസമിതി മുൻകൈ എടുക്കേണ്ടതും ആയതിന്റെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-43 ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച്

| | |
|---|---|
| പദ്ധതിയുടെ പേര് | ഹരിതകർമ്മസേന പ്രവർത്തനം |
| പദ്ധതി നമ്പർ | 158/22 |
| പദ്ധതി അടങ്കൽ | 699600 (മറ്റുള്ളവ - ശുചിത്വ മിഷൻ ഗ്രാന്റ് ) |
| പദ്ധതി ചെലവ് | 699600 (മറ്റുള്ളവ - ശുചിത്വ മിഷൻ ഗ്രാന്റ് ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

എ) മേൽ പ്രോജക്ടിന്റെ ഭാഗമായി വകയിരുത്തിയിട്ടുള്ള ശുചിത്വമിഷൻ ഗ്രാന്റിൽ നിന്നും 699600 രൂപ ഹരിതകർമ്മസേന കൺസോർഷ്യം യൂണീറ്റിന്റെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ചിരിക്കുന്നു. എന്നാൽ തുക അനുവദിയ്ക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ള സ.ഉ(സാധാ) നം.1972/2021/തസ്വഭവ, തീയതി 12.10.21 പ്രകാരം പ്ലാൻ/തനത് ഫണ്ടിൽ നിന്നുമാണ് ഹരിതകർമ്മസേനയ്ക്ക് തുക നൽകേണ്ടത്. എന്നാൽ അതിനു പകരം ശുചിത്വ മിഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചതിനുള്ള കാരണം വ്യക്തമല്ല. കൂടാതെ ഹരിതകർമ്മസേനയ്ക്ക് ലഭിച്ച ടി തുകയുടെ ചെലവ് സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ബി) സ.ഉ.(സാധാ)നം.1496/2020/തസ്വഭവ, തീയതി. 12.08.20 പ്രകാരമുള്ള 'ഹരിതകർമ്മസേന പ്രവർത്തന മാർഗ്ഗരേഖ' പ്രകാരം ഹരിതകർമ്മസേനയ്ക്കായി ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യങ്ങൾ, സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ലഭ്യമാക്കേണ്ടതാണ്. ആയതിനു സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമല്ല.

സി) മാർഗ്ഗരേഖ ക്രമ നം.12 പ്രകാരം ഹരിതകർമ്മസേന അംഗങ്ങൾക്കുള്ള പരാതിയും പ്രവർ ത്തനങ്ങൾക്കിടയിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ചർച്ച ചെയ്യുന്നതിനും പരിഹാരം കാണുന്നതിനും ഒരു പരാതി പരിഹാര സമിതി

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കണം. അപ്രകാരമുള്ള സമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.29/19.04.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-44 ഹരിതമിത്രം മൊബൈൽ ആപ് - തുടർ പ്രവർത്തനം റിപ്പോർട്ട് ചെയ്തിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, കമ്പ്യൂട്ടർ ടേബിൾ, കസേര എന്നിവ വാങ്ങൽ |
| പദ്ധതി നമ്പർ | 237/22 |
| പദ്ധതി അടങ്കൽ | 763000 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 673000 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| ബിൽ നം./തീയതി | 329/17.03.22 |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി തയ്യാറാക്കിയിരിക്കുന്നതാണ് മേൽ പ്രോജക്ട്. ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവരുമായി ചേർന്ന് ഹരിതമിത്രം എന്ന പേരിൽ ഒരു സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് മൊബൈൽ ആപ് കെൽട്രോൺ മുഖേന തയ്യാറാക്കി പ്രവർത്തനക്ഷമമാക്കുകയും അതിന്റെ തുടർ പ്രവർത്തനങ്ങളുമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിന്റെ ഭാഗമായി 14.03.22 ൽ ട്രൈപാർട്ടി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ തയ്യാറാക്കിയതിനുള്ള സർവ്വീസ് ചാർജ്ജ്, എസ്.എം.എസ് ചാർജ്ജ് എന്നിവയ്ക്കായി 673000 രൂപ 2021-22 ൽ കെൽട്രോണിന് അനുവദിച്ചിരിക്കുന്നു. പ്രസ്തുത ആപ്പ് ന്റെ നിലവിലെ സ്ഥിതി/ തുടർപ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.29/19.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മൊബൈൽ ആപ്പിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-45 അടങ്കൽ തുകയേക്കാൾ കൂടുതൽ ചെലവഴിച്ചിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ശുചീകരണ പ്രവർത്തനങ്ങൾക്ക് വാഹനം വാങ്ങൽ |
| പദ്ധതി നമ്പർ | 29/22 |
| പദ്ധതി അടങ്കൽ | 2152273 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 2238364 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| എസിആർ ബിൽ നം./തീയതി | 145/22.12.21 – 2152273<br>258/21.02.22 - 86091 |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾക്കായി വാഹനം വാങ്ങുന്നതിന് ആകെ 2238364 രൂപ ചെലവഴിച്ചിട്ടുണ്ട് (വാഹനത്തിന്റെ വില-2152273, Freight Charge – 86091). എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ തുക 2152273 രൂപ മാത്രമാണ്. അതായത് അടങ്കൽ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു. പ്രോജക്റ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്റ്റ് രൂപീകരണ ഫോറം പ്രകാരം അടങ്കൽ തുക 2300000 രൂപയാണ്. എന്നാൽ 03/22 ൽ അടങ്കൽ തുകയിൽ കുറവ് വരുത്തി പ്രോജക്റ്റ് റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചതായി ഫയലിൽ ഉണ്ട്. എന്നാൽ പ്രോജക്റ്റ് റിവൈസ് ചെയ്യുന്നതിനു മുൻപായി തന്നെ മുഴുവൻ ചെലവുകളും നടത്തിയിട്ടുണ്ട്. റിവൈസ്ഡ് പ്രോജക്റ്റ് രൂപീകരണ ഫോറം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം കൂടുതൽ തുക ചെലവഴിച്ചിട്ട് അതിനേക്കാൾ കുറഞ്ഞ തുക ഉൾപ്പെടുത്തി അടങ്കൽ തുക റിവൈസ് ചെയ്ത സാഹചര്യം വ്യക്തമല്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/18.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ വ്യക്തത വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-46 500000 രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ബയോമെഡിക്കൽ മാലിന്യസംസ്കരണം -വിഹിതം നൽകൽ |
| പദ്ധതി നമ്പർ | 161/22 |
| പദ്ധതി അടങ്കൽ | 500000 (മറ്റുള്ളവ – ശുചിത്വ മിഷൻ ഗ്രാന്റ്) |
| പദ്ധതി ചെലവ് | 500000 (മറ്റുള്ളവ – ശുചിത്വ മിഷൻ ഗ്രാന്റ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |

ജില്ലയിൽ ഉല്പാദിപ്പിക്കുന്ന ആശുപത്രി മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം പദ്ധതിയിലേയ്ക്കുള്ള നഗരസഭ വിഹിതമായി 500000 രൂപ ജില്ലാ ശുചിത്വ മിഷന്റെ പേരിൽ അനുവദിച്ചിരുന്നു (ചെക്ക് നം. 6116460/16.12.21). എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/18.04.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-47 ബയോഗ്യാസ് പ്ലാന്റിനായി വാങ്ങിയ മെഷീൻ നാളിതുവരെ സ്ഥാപിച്ചിട്ടില്ല – 490000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ബയോഗ്യാസ് പ്ലാന്റ് മെഷീനറി വാങ്ങൽ |
| പദ്ധതി നമ്പർ | 32/22 |
| പദ്ധതി അടങ്കൽ | 490000 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 490000 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| എസിആർ ബിൽ നം./തീയതി | 412/26.03.22 |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി ബയോഗ്യാസ് പ്ലാന്റിനായി ഗ്രീൻ ലീഫ് ഗ്രൈൻഡർ വാങ്ങുന്നതിന് ആകെ 490000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്റ്റ് രൂപീകരണ ഫോറം പ്രകാരം അടങ്കൽ തുക 637000 രൂപയാണ്. എന്നാൽ 03/22 ൽ അടങ്കൽ തുക 490000 രൂപയായി കുറവ് വരുത്തി പ്രോജക്റ്റ് റിവൈസ് ചെയ്തതായി ഫയലിൽ ഉണ്ട്. എന്നാൽ റിവൈസ്ഡ് പ്രോജക്റ്റ് രൂപീകരണ ഫോറം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മെഷീൻ പർച്ചേസ് ചെയ്ത പ്രകൃതി എന്ന സ്ഥാപനത്തിൽ നിന്നുള്ള ടാക്സ് ഇൻവോയിസ് നം. 93/31.03.22 പ്രകാരം മെഷീന്റെ ആകെ വില 549117രൂപയാണ്. എന്നാൽ പ്രോജക്റ്റ് റിവൈസ് ചെയ്തതിനാൽ ടി തുക നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും 490000 രൂപ മാത്രം അനുവദിക്കുകയും ചെയ്തിരിക്കുന്നു. ബാക്കി തുകയായ 59117 രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്ഥാപനത്തിൽ നിന്നുള്ള 22.12.22 ലെ കത്ത് ഫയലിൽ ഉണ്ട്. സ്ഥാപനത്തിന്

ടി തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതും ഇല്ലായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്. ഇപ്രകാരം വകയിരുത്തിയിരുന്ന അടങ്കൽ തുകയിൽ കുറവ് വരുത്തി പ്രോജക്ട് റിവൈസ് ചെയ്ത് പ്രോജക്ട് പ്രകാരമുള്ള യഥാർത്ഥ ചെലവ് നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായതു സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/18.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ 20.04.23 ന് നടത്തിയ സ്ഥലപരിശോധനയിൽ ഗ്രീൻ ലീഫ് ഗ്രൈൻഡർ ഇപ്പോഴും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് കണ്ടെത്തി. പർച്ചേസ് ചെയ്ത് ഒരു വർഷത്തിന് ശേഷവും മെഷീൻ ഉപയോഗയോഗ്യമാക്കാത്തതിനാൽ ചെലവഴിച്ച 490000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.



ഗ്രീൻ ലീഫ് ഗ്രൈൻഡർ

## 1-48 കോവിഡ് പ്രോജക്ടുകൾ സംബന്ധിച്ച വിവിധ അപാകതകൾ

2021-22 ൽ കോവിഡുമായി ബന്ധപ്പെട്ട് 3 പ്രോജക്ടുകളാണ് ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ളത്. അവയുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകളും ഓഡിറ്റ് അന്വേഷണം നം. 17/17.04.23 ന് ലഭിച്ച മറുപടിയും ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പദ്ധതിയുടെ പേര് | കോവിഡ് 19 പ്രതിരോധ പ്രവർത്തനം ശുചിത്വം കുടിവെള്ളം ലഭ്യമാക്കൽ |
| പദ്ധതി നമ്പർ | 232/22 |
| പദ്ധതി അടങ്കൽ | 771619 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 771619 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| എസിആർ ബിൽ നം./ തീയതി | 105/03.11.21 |

കോവിഡ് സെന്ററുകളിൽ ഉപയോഗിക്കുന്നതിനായി വിവിധ ക്യാഷ് ഇൻവോയിസുകൾ പ്രകാരം ത്രിവേണി സൂപ്പർമാർക്കറ്റിൽ നിന്നും പർച്ചേസ് ചെയ്ത ചുവടെ പറയുന്ന സാധനങ്ങളുടെ നിലവിലെ സ്ഥിതി/ഉപയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല.

| ക്രമ നം. | ഇനം | എണ്ണം | ക്യാഷ് ഇൻവോയിസ് നം./തീയതി |
|---|---|---|---|
| 1 | Steel Glass | 50 | 254/8/3007/30.06.21 |

| | | | |
|---|---|---|---|
| 2 | Tumbler | 90 | |
| 3 | Vessel Glass | 60 | |
| 4 | Plate | 200 | |
| 5 | Steel Plate | 100 | 254/8/2917/28.06.21 |
| 6 | Tumbler | 100 | |
| 7 | Tumbler | 100 | 254/8/3051/01.07.21 |
| 8 | Rice Plate | 100 | 254/8/6812/12.10.21 |
| 9 | Rice Plate | 10 | 254/8/6857/13.10.21 |
| 10 | Steel Plate | 100 | 254/8/2908/26.06.21 |
| 11 | Steel Glass | 100 | |

കോവിഡ് സെന്ററുകളിൽ നിന്ന് രോഗികളെ വിട്ടയക്കുമ്പോൾ സാധനങ്ങൾ ഉൾപ്പെടെയാണ് രോഗികൾക്ക് നൽകിയിരുന്നതെന്നും അതിനാൽ മേൽപ്പറഞ്ഞ സാധനങ്ങൾ ഒന്നും തന്നെ നിലവിൽ സ്റ്റോക്കിലില്ലായെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ഇപ്രകാരം രോഗികൾ കോവിഡ് സെന്ററുകളിൽ നിന്നും പോകുമ്പോൾ ഉപയോഗിച്ച സാധനങ്ങൾ എല്ലാം തന്നെ വീടുകളിലേയ്ക്ക് കൊടുത്തു വിടുന്നതിന് കൗൺസിൽ തീരുമാനമോ, സർക്കാർ നിർദ്ദേശമോയുണ്ടോയെന്ന് വ്യക്തമാക്കേണ്ടതും ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതുമാണ്. ഇല്ലായെങ്കിൽ മേൽ നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.

| | |
|---|---|
| പദ്ധതിയുടെ പേര് | കോവിഡ് സെന്ററുകൾക്ക് പ്രതിരോധ സാധന സാമഗ്രികൾ വാങ്ങൽ |
| പദ്ധതി നമ്പർ | 142/22 |
| പദ്ധതി അടങ്കൽ | 1942285 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 1942285 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| ട്രഷറി ബിൽ നം./തീയതി | 1442285 - 2/29.07.21<br>500000 – 1/13.07.21 |

മേൽ പ്രോജക്ടിന്റെ ഭാഗമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആകെ 1942285 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ആകെ ചെലവായ 1942285 രൂപയിൽ 348261 രൂപയാണ് വിവിധ സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പർച്ചേസ് ചെയ്ത മുഴുവൻ സാധനങ്ങളും സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ബി) കോവിഡ് സെന്ററുകളിൽ ഉപയോഗിക്കുന്നതിനായി വിവിധ ക്യാഷ് ഇൻവോയിസുകൾ പ്രകാരം പർച്ചേസ് ചെയ്ത ചുവടെ പറയുന്ന സാധനങ്ങളുടെ നിലവിലെ സ്ഥിതി/ഉപയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഇനം | എണ്ണം | ക്യാഷ് ഇൻവോയിസ് നം./തീയതി | പർച്ചേസ് ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 1 | Bed | 125 | 61/11.05.21 | United Stationery |
| 2 | Pillow | 125 | | |
| 3 | Cot | 40 | | |
| 4 | Steel Tumbler | 300 | 254/8/2067/31.05.21 | ത്രിവേണി സൂപ്പർമാർക്കറ്റ് |
| 5 | BP Apparatus | 1 | 0104301/217/14.05.21 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ |
| 6 | BP Monitor Digital | 2 | | |
| 7 | Infrared Thermometer | 3 | | |

പട്ടികയിലെ ക്രമ നം.4 വരെയുള്ള സാധനങ്ങൾ രോഗികൾക്ക് നൽകിയിരുന്നുവെന്നും അതിൽ ബാക്കിയുള്ളവ വനിതാഹോസ്റ്റലിന്റെ ആവശ്യത്തിനായി മാറ്റിയിട്ടുണ്ടെന്നും മറുപടി നൽകിയിരിക്കുന്നു. കൂടാതെ ക്രമ നം. 5 മുതലുള്ള സാധനങ്ങൾ പുനരുപയോഗത്തിനായി വലിയകുന്ന് താലൂക്ക് ആശുപത്രിയിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ എത്രം എണ്ണം വീതം സാധനങ്ങളാണ് രോഗികൾക്ക് നൽകിയതെന്നും നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്ത വനിതാ ഹോസ്റ്റലിലേയ്ക്ക് മാറ്റിയതെന്നും വ്യക്തമാക്കിയിട്ടില്ല. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മേൽ സാധനങ്ങളെല്ലാം തന്നെ കോവിഡ് സെന്ററുകൾക്കാണ് ഇഷ്യൂ ചെയ്തിട്ടുള്ളത്. എന്നാൽ കോവിഡ് സെന്ററുകളിൽ നിന്നും സാധനങ്ങൾ വനിതാ ഹോസ്റ്റലിനും താലൂക്ക് ആശുപത്രിയ്ക്കും ഇഷ്യൂ ചെയ്തതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇഷ്യൂ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സി) ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 26.04.21 ൽ Bed – 90 എണ്ണം, Pillow - 90 എണ്ണം, Cot-57 എണ്ണം എന്നിങ്ങനെ സ്റ്റോക്കിൽ ലഭിച്ചിട്ടുള്ളതായി കാണുന്നു. അവയുടെ നിലവിലെ സ്ഥിതി/ഉപയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല. മേൽ സാധനങ്ങൾ കോവിഡ് രോഗികൾക്ക് നൽകുകയും ബാക്കിയുള്ള ഒരു Cot വനിതാഹോസ്റ്റലിന്റെ ആവശ്യത്തിനായി മാറ്റിയിട്ടുണ്ടെന്നും മറുപടി നൽകിയിരിക്കുന്നു. വനിതാ ഹോസ്റ്റലിന് ഇഷ്യൂ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഡി) നഗരസഭയിലെ താൽക്കാലിക ജെ.എച്ച്.ഐ മാർക്ക് 2021 മെയ്, ജൂൺ മാസങ്ങളിലെ വേതനം നൽകുന്നതിന് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 125834 രൂപ (ട്രഷറി ബിൽ നം.2) പ്രോജക്ട് ഫണ്ടിൽ നിന്നും റീക്കുപ്പ് ചെയ്തിട്ടുണ്ട്. ടിയാളുകൾക്ക് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ (വൗച്ചർ നം./തീയതി) ഫയലിൽ ലഭ്യമല്ല.

ഇ) സിഎഫ്എൽറ്റിസികളിലേയ്ക്ക് ആഹാരവിതരണം നടത്തിയ വകയിൽ താഹാസ് സുൽത്താൻ കാറ്ററേഴ്സിന് നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് പ്രോജക്ട് ഫണ്ടിൽ നിന്നും 500000 രൂപ റീക്കുപ്പ് ചെയ്തിട്ടുണ്ട് (ട്രഷറി ബിൽ നം.1). എന്നാൽ റീക്കുപ്പ് ചെയ്യുന്നതിനുള്ള അനുമതി ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. ബിൽ അബ്സ്ട്രാക്ട് പ്രകാരം ആകെ ചെലവ് 527496 രൂപയാണ്. തനത് ഫണ്ടിൽ നിന്നും ആകെ 527496 രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ (വൗച്ചർ നം./തീയതി) ഫയലിൽ ലഭ്യമല്ല. ബാക്കി തുകയായ 27496 രൂപ റീക്കുപ്പ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ 527496 രൂപയുടെ ക്യാഷ് ഇൻവോയിസ് ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

97 കട്ടിലുകൾ അടക്കമുള്ള സാധനങ്ങൾ രോഗികൾക്ക് നൽകിയതാണ് എന്ന ഉത്തരം അംഗീകരിക്കാവുന്നതല്ല. ഇപ്രകാരം രോഗികൾ കോവിഡ് സെന്ററുകളിൽ നിന്നും പോകുമ്പോൾ ഉപയോഗിച്ച സാധനങ്ങൾ എല്ലാം തന്നെ വീടുകളിലേയ്ക്ക് കൊടുത്തു വിടുന്നതിന് കൗൺസിൽ തീരുമാനമോ, സർക്കാർ നിർദ്ദേശമോയുണ്ടോയെന്ന് വ്യക്തമാക്കേണ്ടതും ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതുമാണ്. ഇല്ലായെങ്കിൽ മേൽ നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.

| | |
|---|---|
| പദ്ധതിയുടെ പേര് | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ സി.എഫ്.എൽ.റ്റി.സി കളിൽ |
| പദ്ധതി നമ്പർ | 233/22 |
| പദ്ധതി അടങ്കൽ | 1892000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 1892000 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| എസിആർ ബിൽ നം./ തീയതി | 92/27.10.21 |

ആകെ ചെലവായ 1892000/- രൂപയിൽ 1307150 രൂപ സിഎഫ്എൽറ്റിസികളിലേയ്ക്ക് ആഹാരവിതരണം നടത്തിയ വകയിൽ താഹാസ് സുൽത്താൻ കാറ്ററേഴ്സിന് നൽകിയിട്ടുള്ളതാണ്. എന്നാൽ ബന്ധപ്പെട്ട ക്യാഷ് ഇൻവോയിസ് ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രോജക്ടുകൾ മുഖേന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2021-22 വർഷം ആകെ 4605904 രൂപ (771619 + 1942285 + 1892000) വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.911/2021 /തസ്വഭവ തീ.26.04.2021 ഉത്തരവ് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എസ്.ഡി.ആർ.എഫിൽ റീ ഇംപേഴ്സ്മെന്റ് പ്രൊപ്പോസൽ സമർപ്പിച്ച് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ റീ ഇംപേഴ്സ്മെന്റിന്റെ അർഹത ഡി.ഡി.എം.എകളുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച ഡൊമിസിലിയർ കെയർ സെന്ററുകൾക്കും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(സാധാ)നം.2642/2021/തസ്വഭവ തീ.29.12.2021). 18.09.21 ലെ കൗൺസിൽ സാധാരണ യോഗത്തിലെ തീരുമാനം 7(1) പ്രകാരം കോവിഡുമായി ബന്ധപ്പെട്ട് ചെലവായ 2864158 രൂപ റീഇംപേഴ്സ് ചെയ്യുന്നതിന് ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2864158 രൂപ ലഭ്യമായിട്ടുണ്ട്. എന്നാൽ

ബാക്കിയുള്ള 1741746 രൂപ (4605904-2864158) ലഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ വിശദാംശങ്ങളും തുക ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രോജക്ട് പ്രകാരമുള്ള അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. ബാക്കി തുക ലഭ്യമായിട്ടില്ലെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-49 പ്രവർത്തനം ആരംഭിക്കാത്ത ജൈവവള വിപണന യൂണിറ്റിനു വേണ്ടി പർച്ചേസ് - 87205 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു,

| | |
|---|---|
| പദ്ധതിയുടെ പേര് | ജൈവവള വിപണന യൂണിറ്റ് |
| പദ്ധതി നമ്പർ | 38/22 |
| പദ്ധതി അടങ്കൽ | 200000 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 87205 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| എസിആർ ബിൽ നം./തീയതി | 392/26.03.22 |

നഗരസഭയുടെ മാലിന്യ പ്ലാന്റിൽ നിർമ്മിക്കുന്ന ജൈവവളം വിൽപ്പന നടത്തുന്നതിനാണ് മേൽ പ്രോജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ജൈവവള വിപണന യൂണിറ്റിന്റെ ഉപയോഗത്തിലേയ്ക്കായി ടെണ്ടർ മുഖേന ശ്രീകൃഷ്ണ ഏജൻസീസിൽ നിന്നും 87205 രൂപയുടെ സാധനങ്ങൾ പർച്ചേസ് ചെയ്തിരിക്കുന്നു (ഇൻവോയിസ് നം.A306/26.03.22). എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും യൂണിറ്റ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നു കാണുന്നു.

ബി) പരിപാലനത്തിനായി കരാർ ഒപ്പുവെച്ചിട്ടുള്ള സ്ഥാപനത്തിന്റെ അധീനതയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും ഉണ്ടാകുന്ന ജൈവവളം നഗരസഭ തന്നെ വില നൽകി വാങ്ങി പായ്ക്ക് ചെയ്ത് വിൽക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ അതുമായി ബന്ധപ്പെട്ട് സ്ഥാപനവുമായി ചർച്ച നടത്തുകയോ വില സംബന്ധിച്ച് ധാരണയിൽ എത്തുകയോ ചെയ്തിട്ടില്ല. നോട്ട് ഫയലിലെ 3.06.22 ലെ കുറിപ്പ് പ്രകാരം വളത്തിന്റെ വില സംബന്ധിച്ച് പരിപാലന സ്ഥാപനത്തിന് കത്ത് നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട Qrex Bio Solution Pvt Ltd ന് കത്ത് നൽകിയിട്ടുള്ളത് 09.01.23 ൽ മാത്രമാണ്.

സി) 29.03.23 ലെ കൗൺസിൽ യോഗത്തിലെ അജണ്ട 11 (1) പ്രകാരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പരിപാലനത്തിനായി Qrex Bio Solution Pvt Ltd മായുള്ള കരാർ റദ്ദു ചെയ്യുന്നതിനും പ്ലാന്റിന്റെ പരിപാലനത്തിനായി ഇ-ടെണ്ടർ നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കരാർ റദ്ദു ചെയ്തിട്ടുള്ളതിനാൽ നിലവിൽ ജൈവവള വിപണന യൂണിറ്റ് ആരംഭിക്കുന്ന കാര്യം നീണ്ടുപോകുന്ന സാഹചര്യമാണ് ഉള്ളത്.

ഡി) പർച്ചേസ് ചെയ്ത സാധനങ്ങൾ എല്ലാം തന്നെ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർത്തിട്ടുണ്ട്. കൂടാതെ എല്ലാ സാധനങ്ങളും ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആർക്കാണ് സാധനങ്ങൾ ഇഷ്യൂ ചെയ്തതെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല.

ഇ) ഇൻവോയിസ് ബില്ലിൽ ക്രമ നം. 7 മതായി രേഖപ്പെടുത്തിയിട്ടുള്ള Steel Vessels – 1 പീസിന്റെ വില 4950 രൂപയാണ്. സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നം. 21 ൽ ടി സാധനം ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നോട്ട് ഫയലിലെ 29.12.22 ലെ കുറിപ്പിൽ 800 രൂപ വിലവരുന്ന 4 ചെറിയ സ്റ്റീൽ പാത്രങ്ങൾ മാത്രമാണ് യഥാർത്ഥത്തിൽ ലഭിച്ചിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ആയത് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. ഇപ്രകാരം ലഭ്യമാക്കാത്ത സാധനത്തിനുള്ള വില അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

എഫ്) ബാക്കിയുള്ള സ്റ്റീൽ വെസ്സൽസ് ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകാമെന്ന് പർച്ചേസ് സ്ഥാപനം അറിയിച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അവശേഷിക്കുന്നവ ആവശ്യപ്പെട്ടുകൊണ്ട് സ്ഥാപനത്തിന് കത്ത് നൽകിയതായി ഫയലിൽ ഇല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 39/20.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 20.04.23 ന് മാലിന്യ പ്ലാന്റിൽ നടത്തിയ സ്ഥലപരിശോധനയിൽ ജൈവവള വിപണന യൂണിറ്റിനായി പർച്ചേസ് ചെയ്ത Weighing Scale – 1 എണ്ണം ഹരിതകർമ്മസേനയുടെ ഓഫീസിൽ ഉപയോഗിക്കുന്നതായി കണ്ടു. ബാക്കിയുള്ളവ നഗരസഭയിലെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നതായി അറിയിച്ചതിനെത്തുടർന്ന് ഹെൽത്ത് വിഭാഗത്തിന്റെ സ്റ്റോറിൽ പരിശോധന നടത്തിയിരുന്നു. പരിശോധനയിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

ബി) Steel Vessals – ബന്ധപ്പെട്ട പ്രോജക്ടിന്റെ നോട്ട് ഫയലിലെ 29.12.22 ലെ കുറിപ്പ് പ്രകാരമുള്ള 800 രൂപ വിലവരുന്ന പാത്രങ്ങൾ മാത്രമാണ് സ്റ്റോക്കിലുള്ളത്. പർച്ചേസ് ചെയ്ത സ്ഥാപനം അവശേഷിക്കുന്ന 4150 രൂപയുടെ സ്റ്റീൽ പാത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സി) വിപണന കേന്ദ്രത്തിനു വേണ്ടി വാങ്ങിയ 750 രൂപ വിലവരുന്ന Toin For Stitching Chack – 5 എണ്ണം, 6150 രൂപ വിലവരുന്ന പാക്കിംഗ് കവർ – 500 എണ്ണം എന്നിവ സ്റ്റോക്കിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

സി) Sealing Machine – 1 എണ്ണം, Stitching Machine -1 എണ്ണം എന്നിവയടക്കമുള്ള മറ്റു സാധനങ്ങൾ എല്ലാം തന്നെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

മേൽ സാഹചര്യത്തിൽ നാളിതു വരെ പ്രവർത്തനം ആരംഭിക്കാത്ത ജൈവവള വിപണന യൂണിറ്റിനു വേണ്ടി സാധനങ്ങൾ പർച്ചേസ് ചെയ്തതിന് ചെലവഴിച്ച 87205 രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ മുന്നൊരുക്കങ്ങൾ പൂർത്തിയാക്കി യൂണിറ്റ് ആരംഭിക്കുന്നതിന് മുൻപായി തന്നെ സാധനങ്ങൾ പർച്ചേസ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-50 ഖരമാലിന്യ സംസ്കരണം പരിപാലന ചെലവ് സംബന്ധിച്ച്

| | |
|---|---|
| പദ്ധതിയുടെ പേര് | ഖരമാലിന്യ സംസ്കരണം - പരിപാലന ചെലവ് |
| പദ്ധതി നമ്പർ | 11/22 |
| പദ്ധതി അടങ്കൽ | 2800000 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 2609750 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| എസിആർ ബിൽ നം./തീയതി | 170/04.01.22 – 872300<br>248/16.02.22 – 1093950<br>297/09.03.22 – 221650<br>394/26.03.22 - 421850 |

ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പരിപാലനത്തിനായി 2021-22 വർഷം ആകെ 2609750 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. അതിൽ 2187900 രൂപ മുൻവർഷങ്ങളിൽ പരിപാലനത്തിനായി കരാറിൽ ഏർപ്പെട്ടിരുന്ന കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയ്ക്ക് 2021 ഏപ്രിൽ മുതൽ 2022 ജനവരി വരെയുള്ള മാസങ്ങളിലെ തുകയും (കരാർ കാലാവധി 31.10.21 ന് അവസാനിച്ചു) 421850 രൂപ 2021-22 വർഷം ടെണ്ടർ മുഖേന പുതുതായി തെരഞ്ഞടുത്ത Qrex Bio Solution Pvt Ltd എന്ന സ്ഥാപനത്തിന് 2022 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ തുകയായും അനുവദിച്ചിരിക്കുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 30 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയിട്ടുള്ള പ്രോജക്ടായിട്ടും ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. സാധാരണ ടെണ്ടർ മുഖേനയാണ് Qrex Bio Solution Pvt Ltd എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിരിക്കുന്നത്.

ബി) മേൽ സൂചിപ്പിച്ച സ്ഥാപനം ശുചിത്വമിഷൻ അംഗീകരിച്ച സേവനദാതാവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണോയെന്ന് വ്യക്തമാക്കിയിട്ടില്ല.

സി) പ്ലാന്റിൽ എത്തുന്ന മാലിന്യത്തിന്റെ അളവ് പരിശോധിക്കുന്നതിന് പ്ലാറ്റ്ഫോം ബാലൻസ് അടക്കമുള്ള യാതൊരു സംവിധാനവും ഇല്ലാതിരിക്കെ പ്രതിദിനം 13 ടൺ മാലിന്യ സംസ്കരണത്തിന് 550 രൂപ നിരക്കിൽ തുക അനുവദിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.50/20.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-51 ലക്ഷങ്ങൾ നൽകി വാങ്ങിയ മെഷീനുകൾ പ്രവർത്തനക്ഷമമാക്കിയില്ല – 600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ഖരമാലിന്യ പ്ലാന്റ് മെഷീനറി നവീകരണം |
| പദ്ധതി നമ്പർ | 156/22 |
| പദ്ധതി അടങ്കൽ | 8000/- രൂപ (വികസന ഫണ്ട് ധനകാര്യകമ്മീഷൻ |

| | |
|---|---|
| | അവാർഡ്)<br>2332000/- രൂപ (മറ്റുള്ളവ - ശുചിത്വ മിഷൻ ഗ്രാന്റ്) |
| പദ്ധതി ചെലവ് | 2275000/- രൂപ (മറ്റുള്ളവ - ശുചിത്വ മിഷൻ ഗ്രാന്റ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| ചെക്ക് നം./തീയതി | 006741/16.11.21 |

മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി ഖരമാലിന്യ പ്ലാന്റിന വേണ്ടി 2021-22 ൽ ടെണ്ടർ നടപടികളിലൂടെ പർച്ചേസ് ചെയ്ത സാധനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം/എണ്ണം | പർച്ചേസ് ചെയ്ത സ്ഥാപനം | ടാക്സ് ഇൻവോയിസ് നം./തീയതി | തുക |
|---|---|---|---|---|
| 1 | Trommal Screen- 1 | Qrex Bio Solution Pvt Ltd | 002/21-22, തീ.22.10.21 | 830000 |
| 2 | Self Propelled Compost Turner - 1 | | | 845000 |
| 3 | Wet Waste Shredder - 1 | | | 600000 |
| | | | ആകെ | 2275000 |

പ്രോജക്ട് അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ടിന്റെ ഭാഗമായി മെഷീനറി വാങ്ങുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ആവശ്യമുള്ള മെഷീനുകളുടെ എസ്റ്റിമേറ്റ് റേറ്റ് ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ കരാറുകാർ ക്വാട്ട് ചെയ്ത തുകയുടെ കൃത്യത അറിയാൻ കഴിയുന്നില്ല.

ബി) ടെണ്ടർ അംഗീകരിച്ച Qrex Bio Solution Pvt Ltd എന്ന സ്ഥാപനം ശുചിത്വമിഷൻ അംഗീകരിച്ച സേവനദാതാവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണോയെന്ന് വ്യക്തമല്ല.

സി) മെഷീനറി വാങ്ങിയപ്പോൾ ബില്ലിൽ നിന്നും 2 % റ്റി.ഡി.എസ് ഈടാക്കിയിട്ടില്ല.

ഡി) മെഷീനറികൾ പ്ലാന്റിൽ ലഭിച്ചതായോ ലഭ്യമായവയുടെ പ്രവർത്തനക്ഷമത പരിശോധിച്ചതായോ ഉള്ള രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ 20.04.2023 ൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ പട്ടികയിലെ ക്രമ നം. 3 പ്രകാരമുള്ള മെഷീൻ മാത്രം നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്നു കണ്ടെത്തി.



വെറ്റ് വേസ്റ്റ് ഷ്രെഡ്ഡർ

കൂടാതെ 2020-21 വർഷം ഖരമാലിന്യ സംസ്കരണ പ്ലാന്റിനായി പർച്ചേസ് ചെയ്ത ചുവടെ പറയുന്ന മെഷീനുകളും ഉപയോഗിക്കാതെ ടാർപ്പോളിൻ കൊണ്ട് മൂടിയിട്ടിരിക്കുന്നതായി കണ്ടു.

| ക്രമ നം. | ഇനം/എണ്ണം | പർച്ചേസ് ചെയ്ത സ്ഥാപനം | ടാക്സ് ഇൻവോയിസ് നം./തീയതി | തുക |
|---|---|---|---|---|
| 1 | Pulveriser- 1 | Qrex Bio Solution Pvt Ltd | 005/20-21, തീ.09.03.21 | 790000 |
| 2 | Conveyor - 2 | | | 870000 |
| | | | ആകെ | 1660000 |


പൾവറൈസർ


കൺവേയർ

എഫ്) പുതിയ മെഷീനറികൾ വാങ്ങിയ സാഹചര്യത്തിൽ പ്ലാന്റിലുണ്ടായിരുന്ന പഴയ മെഷീനറികൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.55/24.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഖരമാലിന്യ പ്ലാന്റിനുവേണ്ടി പർച്ചേസ് ചെയ്തതും എന്നാൽ നാളിതുവരെ ഉപയോഗ യോഗ്യമാക്കാത്തതുമായ മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനയോഗ്യമാക്കി റിപ്പോർട്ട് ചെയ്യുന്നതു വരെ 2021-22 വർഷം ചെലവഴിച്ച 600000 രൂപ

തടസ്സത്തിൽ വെയ്ക്കുന്നു.

## 1-52 പ്രവർത്തനം ആരംഭിക്കാത്ത ഗ്രീൻ ഫെസിലിറ്റി സെന്റർ -161635 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ഗ്രീൻ ഫെസിലിറ്റി സെന്ററിന്റെ ഫർണിഷിംഗ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| പദ്ധതി നമ്പർ | 236/22 |
| പദ്ധതി അടങ്കൽ | 200000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 161635 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| ചെക്ക് നം./തീയതി | 453410/30.03.22 – 90000<br>453411/30.03.22 – 71635 |

സർക്കാരിന്റെ മാലിന്യ സംസ്കരണ നയത്തിന്റെ ഭാഗമായി പുതുതായി ഹരിത സഹായകേന്ദ്രം ആരംഭിക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. കേന്ദ്രത്തിന്റെ ആവശ്യത്തിലേയ്ക്കായി പ്രോജക്ട് മുഖേന പർച്ചേസ് ചെയ്ത ഫർണിച്ചർ ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം/എണ്ണം | പർച്ചേസ് ചെയ്ത സ്ഥാപനം | ടാക്സ് ഇൻവോയിസ് നം./തീയതി | തുക |
|---|---|---|---|---|
| 1 | കമ്പ്യൂട്ടർ- 1 | ശ്രീകൃഷ്ണ ഏജൻസീസ് | A304/26.03.22 | 45000 |
| 2 | പ്രിന്റർ - 1 | | | 45000 |
| 3 | ടേബിൾ - 1 | * ഹാരാ ഫർണിച്ചർ & അപ്ലയൻസസ് | 168/26.03.22 | 16750 |
| 4 | കസേര - 1 | | | 9675 |
| 5 | റാക്ക് - 1 | | | 8500 |
| 6 | അലമാര - 1 | | | 19490 |

* ഹാരാ ഫർണിച്ചർ & അപ്ലയൻസസിൽ നിന്നും മേൽപ്പറഞ്ഞവ കൂടാതെ 17220 രൂപയുടെ സ്റ്റേഷനറി സാധനങ്ങളും പർച്ചേസ് ചെയ്തിട്ടുണ്ട്.

പ്രോജക്ട് അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള കെൽട്രോണിൽ നിന്നുള്ള 23.12.21 ലെ TVM/TBG/PI RC/32964/20-21 നം. പ്രൊഫോർമ ഇൻവോയിസ് പ്രകാരം ഒരു കമ്പ്യൂട്ടറിന്റെ വില 39797 രൂപയാണ്. എന്നാൽ ശ്രീകൃഷ്ണ ഏജൻസീസിൽ നിന്നും പർച്ചേസ് ചെയ്ത് കമ്പ്യൂട്ടറിന്റെ വില 45000 രൂപയാണ്. ഇപ്രകാരം വിലയിൽ 5203 രൂപയുടെ വ്യത്യാസം നിലനിൽക്കുമ്പോൾ കൂടിയ വിലയ്ക്ക് ശ്രീകൃഷ്ണ ഏജൻസീസിൽ നിന്നും കമ്പ്യൂട്ടർ പർച്ചേസ് ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ബി) 20.04.2023 ൽ നടത്തിയ സ്ഥലപരിശോധനയിൽ ഹരിത സഹായകേന്ദ്രത്തിന്റെ കെട്ടിടം പണി നാളിതുവരെ പൂർത്തിയായിട്ടില്ല എന്നു കാണുന്നു. ആരംഭിക്കാത്ത ഹരിത സഹായകേന്ദ്രത്തിനായി വാങ്ങിയ സാധനങ്ങൾ ഹരിതകർമ്മസേനയുടെ ഓഫീസിൽ ഉപയോഗിക്കുന്നതായി കണ്ടു. പ്രവർത്തനം ആരംഭിക്കാത്ത കേന്ദ്രത്തിനായി മുൻകൂറായി സാധനങ്ങൾ പർച്ചേസ് ചെയ്തതിനുള്ള കാരണം വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 55/24.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൺസോർഷ്യം ആയി പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി ഫണ്ട്, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി പ്രോജക്ട് മുഖേന ഫണ്ട് എന്നിവ ഉണ്ടായിരിക്കെ ആരംഭിക്കാത്ത ഹരിത സഹായകേന്ദ്രത്തിന്റെ പേരിൽ സാധനങ്ങൾ വാങ്ങി ഹരിതകർമ്മസേനയ്ക്ക് ഉപയോഗിക്കുന്നതിനായി കൊടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ പ്രവർത്തനം ആരംഭിക്കാത്ത ഹരിത സഹായകേന്ദ്രത്തിനു വേണ്ടി സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതിന് ചെലവഴിച്ച 161635 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-53 ബയോമൈനിംഗ് പ്രവൃത്തി - നാളിതുവരെ പൂർത്തിയായിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ബയോമൈനിംഗ് |
| പദ്ധതി നമ്പർ | 141/22 |

| | |
|---|---|
| പദ്ധതി അടങ്കൽ | 3000000 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്)<br>3800000 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 2500000 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| എസിആർ ബിൽ നം./തീയതി | 430/30.03.22 |

നഗരസഭയുടെ ഖരമാലിന്യ പ്ലാന്റിനോട് ചേർന്ന് കൂടി കിടക്കുന്ന ജൈവ അജൈവ മാലിന്യങ്ങൾ ബയോമൈനിംഗ് പ്രക്രിയ വഴി നീക്കം ചെയ്ത് സ്ഥലം പുനരുപയോഗ യോഗ്യമാക്കുന്നതിനു വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 27.01.21 ലെ നിർദേശപ്രകാരം പ്രവൃത്തി ആരംഭിക്കും മുൻപു തന്നെ പലതരം മാലിന്യങ്ങളെ എങ്ങനെ സൈറ്റിൽ നിന്നും പൂർണമായും മാറ്റുമെന്നും Final Disposal എങ്ങനെ ചെയ്യുമെന്നും പ്ലാൻ തയ്യാറാക്കേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള ഒരു പ്ലാൻ തയ്യാറാക്കിയിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. പദ്ധതി ആസൂത്രണത്തിന്റെ കുറവ് കാണുന്നു.

2. ടെണ്ടർ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുത്ത Qrex Bio Solutions Pvt.Ltd എന്ന സ്ഥാപനവുമായി 06.11.21 ൽ കരാറിൽ ഏർപ്പെടുകയും അന്ന് തന്നെ സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് പറഞ്ഞിട്ടില്ല. എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നുള്ള 19.01.22 ലെ Initial Level Intimation Reportലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി പൂർത്തീകരണ തീയതി 04.03.22 ആണ്. എന്നാൽ ടി കാലയളവിൽ പണി പൂർത്തിയായിട്ടില്ല.

3. 25.03.22 ലെ സ്ഥാപനത്തിൽ നിന്നുള്ള കത്ത് പ്രകാരം 50 % ൽ കൂടുതൽ പ്രവൃത്തി പൂർത്തീകരിച്ചതായും പാർട്ട് ബിൽ തുക നൽകണമെന്നും ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ 30.03.22 ൽ 2500000 രൂപ അനുവദിച്ചു. എന്നാൽ ടി തുകയുടെ പാർട്ട് ബിൽ ലഭ്യമാക്കിയിട്ടില്ല. കൂടാതെ 50% പ്രവൃത്തി പൂർത്തീകരിച്ചു എന്നത് ലെവൽ ബുക്ക്, മെഷർമെന്റ് ബുക്ക് എന്നിവ പരിശോധിച്ച് എഞ്ചിനിയറിംഗ് വിഭാഗം തിട്ടപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4. ബന്ധപ്പെട്ട കരാറിലെ വ്യവസ്ഥ പ്രകാരം പാർട്ട് ബില്ലിൽ നിന്നും ഈടാക്കേണ്ട റിറ്റെൻഷൻ തുക, നിയമപ്രകാരമുള്ള ടാക്സ് എന്നിവ ഈടാക്കാതെയാണ് തുക നൽകിയത്.

5. കരാറിലെ ക്രമ നം. 26 വ്യവസ്ഥ പ്രകാരം മുനിസിപ്പാലിറ്റി നിശ്ചയിക്കുന്ന മാതൃകയിലുള്ള നോട്ടീസ് ബോർഡുകൾ പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കേണ്ടതും പ്രസ്തുത നോട്ടീസ് ബോർഡ് പ്രവൃത്തിയെ സംബന്ധിക്കുന്ന എല്ലാ പ്രധാനപ്പെട്ട സാങ്കേതിക സാമ്പത്തിക കാര്യങ്ങളും ഉൾപ്പെടെ പ്രദർശിപ്പിക്കുന്നതിന് കരാറുകാരന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതുമാണ്. കൂടാതെ അപ്രകാരമുള്ള നോട്ടീസ് ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ ആദ്യത്തെ പാർട്ട് ബിൽ നൽകാവൂ. എന്നാൽ ആയത് പരിശോധിക്കാതെയാണ് പാർട്ട് ബിൽ തുക അനുവദിച്ചത്.

6. 20.04.23 ന് നടത്തിയ സ്ഥലപരിശോധനയിൽ യാതൊരു നോട്ടീസ് ബോർഡും നാളിതുവരെ ബയോമൈനിംഗ് സൈറ്റിൽ സ്ഥാപിച്ചിട്ടില്ല എന്ന് കണ്ടു. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്നും കണ്ടു.

7. നിലവിൽ പ്രവൃത്തി നടപ്പിലാക്കുന്ന സ്ഥാപനവുമായി സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന വിവരം ലഭ്യമല്ല. സപ്ലിമെന്ററി കരാർ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾക്കുള്ള കാരണം വ്യക്തമാക്കുന്നതിനും പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 66/25.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെയും പൂർത്തിയാക്കാത്ത കരാറുകാരനിന്മേൽ നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-54 2016-17 ൽ ആരംഭിച്ച സാനിട്ടറി ലാന്റ് ഫില്ലിംഗ് പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സാനിട്ടറി ലാന്റ് ഫില്ലിൽ ക്ലേ ലൈനിംഗും പൈപ്പ് സ്ഥാപിക്കലും |
| പദ്ധതി നമ്പർ | 226/22 |
| പദ്ധതി അടങ്കൽ | 2900000 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |

| | |
|---|---|
| പദ്ധതി ചെലവ് | 2900000 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| എസിആർ ബിൽ നം./തീയതി | 363/21.03.22 – 1786900<br>395/26.03.22 - 1113100 |

നഗരസഭയുടെ കീഴിലുള്ള ഖരമാലിന്യ പ്ലാന്റിനോട് ചേർന്നാണ് മാലിന്യ സംസ്കരണ കേന്ദ്രത്തിൽ നിന്നും ബാക്കി വരുന്ന ഉപയോഗ യോഗ്യമല്ലാത്ത മാലിന്യങ്ങൾ വായുവിനും വെള്ളത്തിനും ദോഷം ഇല്ലാത്ത തരത്തിൽ സാനിട്ടറി ലാന്റ് ഫിൽ ചെയ്യുന്നതിനും മലിനജലം പ്രത്യേകമായി സ്ഥാപിച്ച പൈപ്പുകൾ വഴി ശേഖരിച്ച് ശുദ്ധീകരിക്കുന്നതിനും വേണ്ടിയുള്ള സാനിട്ടറി ലാന്റ് ഫിൽ സൈറ്റ് ഉള്ളത്.

1. 2014-15 ൽ ടെണ്ടർ ചെയ്ത സാനിട്ടറി ലാന്റ് ഫില്ലിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരനായ സെക്രട്ടറി, ദി കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെട്ടത് 29.03.2017 ന് മാത്രമാണ്. പ്രസ്തുത കരാർ പ്രകാരം 12 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല. ബന്ധപ്പെട്ട ഫയൽ നം. PW1/5161/13 പ്രകാരം 2 തവണ കരാർ കാലാവധി നീട്ടിയിട്ടുണ്ട്. അതു പ്രകാരം 20.10.20 വരെയാണ് കാലാവധി നീട്ടിയിട്ടുള്ളത്. നിലവിൽ പ്രവൃത്തി നടപ്പിലാക്കുന്ന സ്ഥാപനവുമായി സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന വിവരം ഫയലിൽ നിന്നും ലഭ്യമല്ല.

2. 29.03.2017 ലെ കരാർ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ ഓരോ ആഴ്ചയും എസ്റ്റിമേറ്റ് തുകയുടെ 0.005% നിരക്കിൽ പരമാവധി 2% വരെ കരാറുകാരൻ പിഴ ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരനിൽ നിന്നും നാളിതുവരെ പിഴ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

3. മേൽ പ്രവൃത്തിയുടെ ഭാഗമായി ക്ലേ ലൈനിംഗ് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിനാണ് ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം മേൽ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

പ്രോജക്റ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

എ) Q Rex Bio Solutions Pvt.Ltd എന്ന സ്ഥാപനത്തിൽ നിന്നുള്ള ചുവടെ പറയുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിച്ചു.

| ക്രമ നം. | ഇനം | ടാക്സ് ഇൻവോയിസ് നം./തീയതി | തുക |
|---|---|---|---|
| 1 | Bentonite Clay Powder | 009/21-22, തീ.16.02.22 | 567100 |
| 2 | | 007/21-22, തീ.01.02.22 | 620600 |
| 3 | | 006/21-22, തീ.03.01.22 | 599200 |
| | | ആകെ | 1786900 |

പ്രവൃത്തിയ്ക്കു മെറ്റീരിയൽ മാത്രം വാങ്ങിയ ബില്ലിന് തുക അനുവദിക്കാൻ കരാറിൽ Clause ഇല്ല. കൂടാതെ ബില്ല് പ്രകാരം 5% ജി.എസ്.ടി അടച്ചിട്ടില്ല. 2% ടിഡിഎസ് നഗരസഭ ബില്ലിൽ നിന്നും ഈടാക്കിയിട്ടുമില്ല.

ബി) സാങ്കേതിക നിർമ്മാണ പ്രവൃത്തി ആയതിനാൽ പദ്ധതി രൂപീകരിച്ചപ്പോൾ പ്രവൃത്തിയുടെ പരിശോധന എഞ്ചിനിയറിംഗ് വിഭാഗം നടത്തി മുനിസിപ്പൽ എഞ്ചിനീയറുടെ ശുപാർശ പ്രകാരമാണ് നടപ്പാക്കേണ്ടത് എന്ന ഉപാധിയിന്മേലാണ് ഡിപിസി പ്രോജക്റ്റ് അംഗീകരിച്ചത്. എന്നാൽ 21.12.21, 25.02.22, 05.03.22 എന്നീ തീയതികളിൽ ലേയർ Permeability ടെസ്റ്റ് ചെയ്യാൻ CET യ്ക്ക് കത്ത് അയച്ചതായി ഫയലിൽ ഉണ്ടെങ്കിലും ക്ലേ ലൈനിംഗ് സാമ്പിൾ എടുത്തതായി മുനിസിപ്പൽ എഞ്ചിനിയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടില്ല. CET യിൽ നിന്നും നാളിതുവരെ ടെസ്റ്റ് റിപ്പോർട്ട് ലഭിച്ചതായും കാണുന്നില്ല.

സി) പ്രവൃത്തി പരിശോധിക്കാൻ സാങ്കേതിക വിദഗ്ദ്ധ സമിതി മീറ്റിംഗ് നടത്താൻ മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ, CET എഞ്ചിനിയേഴ്സ് എന്നിവർക്ക് കത്ത് അയയ്ക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മീറ്റിംഗ് നടത്തിയതിന്റെ മിനിട്സ്, മറ്റ് നടപടി വിവരങ്ങൾ എന്നിവ ഒന്നും തന്നെ ഫയലിൽ ഇല്ല.

ഡി) Qrex Bio Solutions Pvt.Ltd എന്ന സ്ഥാപനത്തിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ മാത്രം കരാറുകാരന് വീണ്ടും തുക അനുവദിച്ചു.

| ക്രമ നം. | ഇനം | പ്രൊഫോർമ ഇൻവോയിസ് നം./തീയതി | തുക |
|---|---|---|---|
| 1 | HDPE Perforated Pipe | 001/2022, തീ.17.03.22 | 1881600 |
| | | ആകെ | 1881600 * |

* പ്രോജക്ടിൽ വകയിരുത്തിയ തുക തികയാത്തതിനാൽ 1113100 രൂപ മാത്രമാണ് അനുവദിച്ചത്. ഇപ്രകാരം ഒറിജിനൽ ബിൽ ലഭ്യമാക്കാതെ മുൻകൂറായി തുക അനുവദിച്ചതിനുള്ള കാരണം വ്യക്തമല്ല. ബാക്കി തുകയായ 768500 രൂപ (1881600-1113100) സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ടോയെന്ന വിവരവും മേൽ സാധനം ലഭ്യമായിട്ടുണ്ടോയെന്ന വിവരവും ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.60/25.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2014-15 ൽ ടെണ്ടർ ക്ഷണിക്കുകയും 2016-17 ൽ കരാറിൽ ഏർപ്പെടുകയും ചെയ്ത സാനിട്ടറി ലാന്റ് ഫില്ലിംഗ് പ്രവൃത്തി 2021-22 ലും പൂർത്തിയാക്കാത്തതിന് വിശദീകരണം നൽകേണ്ടതും കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കാനുള്ള നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-55 ഡയാലിസിസ് യൂണിറ്റ്, പാലിയേറ്റീവ് പരിചരണം ചെലവുരേഖകൾ ഹാജരാക്കിയില്ല- 5,42,570/- രൂപ തടസ്സപ്പെടുത്തുന്നു

1. ഡയാലിസിസ് യൂണിറ്റ് അനുബന്ധ ചെലവുകൾ - ചെലവു രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | SO064/22 |
| പ്രോജക്ടിന്റെ പേര് | ഡയാലിസിസ് യൂണിറ്റ് - അനുബന്ധ ചെലവുകൾ |
| അടങ്കൽ | 20,00,000/- രൂപ (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് | 19,91,413/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

ട്രഷറി ബിൽ നം. 125/30.11.21 പ്രകാരം 11755/- രൂപ SNV Fuels-ന് കൈമാറിയിട്ടുണ്ട്. ആയതിൽ സബ് വൗച്ചർ നം.12/2021-22 പ്രകാരമുള്ള 4,056/- രൂപയുടെ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ Bill No.80/20.10.2021 Rs. 11,097/-, Bill No. 85/23.10.2021 Rs. 4,75,821/-, Bill No. 323/16.3.2022 Rs. 10,807/- രൂപയുടെയും ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവുരേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.76-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ ബില്ലുകൾ പ്രകാരമുള്ള തുകയായ 501781/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

2. പാലിയേറ്റീവ് പരിചരണം - പ്രൈമറി & സെക്കണ്ടറി

| | |
|---|---|
| പ്രോജക്ട് നം. | SO046/22 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണം - പ്രൈമറി & സെക്കണ്ടറി |
| അടങ്കൽ | 14,58,466/- രൂപ (വികസന ഫണ്ട് - പൊ.വി.- സാ.വി)) |
| ചെലവ് | 13,14,103/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

Bill No.79/20.10.2021 Rs. 24488/-രൂപ, Bill No. 123/30.11.21 Rs. 7375/-രൂപ, Bill No.311/12.3.22 Rs. 3165/-രൂപ, Bill No. 322/16.3.22 Rs. 5761/- രൂപയുടെ ചെലവു രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം.78ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുതുകയായ 40,789/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

മേൽ പദ്ധതികളുമായി (ഡയാലിസിസ് യൂണിറ്റ് അനുബന്ധ ചെലവുകൾ, പാലിയേറ്റീവ് പരിചരണം - പ്രൈമറി & സെക്കണ്ടറി) ബന്ധപ്പെട്ടുള്ള ചെലവു രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കി (501781+40789) 5,42,570/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-56 ചെലവു രേഖകൾ ഹാജരാക്കിയില്ല –4,41,984/- രൂപ തടസ്സപ്പെടുത്തുന്നു

ചെലവു രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | SO045/22 |
| പ്രോജക്ടിന്റെ പേര് | താലൂക്ക് ആശുപത്രിയുടെ വെള്ളക്കരം, ടെലഫോൺ, വൈദ്യുതി ബിൽ ഒടുക്കൽ |

| | |
|---|---|
| അടങ്കൽ | 931474/- രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 897972/-രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

താലൂക്ക് ആശുപത്രിയുടെ വെള്ളക്കരം, ടെലഫോൺ, വൈദ്യുതി ബിൽ ഒടുക്കൽ പദ്ധതി പ്രകാരം Bill No. 326/17.3.22 Rs. 41,875 രൂപ, 337/19.3.22 Rs. 1,68,266/- രൂപ, 411/29.3.22 Rs.88,850/- രൂപ, 415/30.3.2022 Rs. 7817/- രൂപ, 431/30.3.2022 Rs. 1,49,180/- രൂപയുടെയും ചെലവുരേഖകൾ ഹാജരാക്കിയിരുന്നു. എന്നാൽ 4,41,984/- രൂപയുടെ (897972-455988) ചെലവുരേഖകൾ ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 69-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 4,41,984/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
മേൽ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ചെലവു രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-57 പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല – വിതരണ വിവരം ലഭ്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ശുചീകരണ ആവശ്യങ്ങൾക്ക് ലഘു ഉപകരണങ്ങളും സുരക്ഷാ ഉപകരണങ്ങളും വാങ്ങൽ |
| പദ്ധതി നമ്പർ | 12/22 |
| പദ്ധതി അടങ്കൽ | 437465 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 437465 (വികസന ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| എസിആർ ബിൽ നം./തീയതി | 157/28.12.21 |

മേൽ പ്രോജക്ടിന്റെ ഭാഗമായി ശ്രീകൃഷ്ണ ഏജൻസീസിൽ നിന്നും ഇൻവോയിസ് നം. A255/17.12.21 പ്രകാരം പർച്ചേസ് ചെയ്ത ചുവടെ പറയുന്ന സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | Kampipara | 6 | 14940 |
| 2 | Thumpa | 25 | 9875 |
| 3 | Pick Axe | 15 | 10350 |
| 4 | Three Pin Fork | 25 | 11500 |
| 5 | Plastic Kutta | 100 | 29300 |
| 6 | Collection Tray | 200 | 90999 |
| 7 | Collection Can | 200 | 92600 |
| 8 | Power Washer | 1 | 29000 |
| 9 | Plastic Gauge Checking Machine | 2 | 39900 |
| 10 | Wheel Barrow | 10 | 61000 |
| 11 | Shelerry Pump | 1 | 48000 |
| | | ആകെ | 437465 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/18.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്കിൽ വരവ് ചേർത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ മേൽ സാധനങ്ങൾ ആർക്കൊക്കെയാണ് വിതരണം ചെയ്തിട്ടുള്ളത്, ബാക്കിയുള്ളവയുടെ വിവരങ്ങൾ എന്നിവയൊന്നും തന്നെ ലഭ്യമല്ല. പ്രസ്തുത സാധനങ്ങളുടെ സ്റ്റോക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-58 കളക്ട്രേഴ്സ് അറ്റ് സ്കൂൾ ബിൽ ലഭ്യമാക്കിയിട്ടില്ല – 226698/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | കളക്ട്രേഴ്സ് അറ്റ് സ്കൂൾ |

| | |
|---|---|
| പദ്ധതി നമ്പർ | 159/22 |
| പദ്ധതി അടങ്കൽ | 2,36,698 (മറ്റുള്ളവ-ശുചിത്വമിഷൻ ഫണ്ട്) |
| പദ്ധതി ചെലവ് | 2,26,698 (മറ്റുള്ളവ-ശുചിത്വമിഷൻ ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| ചെക്ക് നം./തീയതി | 000903/10.08.21 |

മാലിന്യം തരംതിരിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ബോധവത്ക്കരണം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുന്നതിനും പുതിയ ഒരു ശുചിത്വ സംസ്കാരം വിദ്യാർത്ഥികളിലെ ശീലവൽക്കരണത്തിലൂടെ ഉണ്ടാക്കിയെടുക്കുന്നതിനുമായി വിഭാവനം ചെയ്ത പദ്ധതിയാണ് കളക്ടേഴ്സ് @സ്കൂൾ. അതിനായി സ്കൂളുകളിൽ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ സ്ഥാപിക്കുന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം.

മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക നമ്പർ 7.7 പ്രകാരം 1,00,000 ന് മുകളിൽ എസ്റ്റിമേറ്റ് തുകയുള്ള സ്റ്റോറുകൾ വാങ്ങുമ്പോൾ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഖണ്ഡിക 7.8 പ്രകാരം എസ്റ്റിമേറ്റ് തുക 1,00,000 നും 10,00,000 നും ഇടയിലാണെങ്കിൽ ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പ്രകാരം ഇത്തരം നടപടികൾ സ്വീകരിച്ചിട്ടില്ല. പകരം 30.09.2019 തീയതിയിലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശുചിത്വമിഷന്റെ എസ്റ്റിമേറ്റ് അനുസരിച്ച് ബിന്നുകൾ നിർമ്മിച്ച് ആയത് ലഭ്യമാക്കാൻ കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറിയുടെ 12.10.2019 ലെ PH2-10149/19 നമ്പർ കത്ത് പ്രകാരം ടി സ്ഥാപനത്തിൽ നിന്നും കുറഞ്ഞ നിരക്കിലുള്ള ഓഫർ അറിയിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിൻ പ്രകാരം 14.10.2019 ലെ മറുപടി കത്തിൽ 7071.5 രൂപ നിരക്കിൽ ബിന്നുകൾ നിർമ്മിച്ച് നൽകാമെന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ ഇല്ലാതെ ടി സ്ഥാപനത്തെ തെരഞ്ഞെടുക്കാനുണ്ടായ സാഹചര്യം ഫയലിൽ നിന്നും വ്യക്തമല്ല.

2. പ്രോജക്റ്റിന്റെ സുലേഖ ചെലവ് പത്രിക പ്രകാരം മറ്റുള്ളവ എന്ന ഫണ്ടിനത്തിൽ ചെലവ് ഇല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വൗച്ചർ നമ്പർ 31/08.21, ചെക്ക് നമ്പർ-000903/10.08.2021 പ്രകാരം ടി പ്രോജക്ടിനായി 2,26,698 രൂപ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇത് ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ശുചിത്വ മിഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം LP/UPസ്കൂളിൽ 5300/- രൂപ നിരക്കിലുള്ള (സ്പെസിഫിക്കേഷൻ-0.45mX0.45mX.80m) ബിന്നുകൾ സ്ഥാപിക്കുന്നതിനും HS/HSS എന്നിവയിൽ 7400/- രൂപ നിരക്കിലുള്ള (സ്പെസിഫിക്കേഷൻ-0.60mX0.60mX1.20m) ബിന്നുകൾ സ്ഥാപിക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി ചെയ്ത സ്ഥാപനം ഏത് സ്പെസിഫിക്കേഷനിലുള്ള ബിന്നുകളാണ് 7071.5/- രൂപ നിരക്കിൽ നിർമ്മിച്ച് നൽകാമെന്ന് പറഞ്ഞിട്ടുള്ളതെന്ന് ഓഫർ ലെറ്ററിൽ വ്യക്തമാക്കിയിട്ടില്ല. LP,UP/HS,HSS എന്നിങ്ങനെ തരംതിരിച്ച് ബിന്നുകൾ നിർമ്മിച്ചിട്ടില്ലെങ്കിൽ സ്ഥാപനത്തിന് അധികം തുക നൽകുന്ന സാഹചര്യം ഉണ്ടാകും. എന്നാൽ സ്ഥാപനം എത്ര ബിന്നുകൾ ഓരോ സ്പെസിഫിക്കേഷനിലുമുള്ളത് ഏത് റേറ്റിൽ നിർമ്മിച്ച് നൽകി എന്ന് തെളിയിക്കുന്ന ഇൻവോയിസ് ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പകരം സ്ഥാപനത്തിൽ നിന്നുള്ള 2,26,698/- രൂപയുടെ കൈപ്പറ്റ് രസീതിന്റെ പകർപ്പ് മാത്രമാണ് ഫയലിൽ ചേർത്തിട്ടുള്ളത്.

4. 16 സ്കൂളുകളിൽ ബിന്നുകൾ വിതരണം ചെയ്തതായി സ്ഥാപന മേധാവിയുടെ കൈപ്പറ്റ് രേഖ ഫയലിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഓരോ സ്കൂളിലും എത്ര ബിന്നുകൾ വീതമാണ് വിതരണം ചെയ്തിട്ടുള്ളത് എന്നതിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല.

5. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 149(1) പ്രകാരം സ്റ്റോക്കുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അവയുടെ വരവ്, ഇഷ്യൂ എന്നിവ അതത് അവസരത്തിൽ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ബിന്നുകൾ വിതരണം ചെയ്യുന്നതിന് മുൻപ് സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് പ്രോജക്ട് ഫയലിന്റെ നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. 22/04/2020 ലെ 482(i)/DSM/TVPM/2019 നമ്പർ ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ കത്ത് പ്രകാരം ഒരു സർക്കാർ സ്കൂളിൽ 4 ബിൻ എന്ന ക്രമത്തിൽ നഗരസഭകൾ പ്രോജക്റ്റ് നടപ്പാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ സ്ഥാപനങ്ങളുടെ കൈപ്പറ്റ് രേഖകൾ പ്രകാരം താഴെ പറയുന്ന പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബിൻ വിതരണം ചെയ്തിട്ടുണ്ട്.

എ) ഡ്രീം പാർക്ക്, ആറ്റിങ്ങൽ

ബി) ശ്രീ വിദ്യാധിരാജ, ആറ്റിങ്ങൽ

സി) ജയഭാരത് സ്കൂൾ, ആറ്റിങ്ങൽ

ഡി) നവഭാരത് ഹയർസെക്കണ്ടറി സ്കൂൾ, ആറ്റിങ്ങൽ

ഇ) എലിസബത്ത് ജോയൽ സി.എസ്.ഐ ഇ.എം.എച്ച്.എസ്.എസ്, ആറ്റിങ്ങൽ

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 32/19.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബിന്നുകൾ വാങ്ങിയതിന്റെ ബില്ല്, അവയുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ സ്ഥാപനത്തിന് അനുവദിച്ച 2,26,698/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-59 ഹെൽത്ത് ഓഫീസർ - പ്രോജക്ടുകളുടെ പൊതുവായ അപാകതകൾ

1. 2021-22 വർഷം ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ സാധനങ്ങൾ പർച്ചേസ് ചെയ്തിട്ടുണ്ട്. എന്നാൽ പർച്ചേസ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ കമ്മിറ്റി പരിശോധിക്കുകയോ വാങ്ങലിന് അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./പേര് | പർച്ചേസ് ചെയ്ത സാധനം/എണ്ണം | പർച്ചേസ് ചെയ്ത സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 162/22-ശുചീകരണ പ്രവർത്തനങ്ങൾക്ക് ബ്രഷ് കട്ടർ വുഡ് കട്ടർ എന്നിവ വാങ്ങൽ | ബ്രഷ് കട്ടർ - 4 | ശ്രീകൃഷ്ണ ഏജൻസീസ് | 147200 |
| 2 | 32/22-ബയോഗ്യാസ് പ്ലാന്റിന് മെഷീനറി വാങ്ങൽ | ഗ്രീൻ ലീഫ് ഗ്രൈൻഡർ – 1 | പ്രകൃതി ഏജൻസീസ് | 490000 |
| 3 | 156/22-ഖരമാലിന്യ പ്ലാന്റ് മെഷീനറി നവീകരണം | Trommel Screen – 1 | Qrex Bio Solutions | 830000 |
| | | Self Propelled Compost Turner - 1 | | 845000 |
| | | Wet Waste Shredder - 1 | | 600000 |

2. പ്രോജക്ട് ഫയലുകളിൽ ചേർത്തിട്ടുള്ള ടെണ്ടർ കരാറുകളിൽ പലതും പൂരിപ്പിച്ചിട്ടില്ല. ബ്ലാങ്ക് കരാർ പത്രങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

3. 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രോജക്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) മേൽ പട്ടിക ക്രമ നം. 2, 3 പ്രകാരമുള്ള പ്രോജക്ടുകളുടെ ബില്ലുകളിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല.

ബി)

| ക്രമ നം. | പ്രോജക്ട് നം./പേര് | പർച്ചേസ് ചെയ്ത സ്ഥാപനം | തുക |
|---|---|---|---|
| 1 | 36/22-കൊതുക് നിവാരണം ലാർവിസൈഡ് വാങ്ങൽ | ശ്രീകൃഷ്ണ ഏജൻസീസ് | 320000 |
| 2 | 12/22-ശുചീകരണ ആവശ്യങ്ങൾക്ക് ലഘു ഉപകരണങ്ങളും സുരക്ഷ ഉപകരണങ്ങളും വാങ്ങൽ | ശ്രീകൃഷ്ണ ഏജൻസീസ് | 437465 |
| 3 | 13/22-ശുചീകരണ ആവശ്യങ്ങൾക്ക് സാധന സാമഗ്രികൾ വാങ്ങൽ | ശ്രീകൃഷ്ണ ഏജൻസീസ് | 459272 |

4. 5 ലക്ഷം രൂപയുടെ മുകളിലുള്ള പ്രോജക്ടുകളിൽ പലതിലും ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

5. പർച്ചേസ് ചെയ്ത് ലഭ്യമാകുന്ന പല സാധനങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർക്കുകയും ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും ആർക്കാണ് ഇഷ്യൂ ചെയ്തതെന്ന വിവരവും കൈപ്പറ്റിയവരുടെ ഒപ്പും രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.52/24.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-60 ഹോമിയോ മരുന്നുകൾ ലഭ്യമാകാൻ കാലതാമസം നേരിടുന്നു

പദ്ധതി നമ്പർ: 27

പദ്ധതിയുടെ പേര്: ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 8,00,000/-

ചെലവ് തുക: 8,00,000/-

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി: 82, 25.10.2021

മേൽ പദ്ധതിയിൽ മരുന്നുകളുടെ വിലയായ എട്ട് ലക്ഷം രൂപ 25.10.2021 ൽ നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത് ചുവടെ വിവരിക്കും പ്രകാരം ഒരു വർഷത്തിലധികം കാലാവധി കഴിഞ്ഞ് 15.12.2022 ൽ മാത്രമാണ്.

| ബിൽ നമ്പർ, തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|
| എൽ എഫ്. 2798, 23.03.2022 | 3,04,070/- | 25.03.2022 |
| എൽ എഫ്.381, 20.07.2022 | 2,10,222/- | 23.07.2022 |
| എൽ എഫ്.790, 29.09.2022 | 43,111/- | 04.08.2022 |
| എൽ എഫ്.1305, 12.12.2022 | 2,42,597/- | 15.12.2022 |
| ആകെ | 8,00,000/- | |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/2023, തീയതി 19.04.2023) മരുന്നുകളുടെ വില നൽകുന്നതിൻ്റെ മുൻഗണന പട്ടിക പ്രകാരം മാത്രമേ മരുന്നുകൾ അയക്കാൻ കഴിയുകയുള്ളൂയെന്ന് 'ഹോംകോ ' അറിയിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥനും, മരുന്ന് വിതരണക്കാരായ 'ഹോംകോ ' യുമായുള്ള തമ്മിലുള്ള കരാർ വച്ചിട്ടില്ല. അവശ്യ സേവനമായ മരുന്നുകൾ ലഭ്യമാകാൻ കാലതാമസം നേരിടുന്നത് ഗുരുതരമായ വീഴ്ചയാണ്. മരുന്നുകൾ യഥാസമയം ലഭ്യമാകുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ആരോഗ്യ രംഗത്തെ പദ്ധതികൾ സമയ ബന്ധിതമായും നിയമാനുസൃതമായും നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-61 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ മരുന്നുകൾ, അനുബന്ധ ഉപകരണങ്ങൾ ലഭ്യമാകുന്നതിലെ കാലതാമസം

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം. | അപാകത |
|---|---|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ | | | | | |
| S0041/22 | താലൂക്ക് ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ | 800000/- രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | 800000/- രൂപ | 166/4.1.2022 Rs.500000/- കെ.എം.സി.എൽ.ന് കൈമാറിയിട്ടുണ്ട് | 218233/- രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്. ഓഡിറ്റ് എൻക്വയറി നം.28-ന് മറുപടി ലഭ്യമാക്കിയില്ല |
| S0046/22 | പാലിയേറ്റീവ് പരിചരണം - പ്രൈമറി, സെക്കണ്ടറി | 1458466/- രൂപ (വികസന ഫണ്ട് - പൊ.വി.- സാ.വി) | 1314103/- രൂപ | 244/15.2.22 Rs.8,02,560/- ലെ Proforma Invoice 8211 പ്രകാരം 2,21,720/- രൂപ IHDBയ്ക്ക് കൈമാറിയിട്ടുണ്ട്. | 60,082/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല. ഓഡിറ്റ് എൻക്വയറി നം. 78-ന് |

| | | | | | |
|---|---|---|---|---|---|
| | | | | | മറുപടി ലഭ്യമാക്കിയില്ല. |
| SO064/22 | ഡയാലിസിസ് യൂണിറ്റ് അനുബന്ധ ചെലവുകൾ | 2000000/- രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | 1991413/- രൂപ | 208/20.1.2022 പ്രകാരം 4,45,459/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് (PRF4352) കൈമാറിയിട്ടുണ്ട്. | 1,40,929/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല. ഓഡിറ്റ് എൻക്വയറി നം.76-ന് മറുപടി ലഭ്യക്കിയില്ല. |
| | | | | 387/26.3.22 Rs.7,01,276/- ൽ PRF1061 പ്രകാരം 4,25,904/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയിരുന്ന | 53,908/- രൂപയുടെ ഡയാലിസിസ് അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.76) |

തൻവർഷം ലഭിക്കേണ്ട മരുന്നുകളും അനുബന്ധ ഉപകരണങ്ങളും അതാത് വർഷം തന്നെ ലഭിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇടപെടലുകൾ നടത്തേണ്ടതാണ്. മൂന്ന് പദ്ധതികളിലെയും ബാക്കിയുള്ള തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-62 താലൂക്ക് ആശുപത്രിയുടെ വിവിധ പ്രോജക്ടുകൾക്കായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം. | അപാകത |
|---|---|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ | | | | | |
| SO0260/22 | കോവിഡ് പ്രതിരോധ പ്രവർത്തനം ആംബുലൻസ് പ്രവർത്തന ചെലവ് | 200000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | 104440/- | ബിൽ നം.399/26.3.2022 പ്രകാരം 8,000/- രൂപയ്ക്ക് ശ്രീചിത്ര ഹോമിൽ നിന്നും ICMR Form വാങ്ങിയിട്ടുണ്ട്. ബിൽ നം. 404/27.3.2022 പ്രകാരം 16,084/- രൂപ, ബിൽ നം. 412/29.3.2022 പ്രകാരം 2,550/-രൂപയുടെയും വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ട് | സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.77), |

| | | | | | |
|---|---|---|---|---|---|
| SO064/22 | ഡയാലിസിസ് യൂണിറ്റ് അനുബന്ധ ചെലവുകൾ | 2000000/- രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | 1991413/- രൂപ | ബിൽ നം.81/21.10.2021 പ്രകാരം 41,420/- രൂപ ചെലവിട്ട് High Pressure Pump, MEDWIN Dialysis Centre, Kadavanthara എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട് | സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.76), |
| SO046/22 | പാലിയേറ്റീവ് പരിചരണം - പ്രൈമറി, സെക്കണ്ടറി | 1458466/- രൂപ (വികസന ഫണ്ട് - പൊ.വി.- സാ.വി) | 1314103/- രൂപ | Bill No.127/30.11.21 1888/-രൂപ (ഹരിശ്രീ പേപ്പർ മാർട്ട്), Bill No.202/19.1.2022 3915 ലെ 480/- (അശോകാസ് സൂപ്പർമാർട്ട്) രൂപയുടേത്, Bill No.300/9.3.2022 6016/- (ശിവ ഓഫ് സെറ്റ്, ന്യൂ മെജസ്റ്റിക്, ഹരിശ്രീ പേപ്പർ മാർട്ട്) | സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല. |

മേൽ പദ്ധതികൾ പ്രകാരം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായി വാങ്ങിയ എല്ലാ സാധനങ്ങളും സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-63 നെൽകൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ 739885/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SO070/21 -22 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷി വികസനം |
| അടങ്കൽ | 1039885(വികസന ഫണ്ട് - ജനറൽ739885, ഗുണ. വിഹിതം-300000) |
| ചെലവ് | 739885(വികസന ഫണ്ട് - ജനറൽ) |
| ബിൽ നമ്പർ | 1. 112/17.11.21 – 48000<br>2. 113/17.11.21 – 32760<br>3. 114/17.11.2021 – 238000<br>4. 203/19.01.2022 - 421125 |
| നിർവ്വഹണം | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ |

നഗര പ്രദേശത്തെ 25 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനായാണ് പ്രോജക്ട്. നെൽവിത്ത് , ജൈവവളം , കുമ്മായം എന്നിവയുടെ വിതരണം, കൂലിചെലവ് നൽകൽ എന്നിങ്ങനെ പ്രവർത്തനങ്ങളാണ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയിട്ടുള്ളത്. 14 ഹെക്ടറിലെ കൃഷിക്ക് ഏഴ് കർഷകർക്കാണ് കൂലിച്ചെലവ് നൽകിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒന്നാം വിളയ്ക്കായി 48000/- രൂപയുടെ വിത്ത് (ഒരു കിലോഗ്രാമിന് 40രൂപ നിരക്കിൽ 1200Kg) സ്റ്റേറ്റ് സീഡ് ഫാം, ചിറയിൻകീഴ് നിന്നും 12.05.2021ന വാങ്ങി. ഹെക്ടർ ഒന്നിന് 80 Kg വീതം 14 ഹെക്ടറിന് 1120 Kg വിത്താണ് ആവശ്യമായിരുന്നത്. 80Kg അധികമായി വാങ്ങിയിട്ടുണ്ട്. എന്നാൽ വിത്ത് വിതരണം ചെയ്ത രജിസ്റ്റർ പ്രകാരം അഞ്ച് പാടശേഖര സമിതികൾക്കായി 15 ഹെക്ടറിന് 1200 Kg വിത്ത് വിതരണം ചെയ്തിട്ടുണ്ട്. 14 ഹെക്ടറിന് 1120 Kg വിത്ത് മാത്രം ആവശ്യമായ സാഹചര്യത്തിൽ ഒരു ഹെക്ടറിന് ആവശ്യമായ 80Kg വിത്ത് അധികം നൽകാനുണ്ടായ സാഹചര്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 27/2021-22, 19.04.2023)ക്ക് നെൽകൃഷി ചെയ്യുന്നതിനായി വിത്ത് വിതയ്ക്കുന്ന സാഹചര്യങ്ങളിൽ കാലാവസ്ഥയ്ക്ക് അനുസൃതമായി ഹെക്ടറിന് 100Kg വരെ വിത്ത് ആവശ്യമുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ പദ്ധതി രൂപീകരണ ഫോറം പ്രകാരം ഹെക്ടർ ഒന്നിന് 80 Kg വീതം 14 ഹെക്ടറിന് 1120 Kg എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിത്ത് അധികം വാങ്ങിയത് ശരിയായ പ്രവണതയല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. രണ്ടാം വിളയ്ക്കായി 32760/- രൂപയുടെ വിത്ത് (ഒരു കിലോഗ്രാമിന് 42രൂപ നിരക്കിൽ 780 Kg) കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി, തൃശ്ശൂർ നിന്നും 06.10.2021ൽ വാങ്ങി. 9.75 ഹെക്ടറിനാണ് വിത്ത് നൽകിയിട്ടുള്ളത്.

2. വിത്ത് വിതരണ രജിസ്റ്റർ പ്രകാരം അഞ്ച് പാടശേഖര സമിതിക്കാണ് വിത്ത് നൽകിയിട്ടുള്ളത്. എന്നാൽ ഏഴ് കർഷകർക്കാണ് കൂലിചെലവ് സബ്സിഡി നൽകിയിട്ടുള്ളത്. അഞ്ച് പാടശേഖര സമിതിയ്ക്കും ആറ്റിങ്ങൽ ഗവ.കോളേജിന്റെ എൻ എസ് എസ് യൂണിറ്റ്, ചിറ്റാറ്റിൻകര കർഷക ഗ്രൂപ്പ് എന്നിവർക്കാണ് കൂലിചെലവ് സബ്സിഡി നൽകിയിട്ടുള്ളത്. എന്നാൽ പദ്ധതി രൂപീകരണ ഫോറം പ്രകാരം അഞ്ച് പാടശേഖരസമിതി മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഒരു ഹെക്ടറിന് 17000/- രൂപ പരമാവധി നൽകുന്നതിനാണ് പ്രോജക്ട്. എന്നാൽ കർഷകരുടെ കൃഷിഭൂമിയുടെ വിസ്തൃതി, അക്കൗണ്ട് വിവരങ്ങൾ , കരമടച്ച രസീത് എന്നിവ സംബന്ധിച്ച വിശദാംശം ഫയലിലില്ല. കൂടാതെ ഗുണഭോക്തൃ പട്ടിക, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവയും ഫയലിൽ ലഭ്യമല്ല. പാടശേഖരസമിതിയിലെ ഒരു കർഷകന്റെ പേരിലാണ് തുക കൈമാറിയിട്ടുള്ളത്. ആയത് അർഹതപ്പെട്ട എല്ലാവർക്കും ലഭിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. അടിയന്തിര സാഹചര്യത്തിലാണ് ആറ്റിങ്ങൽ ഗവ.കോളേജിന്റെ എൻ എസ് എസ് യൂണിറ്റ്, ചിറ്റാറ്റിൻകര കർഷക ഗ്രൂപ്പ് എന്നിവരെ കൂലിച്ചെലവ് സബ്സിഡിക്കായി തെരഞ്ഞെടുത്തതെന്ന് മേൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. എന്നാൽ പദ്ധതി ആയത് പ്രകാരം റിവൈസ് ചെയ്തിട്ടില്ല.

3. 421125/- രൂപയ്ക്ക് ജൈവവളം (31600 Kg @ ₹ 15, 474000) 355500/- രൂപ (75%) സബ്സിഡി നിരക്കിലും , കുമ്മായം (8750 Kg @15,131250) 65625/- രൂപ (50%) സബ്സിഡി നിരക്കിലും ഇടക്കോട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ അവയുടെ വിതരണം സംബന്ധിച്ച് യാതൊരു വിശദാംശവും ഫയലിൽ ലഭ്യമല്ല. അവ കർഷകർക്ക് ലഭ്യമാക്കിയതിന്റെ വിശദാംശം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ പദ്ധതിയുടെ നടത്തിപ്പ്, യഥാർത്ഥ ഗുണഭോക്താക്കൾക്കാണോ ആനുകൂല്യം ലഭിച്ചത് എന്നിവ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. അതിനാൽ പദ്ധതിക്ക് ചെലവായ 739885/- രൂപ തടസ്സപ്പെടുത്തുന്നു.ആവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-64 സുഭിക്ഷ കേരളം- പച്ചക്കറി വികസനം- ജീവനി - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0072/21 -22 |
| പ്രോജക്ടിന്റെ പേര് | സുഭിക്ഷ കേരളം- ജീവനി പച്ചക്കറി കൃഷി |
| അടങ്കൽ | 300000(വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 300000 |
| ബിൽ നമ്പർ | 109/17.11.21 – 300000 |
| നിർവ്വഹണം | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ |

നഗരസഭാ പരിധിയിലെ 100 അയൽക്കൂട്ടങ്ങൾക്ക് ഒരു ലക്ഷം വിവിധയിനം പച്ചക്കറി തൈകൾ വിതരണം ചെയ്ത് പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതോടൊപ്പം ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്. പച്ചക്കറി തൈകൾ സർക്കാർ ഫാമുകളിൽ നിന്നോ സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റ് ഏജൻസികളിൽ നിന്നോ വാങ്ങി നൽകുന്നതാണ് പദ്ധതി. ചിറ്റുമല ബ്ലോക്ക് ഫെഡറേറ്റഡ് ക്ലസ്റ്റർ ഹൈടെക്ക് നഴ്സറിയിൽ നിന്നുമാണ് ഇവിടെ തൈകൾ വാങ്ങിയിട്ടുള്ളത്. തൈ ഒന്നിന് 3/- രൂപാ നിരക്കിൽ പച്ചക്കറി 100000 എണ്ണം വാങ്ങി 100 കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ 172 കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് 100 യൂണിറ്റുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 15/2021-22, 17.04.2023) ക്ക് കൃഷിയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കാണ് തൈകൾ നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്.

2. സ.ഉ (കൈ) നമ്പർ 22/ 2018/തസ്വഭവ തീയതി 14.02.2018 6.1.4 പ്രകാരം സ്ഥലവിസ്തൃതിയുടെ അടിസ്ഥാ നത്തിലാണ് വിതരണം ചെയ്യുന്ന തൈകളുടെ എണ്ണം തീരുമാനിക്കുന്നത്. കുടുംബശ്രീ യൂണിറ്റുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണോ തൈകൾ വിതരണം ചെയ്തത് എന്ന് വ്യക്തമല്ല.

3. 1000 തൈകൾ വീതം ഓരോ കുടുബശ്രീ യൂണിറ്റും കൈപ്പറ്റി എന്നതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അഭാവത്തിൽ പച്ചക്കറി തൈവിതരണം എന്ന പദ്ധതിയുടെ ഉദ്ദേശ്യം കൈവരിച്ചോ എന്നത് സംബന്ധിച്ചും വ്യക്തതയില്ല.

പദ്ധതി നടത്തിപ്പിൽ കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റേയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും അനിവാര്യ ശ്രദ്ധ ക്ഷണിക്കുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-65 ഓണം സമൃദ്ധി പച്ചക്കറി തൈ വിതരണം (വനിതകൾ)- അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0072/21 -22 |
| പ്രോജക്ടിന്റെ പേര് | ഓണം സമൃദ്ധി പച്ചക്കറി തൈ വിതരണം (വനിതകൾ) |
| അടങ്കൽ | 300000(വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 300000 |
| ബിൽ നമ്പർ | 110/17.11.21 – 300000 |
| നിർവ്വഹണം | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ |

പച്ചക്കറി തൈകൾ സർക്കാർ ഫാമുകളിൽ നിന്നോ സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റ് ഏജൻസികളിൽ നിന്നോ വാങ്ങി നൽകുന്നതാണ് പദ്ധതി. ഒരു സെന്റിന് 20 തൈകൾ വീതം സെന്റ് അനുപാതത്തിൽ വനിതകൾക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ചിറ്റുമല ബ്ലോക്ക് ഫെഡറേറ്റഡ് ക്ലസ്റ്റർ ഹൈടെക്ക് നഴ്സറിയിൽ നിന്നും തൈ ഒന്നിന് 3/- രൂപാ നിരക്കിൽ വാങ്ങി 31 വാർഡ് കൌൺസിലർമാർക്ക് നൽകി. 31 വാർഡ് കൌൺസിലർമാരും 3325 എണ്ണം വീതം തൈകൾ ചിറ്റുമല ബ്ലോക്ക് ഫെഡറേറ്റഡ് ക്ലസ്റ്റർ ഹൈടെക്ക് നഴ്സറിയിൽ നിന്നും കൈപ്പറ്റിയതായി രസീത് ഹാജരാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്നവയ്ക്ക് കൂടുതൽ വ്യക്തത ആവശ്യമാണ്.

1. നേരിട്ട് ഗുണഭോക്താക്കളെ കണ്ടെത്തി അപേക്ഷ സ്വീകരിച്ച് ആനുകൂല്യം നൽകുന്നതിന് പകരം വാർഡ് കൌൺസിലർമാർക്ക് തൈകൾ വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി (നം 16 /2021-22, 17.04.2023)ക്ക് കൊറോണ സാഹചര്യമായിരുന്നതിനാലാണ് ഇത്തരത്തിൽ തൈകൾ വിതരണം ചെയ്തത് എന്ന് മറുപടി നൽകി. കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ പട്ടിക, അപേക്ഷകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഒരു സെന്റിന് 20 തൈകൾ വീതം വസ്തുവിനാനുപാതികമായാണോ തൈകൾ വിതരണം ചെയ്തത് എന്ന് വ്യക്തമല്ല. കൂടാതെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ തൈകൾ വിതരണം ചെയ്തത് എന്നും വ്യക്തമല്ല.

3. ഓണം സമൃദ്ധി പച്ചക്കറി തൈ വിതരണം നടത്തിയിട്ടുള്ളത് 01/2022 ലാണ്. പദ്ധതിയുടെ ഉദ്ദേശ്യം പൂർത്തീകരിക്കുന്നില്ല.

4. തൈകൾ വാങ്ങൽ, തൈകളുടെ ഗുണമേന്മ എന്നിവ സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ടും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിൽ കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റേയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും അനിവാര്യ ശ്രദ്ധ ക്ഷണിക്കുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-66 കുറ്റികുരുമുളക് കൃഷി- വനിതകൾക്ക് - 242000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S00238/21 -22 |
| പ്രോജക്ടിന്റെ പേര് | കുറ്റികുരുമുളക് കൃഷി- വനിതകൾക്ക് |
| അടങ്കൽ | 242016 ( വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 242000 |
| ബിൽ നമ്പർ | 309/11.03.2022 – 242000 |

| | |
|---|---|
| നിർവ്വഹണം | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ |

സുഗന്ധ വിളകളുടെ വ്യാപനം ലക്ഷ്യം വെച്ച് വിഭാവനം ചെയ്ത പദ്ധതി പ്രകാരം അഞ്ച് തൈകൾ ഒരു യൂണിറ്റായി ഒരു വാർഡിൽ 10 യൂണിറ്റ് വീതം 31 വാർഡുകളിലായി നൽകുന്നു. ഇപ്രകാരം നഗരസഭയിലെ മുഴുവൻ വാർഡുകളിലും കുറ്റികുരുമുളക് കൃഷി വ്യാപിപ്പിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം 08.03.2022 ൽ 131 നമ്പർ ഇൻവോയ്സ് പ്രകാരം ചിറ്റുമല ബ്ലോക്ക് ഫെഡറേറ്റഡ് ക്ലസ്റ്റർ ഹൈടെക്ക് നഴ്സറിയിൽ നിന്നും 150/- രൂപാ നിരക്കിൽ 1667 എണ്ണം കുറ്റികുരുമുളക് വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തിട്ടുമുണ്ട്. എന്നാൽ പ്രസ്തുത തൈകൾ വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമല്ല. കൂടാതെ തൈകൾ കൈപ്പറ്റിയ ഗുണഭോ ക്താക്കളുടെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 17/2021-22, 17.04.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. വിതരണ വിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 242000 /- രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-67 കുറ്റികുരുമുളക് കൃഷി- വനിതകൾക്ക്- 6000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0075/21 -22 |
| പ്രോജക്ടിന്റെ പേര് | കുറ്റികുരുമുളക് കൃഷി- വനിതകൾക്ക് |
| അടങ്കൽ | 465000 ( വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 465000 |
| ബിൽ നമ്പർ | 111/17.11.2021 – 465000 |
| നിർവ്വഹണം | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ |

സുഗന്ധ വിളകളുടെ വ്യാപനം ലക്ഷ്യം വെച്ച് വിഭാവനം ചെയ്ത പദ്ധതി പ്രകാരം അഞ്ച് തൈകൾ ഒരു യൂണിറ്റായി ഒരു വാർഡിൽ 20 യൂണിറ്റ് വീതം 31 വാർഡുകളിലായി നൽകുന്നു. ഇപ്രകാരം നഗരസഭയിലെ മുഴുവൻ വാർഡുകളിലും കുറ്റികുരുമുളക് കൃഷി വ്യാപിപ്പിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം 15.11. 2021 ൽ 89 നമ്പർ ഇൻവോയ്സ് പ്രകാരം ചിറ്റുമല ബ്ലോക്ക് ഫെഡറേറ്റഡ് ക്ലസ്റ്റർ ഹൈടെക്ക് നഴ്സറിയിൽ നിന്നും 150/- രൂപാ നിരക്കിൽ 3100 എണ്ണം കുറ്റികുരുമുളക് വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തിട്ടുമുണ്ട്. പ്രസ്തുത തൈകൾ വാർഡ് കൌൺസിലർമാർക്ക് നൽകി അവർ മുഖാന്തിരമാണ് വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കൾക്ക് കുരുമുളക് തൈകൾ വിതരണം ചെയ്തതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. കൂടാതെ തൈകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. നേരിട്ട് ഗുണഭോക്താക്കളെ കണ്ടെത്തി അപേക്ഷ സ്വീകരിച്ച് ആനുകൂല്യം നൽകുന്നതിന് പകരം വാർഡ് കൗൺസിലർമാർക്ക് വിതരണം ചെയ്യാനുണ്ടായ സാഹചര്യം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 19/2021-22, 17.04.2023)ക്ക് ലഭ്യമാക്കിയ മറുപടിയിൽ കൊറോണ കാലയളവായതിനാലാണ് കൌൺസിലർ മുഖാന്തിരം തൈകൾ നൽകിയതെന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. 11/2021 ൽ കൊറോണ സമയത്തെ നിബന്ധനകൾ പിൻവലിച്ച സമയമായിരുന്നു. കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രകാരം ആനുകൂല്യം നൽകിയവരുടെ പട്ടിക, അവർ സമർപ്പിച്ച അപേക്ഷകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. കൌൺസിലർമാരുടെ കൈപ്പറ്റ് രസീത് പരിശോധിച്ചതിൽ 3060 എണ്ണം കുരുമുളക് മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. എന്നാൽ 3100 എണ്ണം ലഭിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 6000/- രൂപയുടെ കുരുമുളക് തൈകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നത് വരെ 6000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പദ്ധതി നടത്തിപ്പിൽ കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റേയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും അനിവാര്യ ശ്രദ്ധ ക്ഷണിക്കുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-68 കാലിത്തൊഴുത്ത് നവീകരണം-മാർഗ്ഗരേഖ പാലിക്കാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു

| | |
|---|---|
| പ്രോജക്ട് നം. | 25 |
| പേര് | കാലിത്തൊഴുത്ത് നവീകരണം(എസ്.സി.പി) |
| അടങ്കൽ തുക | വികസനഫണ്ട് (എസ്.സി.പി) 450000<br>ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) 300000 |

| | |
|---|---|
| ചെലവ് തുക | ബിൽ നം 176/5.1.2022-30000<br>274/3.3.2022-30000<br>390/26.3.2022- 60000<br>ആകെ 120000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ |

എസ്.സി.പി ഗുണഭോക്താക്കൾക്ക് കാലിത്തൊഴുത്ത് നവീകരണത്തിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ ആനുകൂല്യം നൽകിയിട്ടുള്ള ശ്രീമതി. അജിത കുമാരി, ശ്രീമതി. സതി എന്നീ ഗുണഭോക്താക്കൾ ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി കാലയളവിന്റെ അവസാനം വരെ ആകെ ഒരാൾ മാത്രമേ വന്നിട്ടുണ്ടായിരുന്നുള്ളൂവെന്നും തുക ലാപ്സാവാതിരിക്കാൻ കൗൺസിലിന്റെ അനുമതിയോടെ താൽപര്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ വീണ്ടും പത്രപ്പരസ്യം ചെയ്ത് കൗൺസിലിന്റെ അറിവോടെ കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്തുകയാണ് ഉണ്ടായതെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. ശ്രീമതി സതി, ശ്രീമതി അജിതകുമാരി എന്നിവർ ഇപ്രകാരം കൗൺസിലിന്റെ അംഗീകാരം ലഭിച്ച ഗുണഭോകതാക്കളാണെന്നും കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 17/2018 തസ്വഭവ തീയതി 02.02.2018] ഖണ്ഡിക 11.3 ൽ ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ വാർഡ്സഭയ്ക്കുള്ള അധികാരങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അപ്രകാരം വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരാണോ മേൽ പരാമർശിച്ച ഗുണഭോക്താക്കളെന്ന് മറുപടിയിൽ വ്യക്തമല്ല. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-69 ലൈഫ് മൂന്നാംഘട്ടം - ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങി നൽകൽ (എസ് സി) - സർക്കാർ ഉത്തരവ് പ്രകാരമുള്ള മുഴുവൻ രേഖകളും ഫയലിലിൽ സൂക്ഷിച്ചിട്ടില്ല

പ്രോജക്റ്റ്നം258/22
പ്രോജക്റ്റിന്റെ പേര് -ലൈഫ് ഫേസ് 3 - എസ് സി സപ്ളിമെന്ററി ലിസ്റ്റിൽ പെട്ട ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങി നൽകൽ

അടങ്കൽ- 3600000 ( SCP)

ചെലവ്- 3599000( SCP)
നിർവ്വഹണ ഉദ്യോഗസ്ഥൻ – പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജന സെൽ

ആറ്റിങ്ങൽ നഗര സഭയിലെ പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ടതും സ്വന്തമായി ഭൂമി ഇല്ലാത്തതുമായ ഒരു കുടുംബത്തിന് 3 ലക്ഷം വീതം ആകെ 12 പേർക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1. ഗുണഭോക്താക്കൾക്ക് മുൻപ് ഭൂമി വാങ്ങുന്നതിന് ആനുകൂല്യം നൽകിയിട്ടില്ല എന്നുള്ള പട്ടിക ജാതി വികസന ഓഫീസറുടെ സാക്ഷ്യ പത്രത്തിൽ 2014-15 വർഷം മുതൽ ഭൂമിക്ക് ധനസഹായം ലഭിച്ചിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ മുൻ വർഷങ്ങളിൽ പ്രസ്തുത ആനുകൂല്യം അനുവദിച്ചോ എന്നുള്ളത് ഉറപ്പു വരുത്താനുതകുന്ന രേഖകളില്ല.സർക്കാർ ഉത്തരവ് പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങളിൽ മുൻപ് സർക്കാരോ, തദ്ദേശ സ്ഥാപനങ്ങളോ നൽകിയ വീടോ, ഭൂമിയോ വിൽപന നടത്തുകയോ നിയമാനുസൃത അവകാശികൾക്കൊഴികെ കൈമാറ്റം ചെയ്ത് ഭൂരഹിതരായവർക്ക് വീണ്ടും ഭൂമി നൽകാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 59/25-4-23) മറുപടിയായി സാക്ഷ്യപത്രം വേണമെന്ന് അറിവില്ലായിരുന്നു വെന്നും മുൻ കാലങ്ങളിൽ ധന സഹായം നൽകിയിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയതിനു ശേഷമാണ് ആനുകൂല്യം നൽകിയതെന്നും തുടർ വർഷങ്ങളിൽ വ്യവസ്ഥ കർശനമായും പാലിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

2. ആനുകൂല്യം കൈപ്പറ്റിയ 12 പേരുടെയും പേർക്ക് വാങ്ങിയ ഭൂമി ടിയാരുടെ പേരിലേക്ക് മാറ്റിയതിന്റെ പൊസഷൻ സർട്ടിഫിക്കറ്റ് ഫയലിലില്ല. പൊസഷൻ സർട്ടിഫിക്കറ്റ് വാങ്ങി ഫയലിലിൽ സൂക്ഷിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഫയലിലില്ല.ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം കുറഞ്ഞത് 10 വർഷത്തെ, ഭൂമിയുടെ ബാദ്ധ്യത സർട്ടിഫിക്കറ്റ് ഭൂമി നൽകുന്നയാളിൽ നിന്നും വാങ്ങി വെക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖ 12 ഗുണഭോക്താക്കളുടെയും ഫയലിലില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

5 ഷീബ .സി.വി, പുത്തൻ വീട് എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് നം 117066967 ൽ തദ്ദേശ സ്ഥാപനം കിഴുവില്ലം ഗ്രാമ

പഞ്ചായത്ത് എന്നാണ് രേഖപ്പെടുത്തി കാണുന്നത്. പ്രസ്തുത ഗുണഭോക്താവ് ആറ്റിങ്ങൽ നഗര സഭയിൽ സ്ഥിര താമസക്കാരിയാണെന്നതിന്റെ രേഖ ലഭ്യമാക്കേണ്ടതാണ്. വേണു, വടക്കെ വിള വീട്, കണ്ണങ്കര ക്കോണം എന്ന ഗുണഭോക്താവിന് മുൻപ് ഭൂമി വാങ്ങുവാൻ ധനസഹായം അനുവദിച്ചിട്ടില്ല എന്നുള്ള സെക്രട്ടറിയുടെ സാക്ഷ്യ പത്രം ഇല്ല.

6. ഭൂരഹിത ഭവന രഹിതരുടെ അർഹത പരിശോധന റിപ്പോർട്ട്, അനുബന്ധം 2 പ്രകാരമുള്ളത് എല്ലാ ഫയലുകളിലും വച്ചിട്ടില്ല.

7.എല്ലാ ഫയലുകളിലും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചീനീയറുടെ നിശ്ചിത മാതൃകയിലുള്ള അനുയോജ്യതാ സാക്ഷ്യ പത്രം ഇല്ല.

8. മേൽ പറഞ്ഞ ഗുണഭോക്താക്കളിൽ എത്ര പേർക്ക് തുടർ വർഷങ്ങളിൽ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നുള്ളതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് "ആർക്കും 2021-22 വർഷം ആനുകൂല്യം അനുവദിച്ചിട്ടില്ല" എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പറഞ്ഞ അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-69-1 ലൈഫ് പദ്ധതി മൂന്നാം ഘട്ടം- ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ - (ജനറൽ)

## സർക്കാർ ഉത്തരവു പ്രകാരമുള്ള മുഴുവൻ രേഖകളും ഫയലിൽ വച്ചിട്ടില്ല

പദ്ധതി നം- 51/22

പദ്ധതിയുടെ പേര്-ലൈഫ് മൂന്നാംഘട്ടം ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങി നൽകൽ (ജനറൽ)

അടങ്കൽ- 324000 (ജനറൽ)

ചെലവ്- 3231900 (ജനറൽ)

ഫണ്ടിനം- വികസന ഫണ്ട് (ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ – പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജന സെൽ
എൻക്വയറി നം. – 62/25.04.2023

ആറ്റിങ്ങൽ നഗരസഭ പരിധിയിൽ താമസിക്കുന്ന ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടതും സ്വന്തമായി ഭൂമി ഇല്ലാത്തതുമായ ഒരു കുടുംബത്തിന് 2.70 ലക്ഷം വീതം ആകെ 12 പേർക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1. ഗുണഭോക്താക്കൾക്ക് മുൻപ് ഭൂമി വാങ്ങുന്നതിന് ആനുകൂല്യം നൽകിയിട്ടില്ല എന്നുള്ള സെക്രട്ടറിയുടെ സാക്ഷ്യ പത്രം എല്ലാ ഫയലുകളിലും വച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങളിൽ മുൻപ് സർക്കാരോ, തദ്ദേശ സ്ഥാപനങ്ങളോ നൽകിയ വീടോ, ഭൂമിയോ വിൽപന നടത്തുകയോ നിയമാനുസൃത അവകാശികൾക്കൊഴികെ കൈമാറ്റം ചെയ്ത് ഭൂരഹിതരായവർക്ക് വീണ്ടും ഭൂമി നൽകാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അത്തരത്തിൽ സാക്ഷ്യ പത്രം വേണമെന്ന് അറിവില്ലായിരുന്നു എന്നാണ്. മേൽ പ്രകാരമുള്ള രേഖ വാങ്ങി ഫയലിലിൽ സൂക്ഷിക്കേണ്ടതാണ്.

2. ആനുകൂല്യം കൈപ്പറ്റിയ 12 പേരുടെയും പേർക്ക് വാങ്ങിയ ഭൂമി ടിയാരുടെ പേരിലേക്ക് മാറ്റിയതിന്റെ പൊസഷൻ സർട്ടിഫിക്കറ്റ് ഫയലിലില്ല. പോക്കു വരവ് നടത്തുന്നതിനായി സമർപ്പിച്ച രേഖയുടെ പകർപ്പ് ഫയലിലില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഫയലിലില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം കുറഞ്ഞത് 10 വർഷത്തെ, ഭൂമിയുടെ ബാദ്ധ്യത സർട്ടിഫിക്കറ്റ് ഭൂമി നൽകുന്നയാളിൽ നിന്നും വാങ്ങി വെക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖ 12 ഗുണഭോക്താക്കളുടെയും ഫയലിലില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

5. എല്ലാ ഫയലുകളിലും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിശ്ചിത മാതൃകയിലുള്ള അനുയോജ്യതാ സാക്ഷ്യ പത്രം ഇല്ല. ആയവ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

6. പദ്ധതി പ്രകാരം ശ്രീ. ബാബു . വി . ദീപക് നിവാസ് അവനവൻഞ്ചേരി എന്ന വ്യക്തി 4 ഗുണഭോക്താക്കൾക്കായി സർവ്വേ നം -2111/5 ലുള്ള 4.86 ആർ ഭൂമി കൈമാറിയിട്ടുണ്ട്. മേൽ പറഞ്ഞ സർവ്വേ നമ്പറിലുള്ള ഭൂമിയുടെ പൊസഷൻ സർട്ടിഫിക്കറ്റിൽ വേലുക്കുട്ടി മകൻ വാസുദേവൻ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആധാർ കാർഡ്, ബാങ്ക് രേഖകൾ, ആധാരം എന്നിവയിൽ വാസുദേവൻ എന്ന പേരുള്ള ബാബു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. മേൽ പറഞ്ഞ രണ്ടു വ്യക്തികളും ഒന്നാണെന്നു കാണിക്കുന്ന One And The Same Certificate ഫയലിലില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

7 ആനുകൂല്യം കൈപ്പറ്റിയ ജയശ്രീ. കിഴക്കേ മോഴത്തറ വീട് എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് നം – 1104001349 പ്രകാരം തദ്ദേശ സ്ഥാപനം കിഴുവില്ലം ഗ്രാമ പഞ്ചായത്ത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആറ്റിങ്ങൽ നഗര സഭയിൽ സ്ഥിര താമസക്കാരിയാണെന്നതിന്റെ രേഖ ലഭ്യമാക്കേണ്ടതാണ്.

8. മേൽ പറഞ്ഞ ഗുണഭോക്താക്കളിൽ എത്ര പേർക്ക് തുടർ വർഷങ്ങളിൽ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധന സഹായം അനുവദിച്ചിട്ടുണ്ട് എന്നുള്ളതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ രേഖകൾ എല്ലാം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-70 പി എം എ വൈ പദ്ധതി – സുലേഖ പ്രകാരം ചെലവുണ്ടെങ്കിലും തുക ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 269/22 |
| പ്രോജക്റ്റിന്റെ പേര് | ഭവന നിർമ്മാണം -ലൈഫ് PMAY പദ്ധതി- (SCP) (NEW) |
| അടങ്കൽ | 2400000 (SCP)<br>1800000 (കേന്ദ്ര ഫണ്ട്)<br>600000 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |

| | |
|---|---|
| ചെലവ് | 2400000 (SCP) |
| ബിൽ നം | 319/14-3-22 |
| ഫണ്ടിനം | (SCP) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |

ആറ്റിങ്ങൽ നഗരസഭ പ്രോജക്റ്റ് ഓഫീസറുടെ 15-3-22 ലെ UPA 3801/21 ഉത്തരവു പ്രകാരം ആറ്റിങ്ങൽ നഗര സഭ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാന മന്ത്രി ആവാസ് യോജന ( നഗരം) ലൈഫ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നഗര സഭ പുതിയതായി തയ്യാറാക്കിയിട്ടുള്ള ഡി പി ആറിൽ പട്ടിക ജാതി യിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക വേണ്ടി വികസന ഫണ്ടിൽ (SCP) നിന്നും വകയിരുത്തിയിട്ടുള്ള 2400000 രൂപ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പി എഫ് എം എസ് സോഫ്റ്റ് വെയറുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ള ICICI ബാങ്ക് ആറ്റിങ്ങൽ ബ്രാഞ്ച് അക്കൌണ്ട് നം - 075201000900എന്ന അക്കൌണ്ടിലേക്ക് മാറ്റി ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെയും മേൽ പ്രകാരം വികസന ഫണ്ടിലെ തുക സ്വകാര്യ ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യതിന് അടിസ്ഥാനമാക്കിയ സർക്കാർ ഉത്തരവും ലഭ്യമല്ല. മേൽ പരാമർശിച്ച രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 67/25-4-23 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രകാരമുള്ള തുകയുടെ വിതരണ വിവരവും, ബന്ധപ്പെട്ട സർക്കാർ ഉത്തരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-71 പി എം എ വൈ പദ്ധതി -അവലോകനം

1. വരവ് ചെലവ് വിവരം

| സാമ്പത്തിക വർഷം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 2021-22 | 10440000 | 9960000 | 480000 |

2. 2021-22 കാലയളവിൽ പി.എം.എ.വൈ പദ്ധതിയ്ക്കായി ലഭിച്ച വരവ് വിഹിതങ്ങളുടെ വിശദാംശങ്ങൾ

| സാമ്പത്തിക വർഷം | തദ്ദേശ വിഹിതം- ജനറൽ | തദ്ദേശ വിഹിതം- എസ്.സി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | Other Fund | പലിശ | ആകെ |
|---|---|---|---|---|---|---|---|
| 2021-22 | 2000000 | 3080000 | 4020000 | 1340000 | -- | -- | 10440000 |

പി.എം.എ.വൈ (നഗരം) പദ്ധതിയുടെ 1 മുതൽ 8 വരെയുള്ള DPR പ്രകാരമുള്ള പുരോഗതി .

| DPR | അംഗീകാരം ലഭിച്ചത് | കരാറിൽ ഏർപ്പെട്ടത് | ആദ്യ ഗഡു കൈപ്പറ്റിയവർ | രണ്ടാം ഗഡു കൈപ്പറ്റിയവർ | മൂന്നാം ഗഡു കൈപ്പറ്റിയവർ | നാലാം ഗഡു കൈപ്പറ്റിയവർ | പൂർത്തിയാക്കിയവർ | പൂർത്തിയാക്കാത്തവർ |
|---|---|---|---|---|---|---|---|---|
| 1 2014-15 | 36 | 36 | 36 | 36 | 36 | 36 | 36 | 0 |
| 2 2015-16 | 29 | 29 | 29 | 29 | 29 | 29 | 29 | 0 |
| 3 2016-17 | 47 | 47 | 47 | 47 | 47 | 47 | 47 | 0 |
| 4 2017-18 | 16 | 16 | 16 | 16 | 16 | 16 | 16 | 0 |
| 5 2018-19 | 20 | 20 | 20 | 20 | 20 | 20 | 20 | 0 |
| 6 2019-20 | 58 | 56 | 56 | 56 | 56 | 56 | 56 | 2 |
| 7 | 65 | 65 | 65 | 57 | 55 | 51 | 51 | 14 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2020-21 | | | | | | | | |
| 8<br>2021-22 | 103 | 67 | 67 | 60 | 23 | 0 | 0 | 103 |

2020-21 വരെ ആദ്യഗഡു കൈപ്പറ്റിയവരിൽ (മൂന്ന വർഷത്തിലേറെയായിട്ടും) 16 ഗുണഭോക്താക്കൾ ഇനിയും വീട്ടുപണി പൂർത്തീകരിയ്ക്കാത്തതായുണ്ട്. വീട്ടുപണി പൂർത്തീകരിയ്ക്കാത്തവരുടെ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| സ്ഥാപനം | പ്രോജക്ട് നമ്പർ/പേര് | മുൻകൂർ നൽകിയ തുക | ചെലവ് തുക | ബാലൻസ് |
|---|---|---|---|---|
| KWA | 220/22 നഗരസഭയിലെ വാർഡുകളിൽ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 186200 | 1625569 | 736431 (ബാലൻസ് തുക 2022-23 വർഷം തിരികെ ലഭിച്ചു. |
| KSEB | 230/22 നഗരസഭയിലെ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ | 704271 | UC ലഭിച്ചിട്ടില്ല | 704271 |

2019-20 സാമ്പത്തിക വർഷം 500000/- രൂപയും 2021-22 സാമ്പത്തിക വർഷം 1862000/- രൂപയും പൈപ്പ്ലൈൻ നീട്ടൽ പദ്ധതിയ്ക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. രണ്ട് വർക്കിനും കൂടി ആകെ 2362000/- രൂപ ഡെപ്പോസിറ്റ് ചെയ്തു. ഇവയുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 1625569/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ബാലൻസ് തുക 736431/- രൂപ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടുണ്ട്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ-വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വരവ് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക (മുതൽ, പലിശ) | ബാക്കി |
|---|---|---|---|---|---|
| PMAY HUDCO | Go(Rt)No.5206/2021 | | 10373332 @ | 853333 | 9519999 * |

| | | | | | |
|---|---|---|---|---|---|
| Loan | Dt.30.07.21 (ലോൺ തിരിച്ചടവ് ഉത്തരവ്)<br>Go(Rt)No.22/22 Dt.01.01.22<br>(ലോൺ തിരിച്ചടവ് ഉത്തരവ്) | | | | |
| ടൗൺ ഹാൾ നവീകരണം | | 10000000 | 21716708 | 856704 | 30860004** |

* HUDO Loan CB AFS പ്രകാരം 9520000/- രൂപയാണ്. 1 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

** ടൗൺ ഹാൾ നവീകരണം, AFS B5 പ്രകാരം CB 31254315/- രൂപയാണ്. 394311/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

@ AFS പ്രകാരം 10373333/-.

ടൗൺ ഹാൾ നവീകരണം, രജിസ്റ്റർ പ്രകാരം മുന്നിരിപ്പ് 32111019/- രൂപയും, തൻവർഷ വരവ് 10000000/- രൂപയും തിരിച്ചടവ് 859383/- രൂപയും CB 31251236/- രൂപയാണ്. രജിസ്റ്ററും AFS ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സൂചിപ്പിച്ച വ്യത്യാസം വിശദമാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

| നമ്പർ | തുക | നിക്ഷേപ തീയതി | മെച്യൂരിറ്റി തീയതി | പലിശ നിരക്ക് |
|---|---|---|---|---|
| JL 0581416<br>സബ് ട്രഷറി<br>ആറ്റിങ്ങൽ | 99900 | 30.01.2021 | 30.01.2026 | 8.5% |

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|---|
| 1. | 2015-16 | ഖ.3.4 | 28191 | ശ്രീമതി.റാണി.ജി,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം കോർപ്പറേഷൻ | 121010103443<br>തീയതി. 23.09.2021(11511/- രൂപ)<br>121010102623<br>തീയതി.01.09.2021 (16680/- രൂപ) |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 4.7.1 | 2006-07 | 4.7.1 | ചേരി വികസനം - വൈദ്യുതി ലൈൻ നീട്ടൽ | 20.12.2021-ലെ 2-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഖണ്ഡിക ഒഴിവാക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 83197733.45 രൂപ |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 272141515 രൂപ |
| ആകെ | 355339248.45 രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 283363246 രൂപ |
| നീക്കിയിരിപ്പ് | 71976002.45 രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8537523 രൂപ |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 4999546 | ശ്രീമതി സിനി.പി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-47 | 490000 | ശ്രീ.ബി.അജയ കുമാർ, ഹെൽത്ത് സൂപ്പർവൈസർ |
| 1-49 | 87205 | ശ്രീ.ബി.അജയ കുമാർ, ഹെൽത്ത് സൂപ്പർവൈസർ |
| 1-51 | 600000 | ശ്രീ.ബി.അജയ കുമാർ, ഹെൽത്ത് സൂപ്പർവൈസർ |
| 1-52 | 161635 | ശ്രീ.ബി.അജയ കുമാർ, ഹെൽത്ത് സൂപ്പർവൈസർ |
| 1-55 | (501781 + 40789)<br>542570 | ശ്രീ. ജസ്റ്റിൻ ജോസ്, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| 1-56 | 441984 | ശ്രീ. ജസ്റ്റിൻ ജോസ്, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| 1-58 | 226698 | ശ്രീ.ബി.അജയ കുമാർ, ഹെൽത്ത് സൂപ്പർവൈസർ |
| 1-63 | ശ്രീ.പ്രഭ-318760<br>ശ്രീ.പ്രമോദ്-421125<br><br>ആകെ-739885 | ശ്രീ.പ്രഭ,അഗ്രി.ഫീൽഡ് ഓഫീസർ<br>ശ്രീ.പ്രമോദ്,അഗ്രി.ഫീൽഡ് ഓഫീസർ |
| 1-66 | 242000 | ശ്രീ.പ്രമോദ്,അഗ്രി.ഫീൽഡ് ഓഫീസർ |
| 1-67 | 6000 | ശ്രീ.പ്രഭ,അഗ്രി.ഫീൽഡ് ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രമോദ്,<br>അഗ്രി.ഫീൽഡ് ഓഫീസർ | അഗ്രി.ഫീൽഡ് ഓഫീസർ<br>ആറ്റിങ്ങൽ മുനിസിപ്പാലിറ്റി. | പഞ്ചമി, മഞ്ചവിളാകം,<br>നെയ്യാറ്റിൻകര. |
| ശ്രീ.ബി.അജയ കുമാർ,<br>ഹെൽത്ത് സൂപ്പർവൈസർ | HS നെടുമങ്ങാട് നഗരസഭ | അഷില ഭവൻ, ആനാട്.പി.ഒ,<br>നെടുമങ്ങാട്, തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീമതി സിനി.പി, മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കായംകുളം മുനിസിപ്പാലിറ്റി | കല്ലൂർവീട് പുനക്കന്നൂർ, പെരുംപുഴ .പി.ഒ, കേരളപുരം |
| ശ്രീ. ജസ്റ്റിൻ ജോസ് .എസ്.ജെ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | - | ഏഞ്ചൽ വില്ല, TC 46/3165 കരമന.പി.ഒ, തിരുവനന്തപുരം |
| ശ്രീ.വി.എൽ. പ്രഭ, അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷി ഭവൻ, നോർത്ത് പറവൂർ | മാടവിളാകത്ത് വീട്, ചാത്തൻപാറ, തോട്ടക്കാട് .പി.ഒ, പിൻ- 695605 |

## 4-10 തീർപ്പാക്കാൻഅവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1976-77 | എൽ.എഫ്.റ്റി.ഡി.4/1260 (5)/86 തീയതി.20-06-1983 | - |
| 1977-78 | എൽ.എഫ്.റ്റി.ഡി.4/1064/84 തീയതി.24-04-1987 | - |
| 1979-80 | എൽ.എഫ്.റ്റി.ഡി.4/812/87 തീയതി.31-10-1987 | - |
| 1980-81 | എൽ.എഫ്.റ്റി.ഡി.4/951/84 തീയതി.02-05-1987 | - |
| 1981-82 | എൽ.എഫ്.റ്റി.ഡി.4/831/86 തീയതി.20-01-1987 | - |
| 1982-83 | എൽ.എഫ്.റ്റി.ഡി.4/1194/85 തീയതി.14-07-1986 | - |
| 1983-84 | എൽ.എഫ്.റ്റി.ഡി.4/746/89 തീയതി.30-06-1980 | - |
| 1984-85 | എൽ.എഫ്.റ്റി.ഡി.4/232/91 തീയതി.16-04-1991 | - |
| 1985-86 | എൽ.എഫ്.റ്റി.ഡി4/1627/92 തീയതി.23-02-1995 | - |
| 1986-87 | എൽ.എഫ്.റ്റി.ഡി.4/997/94 തീയതി.02-03-96/10-12-1997 | - |
| 1987-88 | എൽ.എഫ്.റ്റി.ഡി.4/997/94 തീയതി. 02-03-96/10-12-1997 | - |
| 1988-89 | എൽ.എഫ്.റ്റി.ഡി.13/95 തീയതി.10-04-96/31-12-1997 | - |
| 1989-90 | എൽ.എഫ്.റ്റി.ഡി.13/95 തീയതി.10-04-96/31-12-1997 | - |
| 1990-91 | എൽ.എഫ്.റ്റി.ഡി.4/917/96 തീയതി.03-09-97/09-09-1998 | - |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1203/03 തീയതി.16-03-2004 | 47 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ. | 38 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ.531/08 | 58 |
| 1999-2000 | എൽ.എഫ്.റ്റി.ഡി.എം.എൽ.696/06 തീയതി.28-04-2006 | 69 |
| 2000-01 | എൽ.എഫ്.റ്റി.ഡി.എം.എൽ.693/2005 തീയതി.03-05-2007 | 38 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ.1475/2006 തീയതി.21-07-08 | 25 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ.1343/2008 തീയതി.14-05-2009 | 21 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ.1475/14 തീയതി.20-10-2014 | 46 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ.331/2009 തീയതി.15-05-2009 | 26 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ.1412/09 തീയതി.29-09-12 | 16 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ.1413/09 തീയതി.03-07-12 | 22 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ.958/13 തീയതി.13-01-2014 | 14 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ.1708/14 തീയതി.14-12-14 | 19 |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ.23/15 തീയതി.04-09-15 | 14 |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ.1999/14 തീയതി.15-12-2014 | 21 |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14 തീയതി.18-12-14 | 24 |

| | | |
|---|---|---|
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ.1142/15 തീയതി.27-07-15 | 29 |
| 2013-14 | എൽ.എഫ്.റ്റി.ഡി.എം.എൽ.1467/14 തീയതി. 12-12-14 | 29 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1286/15 തീയതി.11-08-2016 | 14 |
| 2015-16 | കെ. എസ് .എ.റ്റി. വി.എം.എം.എൽ./52/2016 തീയതി 11.01.17 | 22 |
| 2016-17 | കെ. എസ്.എ.റ്റി. വി.എം.എം.എൽ./1933/2017 തീയതി 06.10.17 | 27 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/108/19 തീയതി 19.03.2019 | 51 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/2194/2019 തീയതി 05.02.2020 | 66 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./എം.എൽ.530/2022 തീയതി 20.05.2022 | 50 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./എം.എൽ./2022 തീയതി 14.07.2022 | 117 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്